# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2020 ഒക്ടോബർ 15 | ദീപം 53 | നാളം 23 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.com




# എല്ലാവരും സഹോദരർ

ഫ്രാൻസിസ് മാർപാപ്പയുടെ പുതിയ ചാക്രിക ലേഖനത്തെക്കുറിച്ച് ഒരു പഠനം







ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ


നവീകൃതമായ കണ്ടുമുട്ടലുകളുടെയും സംഭാഷണങ്ങളുടെയും പാതയിലൂടെ സാഹോദര്യത്തിലേക്കും സാമൂഹികസൗഹൃദത്തിലേക്കും സമാധാനത്തിലേക്കും ലക്ഷ്യംവയ്ക്കാൻ ഫ്രാൻസിസ് മാർപാപ്പാ തന്റെ മൂന്നാമത്തെ ചാക്രികലേഖനത്തിലൂടെ മാനവരാശിയെ ഉദ്ബോധിപ്പിക്കുന്നു.

റോമിന്റെ മെത്രാനും പത്രോസിന്റെ പിൻഗാമിയുമായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾമുതൽ ആരംഭിച്ച വിശുദ്ധ അസ്സീസിയോടുള്ള സ്നേഹം തന്റെ മൂന്നാമത്തെ ചാക്രികലേഖനത്തിലും ഫ്രാൻസിസ് പാപ്പാ പ്രകടമാക്കുന്നു. ചാക്രികലേഖനത്തിനു തലക്കെട്ട് എടുത്തിരിക്കുന്നത് വിശുദ്ധ ഫ്രാൻസിസ് അസ്സീസി തന്റെ അനുയായികൾക്കു നല്കുന്ന ഉദ്ബോധനത്തിൽനിന്നാണ്. എല്ലാവരും സഹോദരർ എന്നർഥംവരുന്ന ഇറ്റാലിയൻ വാക്കായ 'ഫ്രത്തേല്ലി തൂത്തി' എന്നാണ് തലക്കെട്ട്. ഒക്ടോബർ മൂന്നാം തീയതി ശനിയാഴ്ച അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ ദേവാലയത്തിലേക്കു കാറിൽ യാത്രചെയ്ത് അസ്സീസിയിലെത്തി അവിടെ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ കബറിടം സ്ഥിതിചെയ്യുന്ന കപ്പേളയിൽ പരിശുദ്ധ കുർബാന അർപ്പിച്ചതിനുശേഷമാണ് ഈ ചാക്രികലേഖനം ഒപ്പുവച്ചത്. നാലാം തീയതി വത്തിക്കാൻ ചത്വരത്തിൽ നടന്ന 'കർത്താവിന്റെ മാലാഖാ' പ്രാർത്ഥനയോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുകയും ചെയ്തു.

തന്റെ മുൻചാക്രികലേഖനമായ 'ലൗദാത്തോ സി' യിൽ നമ്മുടെ പൊതുഭവനമായ ഭൂമിയെക്കുറിച്ചു പഠിപ്പിക്കുന്നതിന് പാപ്പായ്ക്ക് വി.അസ്സീസി പ്രചോദനമായതുപോലെ സാമൂഹികസാഹോദര്യത്തിന്റെ പാഠം പഠിപ്പിക്കുന്ന പുതിയ ചാക്രികലേഖനത്തിനും പ്രചോദനമായത് ഫ്രാൻസിസ്കൻ ചൈതന്യമാണ് എന്ന് പാപ്പാ വ്യക്തമാക്കുന്നു. ലോകരാജ്യങ്ങളെല്ലാം വലിയ ഒരു കുടുംബത്തിന്റെ ഭാഗമായിത്തീരുന്ന ഒരു വിശ്വസാഹോദര്യത്തിന്റെ നിർദ്ദേശങ്ങൾ നല്കിക്കൊണ്ടും അതിനുമുമ്പായി ഇന്നത്തെ ലോകത്തുള്ള സാമൂഹിക സാമ്പത്തിക ദുരവസ്ഥകളെ വരച്ചുകാട്ടിക്കൊണ്ടും കത്തോലിക്കാസഭയുടെ ഒരു സാമൂഹികപ്രബോധനമായിട്ടാണ് ഈ ചാക്രികലേഖനം വിഭാവനം ചെയ്തിരിക്കുന്നത്.

നാല്പത്തയ്യായിരം വാക്കുകൾ കോർത്തിണക്കി ഇരുന്നൂറ്റിഎൺപത്തിയേഴു ഖണ്ഡികകളിലായി തയ്യാറാക്കിയിട്ടുള്ള ഈ ചാക്രികലേഖനത്തിന്റെ ആദ്യത്തെ എട്ടു ഖണ്ഡികകൾ ആമുഖമായും തുടർന്നുള്ള ഭാഗം എട്ട് അധ്യായങ്ങളായും ക്രമീകരിച്ചിരിക്കുന്നു.

## എല്ലാവരും സഹോദരർ (1-2)

ആമുഖമായി പ്രചോദനപരമായ രണ്ടു കാര്യങ്ങളാണ് പാപ്പാ പറയുന്നത്: ഫ്രാൻസിസ് അസ്സീസി തന്റെ സഹോദരീസഹോദരന്മാരെ അഭിസംബോധന ചെയ്യാൻ ഉപയോഗിച്ചിരുന്ന വാക്കുകൾ തലവാചകമായി ഉപയോഗിച്ചുകൊണ്ടും സുവിശേഷാനുസൃതമായ ജീവിതത്തിന്റെ വഴി പഠിപ്പിച്ചുകൊണ്ടും നടത്തുന്ന ഉപദേശങ്ങളിൽ എല്ലാ അതിർവരമ്പുകളെയും ഉല്ലംഘിക്കുന്ന സ്നേഹത്തിലേക്കാണ് പാപ്പാ വിളിക്കുന്നത്. സാഹോദര്യത്തിന്റെയും ലാളിത്യത്തിന്റെയും ആനന്ദത്തിന്റെയും ഈ വിശുദ്ധൻ 'അങ്ങേക്കു സ്തുതി' (ലൗദാത്തോ സി) എന്ന ചാക്രികലേഖനം എഴുതുവാൻ പ്രചോദിപ്പിച്ചതുപോലെ ഈ പുതിയ ചാക്രികലേഖനവും സാഹോദര്യത്തിനും സാമൂഹികസൗഹൃദത്തിനുംവേണ്ടി സമർപ്പിക്കാൻ തന്നെ പ്രേരിപ്പിക്കുന്നു എന്ന് പാപ്പാ പറയുന്നു. സൂര്യനെയും സമുദ്രത്തെയും കാറ്റിനെയുമെല്ലാം സഹോദരതുല്യം കണ്ടിരുന്ന വിശുദ്ധ ഫ്രാൻസിസ് മനുഷ്യവംശത്തോട് കൂടുതൽ അടുത്തുനിന്നിരുന്നു. പോകുന്നിടത്തെല്ലാം സമാധാനത്തിന്റെ വിത്തുകൾ വിതയ്ക്കുകയും ദരിദ്രന്റെയും അനാഥന്റെയും മുറിവേറ്റവന്റെയും പുറത്താക്കപ്പെട്ടവന്റെയും കൂടെ നടക്കുകയും ചെയ്തിരുന്നു. സ്ഥലങ്ങളുടെയും ദൂരത്തിന്റെയും അതിർവരമ്പുകൾക്കതീതമായ ഒരു സ്നേഹത്തിന്റെ സന്ദേശമായി അസ്സീസി തന്റെ സഹോദരങ്ങൾക്കു നല്കുന്ന ഉപദേശങ്ങളിലെ 28-ാം ഉപദേശത്തെ പുനർവ്യാഖ്യാനം ചെയ്തുകൊണ്ടാണ് പാപ്പാ ഇപ്രകാരം പറയുന്നത്.

ഇരുന്നൂറ്റിയെൺപത്തിയെട്ട് അടിക്കുറിപ്പുകളോടെ തയ്യാറാക്കിയിട്ടുള്ള ഈ ചാക്രികലേഖനത്തിൽ തന്റെതന്നെ മുൻപ്രബോധനങ്ങളും സന്ദേശങ്ങളും കൗൺസിലനന്തരപഠനങ്ങളും വി. തോമസ് അക്വീനാസിനെയും കഴിഞ്ഞ വർഷം അബുദാബിയിൽ അൽ അസർ സർവകലാശാലയുടെ മുഖ്യ ഇമാം അഹമ്മദ് അൽ തയ്യേബുമായുള്ള സംഭാഷണാനന്തരം പുറപ്പെടുവിച്ച പൊതുപ്രഖ്യാപനത്തിലെ കാര്യങ്ങളും ഉദ്ധരിക്കുന്നുണ്ട്. അതോടൊപ്പം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുമുള്ള വ്യക്തികളും

12

# ദൈവസ്നേഹത്തിന്റെ ജീവാമൃതം




മാർ ജേക്കബ് മുരിക്കൻ


ലോകം മുഴുവൻ കൊവിഡ് - 19 മഹാമാരി പരത്തിയ ഭീതിയിലും മരണനിഴലിലുമാണ്. മനുഷ്യന്റെ സങ്കല്പങ്ങൾക്കപ്പുറമുള്ള അസാധാരണസാഹചര്യത്തെ നേരിടുമ്പോൾ പ്രത്യാശയുടെ വെളിച്ചവുമായി വിശുദ്ധരായ മഹാവ്യക്തികളുടെ ഓർമ്മ മനുഷ്യകുലത്തെ ധൈര്യപ്പെടുത്തുന്നു. ആ ഗണത്തിലെ ഒരു നക്ഷത്രമാണ് രാമപുരത്തെ വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ. കൊവിഡ് 19 വൈറസ് ബാധയ്ക്കു നേരിട്ട് മനുഷ്യനു പങ്കില്ലെന്നിരിക്കെ, നമ്മുടെ സമൂഹവ്യവസ്ഥിതിയിൽ നിലനിന്നിരുന്ന മനുഷ്യസൃഷ്ടിയായ വൈറസ് ആയിരുന്നു ജാതിവ്യവസ്ഥിതിയിൽനിന്നുയിർക്കൊണ്ട ഉച്ചനീചത്വങ്ങൾ. സാമൂഹികവ്യവസ്ഥിതിയിൽ വൈറസ് ആയി മാറിയിരുന്ന ഈ പ്രവണതയ്ക്കെതിരേ, അസമത്വത്തിനെതിരേ 'നിശ്ശബ്ദമായ വിപ്ലവം' നയിച്ച ഏകാംഗ സൈന്യാധിപനായിരുന്നു വാഴ്ത്തപ്പെട്ട തേവർപറമ്പിൽ അഗസ്റ്റിനച്ചൻ. ഒരു തിന്മയെ മറ്റൊരു തിന്മകൊണ്ടല്ല; പ്രത്യുത, തിന്മയെ



ഒക്ടോബർ 16 : വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാൾ

നന്മകൊണ്ട് തിരുത്താൻ അദ്ദേഹം ലോകത്തെ പഠിപ്പിച്ചു. അതിനദ്ദേഹം കൈയിൽ കരുതിവച്ച മൂലധനം ദൈവസ്നേഹമായിരുന്നു (1 യോഹ. 3:18). ''കുഞ്ഞുങ്ങളേ, വാക്കിലും സംസാരത്തിലുമല്ല നാം സ്നേഹിക്കേണ്ടത്; പ്രവൃത്തിയിലും സത്യത്തിലുമാണ്.'' ഈ ദൈവവചനത്തിന്റെ സാക്ഷാത്തായ ജീവിതാവിഷ്കാരമാണ് വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ. സാമൂഹികാസമത്വമെന്ന വൈറസിനെ കീഴ്പ്പെടുത്താൻ അദ്ദേഹം സ്വയം സ്നേഹമെന്ന 'മുറിവുണക്കുന്ന തൈലം' മുറിവേറ്റ ഹൃദയങ്ങളിൽ പുരട്ടി സാന്ത്വനവും ആശ്വാസവുമേകി. അസമത്വത്തിലെ വേലിക്കെട്ടുകൾ താനേ പൊളിഞ്ഞു വീഴുവാൻ കാരണമായത് ത്യാഗോജ്ജ്വലമായ ജീവിതസമർപ്പണത്തിന്റെ ആത്മശക്തികൊണ്ടാണ്. അസമത്വത്തിന്റെ വിലങ്ങുകൾ അഴിക്കാൻ കുഞ്ഞച്ചൻ ജനത്തിനു പറഞ്ഞുകൊടുത്ത ഇരട്ട മന്ത്രങ്ങളായിരുന്നു പള്ളിയും പള്ളിക്കൂടവും.

5



വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ

സെന്റ് പോൾസ് ബോയ്സ് ഹോസ്റ്റൽ

രാമപുരം



വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടട്ടേ എന്നുള്ള ആശംസയും പ്രാർത്ഥനയും...

Mother Superior & Community

CARMELITE CONVENT

RAMAPURAM Ph: 04822-260357

Headmistress, Staff & Students

S.H. GIRLS HIGH SCHOOL RAMAPURAM Ph: 04822-260761



വാഴ്ത്തപ്പെട്ട കുഞ്ഞച്ചന് ഞങ്ങളുടെ പ്രാർത്ഥനാമഞ്ജരികൾ..!

Mother Superior & Community

FRANCISCAN SISTERS OF HOLY ANNUNCIATION (F.S.H.A.)

(മംഗലവാർത്തയുടെ ഫ്രാൻസിസ്കൻ സഹോദരികൾ)

ഐങ്കൊമ്പ് · പറത്താനം · തങ്കമണി



രാമപുരത്തിന്റെ വിശുദ്ധ പുഷ്പം വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരപൂർവ്വം

Mother Superior & Community

MOUNT CARMEL CONVENT (C.M.C)

RAMAPURAM Ph: 04822 263399

WARDEN & STUDENTS

CARMEL JYOTHI GIRLS HOSTEL RAMAPURAM Ph: 04822 262336



വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ...

Mother Superior & Community

S.H. CONVENT

Vellilappally RAMAPURAM

Ph: 04822-260276



വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ!


MOTHER SUPERIOR & COMMUNITY

ST. AUGUSTINE'S SECULAR INSTITUTE & HOSTEL (M.I.S.I.)

RAMAPURAM. PH: 04822-263305



പ്രഫ. റോണി കെ. ബേബി



# അയോധ്യാവിധി
# നിയമവാഴ്ച വെറും സങ്കല്പമോ?

1992 ഡിസംബർ ആറിന് അയോധ്യയിലെ ബാബറി മസ്ജിദ് തകർത്ത കേസുമായി ബന്ധപ്പെട്ട് കഴിഞ്ഞയാഴ്ച ഉണ്ടായ സിബിഐ പ്രത്യേക കോടതിയുടെ വിധി സമകാലിക ഇന്ത്യൻ രാഷ്ട്രീയത്തിന്റെ പശ്ചാത്തലത്തിൽ യാതൊരുവിധ അദ്ഭുതവും സൃഷ്ടിക്കുന്നില്ല. വിധി മറിച്ചായിരുന്നെങ്കിൽ മാത്രമേ അത് അതിശയകരം എന്നു പറയേണ്ടിവരുമായിരുന്നുള്ളൂ. കാരണം, കഴിഞ്ഞ ഏതാനും വർഷങ്ങളായി ഉണ്ടായ രാജ്യത്തെ നീതിപീഠങ്ങളുടെ വിധികൾ പരിശോധിച്ചാൽ കേന്ദ്രം ഭരിക്കുന്ന രാഷ്ട്രീയപ്പാർട്ടിയുടെ താത്പര്യങ്ങൾക്കു വിരുദ്ധമായ ഒരു പരാമർശവും കോടതികളുടെ ഭാഗത്തുനിന്ന് ഉണ്ടായതായി കാണാൻ കഴിയില്ല.

പ്രതീക്ഷിച്ചതുപോലെതന്നെ സംഘപരിവാർ സംഘടനകൾ അത്യുത്സാഹത്തോടെ വിധിയെ സ്വാഗതംചെയ്തപ്പോൾ ലിബറൽ മതേതര ചിന്തകൾ പുലർത്തുന്ന രാജ്യത്തെ രാഷ്ട്രീയ, നിയമ, സാംസ്കാരികമേഖലകളിൽനിന്ന് കടുത്ത വിമർശനമാണുയർന്നത്. വിധി ജുഡീഷ്യറിയുടെ വിശ്വാസ്യത വീണ്ടും തകർത്തു എന്നും ഭരണഘടന വിഭാവനം ചെയ്യുന്ന തുല്യതയുടെ നിഷേധമാണെന്നും വിമർശനമുയർന്നു.

അയോധ്യയിലെ ബാബറി മസ്ജിദ് പൊളിച്ചതുമായി ബന്ധപ്പെട്ട് 28 വർഷത്തോളം ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട കുറ്റാന്വേഷണ ഏജൻസിയായ സിബിഐ നടത്തിയ അന്വേഷണപരമ്പരകൾക്കാണ് ഈ വിധിയോടെ പരിസമാപ്തി കുറിച്ചിരിക്കുന്നത്. വിധിക്കെതിരേ ഹൈക്കോടതിയിൽ സിബിഐ അപ്പീലിനു പോകുമോ ഇല്ലയോ എന്നത് കാത്തിരുന്നു കാണേണ്ടിവരും. വിധിക്കെതിരേ അപ്പീൽ പോകുമെന്നാണ് ബാബറി മസ്ജിദ് ആക്ഷൻ കമ്മിറ്റിയും മറ്റു സംഘടനകളും പറഞ്ഞിരിക്കുന്നത്.

ഉയർന്ന പോലീസ് ഉദ്യോഗസ്ഥരും മാധ്യമ പ്രവർത്തകരും ഉൾപ്പെടെ 1,026 ആളുകൾ ഉൾപ്പെട്ടിരുന്ന സാക്ഷിപ്പട്ടികയിൽനിന്ന് 351 ആളുകൾ സിബിഐ കോടതിയിൽ നേരിട്ടു ഹാജരായി മൊഴി നൽകി എന്നത് കേസിൽ സിബിഐ നടത്തിയ അന്വേഷണത്തിന്റെ വ്യാപ്തിയെ സൂചിപ്പിക്കുന്നു. ഇന്ത്യൻ ശിക്ഷാനിയമം അനുസരിച്ച് ക്രിമിനൽ ഗൂഢാലോചന, കലാപം ഇളക്കിവിടൽ, വിവിധ വിഭാഗങ്ങൾക്കിടയിൽ പകയും ശത്രുതയും ജനിപ്പിക്കൽ, നിയമവിരുദ്ധമായി സംഘം ചേരൽ എന്നീ കുറ്റങ്ങളാണ് എൽ.കെ. അഡ്വാനി, മുരളി മനോഹർ ജോഷി, ഉമാ ഭാരതി, കല്യാൺ സിംഗ് എന്നിവരടക്കമുള്ള 32 പേർക്കെതിരേ സിബിഐ ഉന്നയിച്ചിരുന്നത്. എന്നാൽ, ബാബറി മസ്ജിദ് പൊളിച്ചത് മുൻകൂട്ടിയുള്ള ഗൂഢാലോചനയുടെ ഫലമാണെന്നു തെളിയിക്കുന്നതിൽ സിബിഐ പരാജയപ്പെട്ടതായും മസ്ജിദ് തകർത്തത് പൊടുന്നനേയും ആകസ്മികവുമായിരുന്നു എന്നാണ് പ്രത്യേക കോടതി ജഡ്ജി എസ്.കെ. യാദവ് വിധിന്യായത്തിൽ പറയുന്നത്. സിബിഐയുടെ കണ്ടെത്തലിൽ നിന്നു വ്യത്യസ്തമായി അശോക് സിംഗാളിനെപ്പോലെയുള്ള നേതാക്കൾ ആൾക്കൂട്ടത്തെ ബാബറി മസ്ജിദ് പൊളിക്കുന്നതിൽനിന്നു തടയുവാൻ ശ്രമിച്ചു എന്ന നിരീക്ഷണവും ജഡ്ജി നടത്തിയിട്ടുണ്ട്.

ബാബറി മസ്ജിദ് തകർത്തതിൽ ഗൂഢാലോചനയ്ക്കു തെളിവില്ല എന്നാണ് ഇപ്പോൾ പ്രത്യേകകോടതി വിധിച്ചതെങ്കിൽ അതിനു കടകവിരുദ്ധമായ നിരീക്ഷണങ്ങളാണ് ജസ്റ്റിസ് മൻമോഹൻ സിങ് ലിബർഹാൻ കമ്മീഷൻ നടത്തിയിരിക്കുന്നത്. ബാബറി മസ്ജിദ് തകർത്തതിലെ ഗൂഢാലോചന അന്വേഷിക്കുവാൻ ചുമതലപ്പെടുത്തിയ പഞ്ചാബ്-ഹരിയാന ഹൈക്കോടതി ജഡ്ജി ആയിരുന്നു ജസ്റ്റിസ് ലിബർഹാൻ. സംഘപരിവാർ നേതാക്കൾക്ക് ഗൂഢാലോചനയിൽ പങ്കുണ്ടെന്ന് സംശയരഹിതമായിത്തന്നെ റിപ്പോർട്ടിൽ എടുത്തുപറഞ്ഞിട്ടുണ്ട്. പെട്ടെന്നുള്ളതോ ജനത്തിന്റെ വികാരപ്രകടനം അണപൊട്ടിയതോമൂലം ഉണ്ടായ യാദൃച്ഛികമായ സംഭവമല്ല; മറിച്ച്, ആസൂത്രിതമായ ഗൂഢാലോചനയുടെ ഫലമാണ് ബാബറി മസ്ജിദ് തകർത്തതിന്റെ പിന്നിലുള്ളത് എന്നാണ് ജസ്റ്റിസ് ലിബർഹാൻ കണ്ടെത്തിയത്. മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയ്, ബാൽ താക്കറെ, എൽ.കെ. അഡ്വാനി, മുരളി മനോഹർ ജോഷി, കല്യാൺ സിംഗ് എന്നിവരുൾപ്പെടെ 68 പേർ കുറ്റക്കാരാണ് എന്നാണ് ജസ്റ്റിസ് ലിബർഹാൻ കണ്ടെത്തിയത്. അന്ന് ബിജെപി ഭരിച്ചിരുന്ന ഉത്തർപ്രദേശിലെ കല്യാൺസിംഗ് സർക്കാരിന്റെ പൂർണ്ണസഹകരണത്തോടുകൂടിയായിരുന്നു പള്ളിപൊളിക്കൽ നടപടിയെന്നും, പോലീസും പ്രാദേശികഭരണകൂടവും ആർഎസ്എസിന് പൂർണ്ണ പിന്തുണ നൽകിയെന്നും ജസ്റ്റിസ് ലിബർഹാൻ തന്റെ റിപ്പോർട്ടിൽ പറയുന്നു. തികച്ചും പരിഹാസ്യം എന്നാണ് പ്രത്യേക കോടതിവിധിയോട് ജസ്റ്റിസ് ലിബർഹാൻ പ്രതികരിച്ചത്. കൂടാതെ, എൽകെ അഡ്വാനിക്കും മറ്റു പ്രതികൾക്കുമെതിരായ ക്രിമിനൽ ഗൂഢാലോചനക്കേസ് പുനഃസ്ഥാപിച്ച് വിചാരണ നടത്താൻ 2017 ൽ സുപ്രീം കോടതി ഉത്തരവിട്ടിരുന്നു. ഗൂഢാലോചനക്കേസിൽ പ്രതികൾക്കെതിരേ പ്രഥമദൃഷ്ട്യാ തെളിവുകളുണ്ട് എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലായിരുന്നു സുപ്രീം കോടതിയുടെ ഈ നിർദ്ദേശം.

പ്രത്യേക കോടതിവിധിയോടെ അയോധ്യയുമായി ബന്ധപ്പെട്ട കോടതിവ്യവഹാരങ്ങൾക്ക് ഏകദേശം അന്ത്യം കുറിച്ചിരിക്കുകയാണ്. ഏകദേശം നാലു പതിറ്റാണ്ടോളം ഇന്ത്യയുടെ രാഷ്ട്രീയരംഗത്തെ ഇളക്കിമറിച്ച അയോധ്യ അധ്യായം താത്കാലികമായെങ്കിലും അവസാനിച്ചു എന്നു പറയാം. അയോധ്യ എന്ന വാക്കിന് യുദ്ധം ഇല്ലാത്തത് എന്നാണ് അർത്ഥമെങ്കിലും വലിയ പോരാട്ടങ്ങൾക്ക് അയോധ്യ വഴിവെച്ചു എന്നത് ഒരു യാഥാർഥ്യമായി നമ്മുടെ മുമ്പിൽ നിൽക്കുന്നു. ഇന്ത്യയുടെ രാഷ്ട്രീയം അയോധ്യയ്ക്കു മുൻപും പിൻപും എന്ന കാലഘട്ടങ്ങളായിത്തന്നെ തിരിക്കപ്പെടുന്നു എന്ന് ഇന്ത്യയുടെ രാഷ്ട്രീയത്തെ വിശകലനം ചെയ്യുന്ന ഏതൊരാൾക്കും അടിവരയിട്ടു പറയുവാൻ കഴിയും. 1984 ൽ രണ്ടു സീറ്റ് മാത്രമുണ്ടായിരുന്ന ബിജെപി ഇന്ന് ഇന്ത്യയുടെ രാഷ്ട്രീയമണ്ഡലത്തിലെ ഭൂരിപക്ഷ പാർട്ടിയായി മാറിയെങ്കിൽ അതിന്റെ പിന്നിലുള്ളത് അയോധ്യാ പ്രക്ഷോഭംതന്നെയാണ്. 1980 കളുടെ അവസാനം അയോധ്യയിൽ ശ്രീരാമക്ഷേത്രത്തിനുവേണ്ടി എൽ.കെ. അഡ്വാനി നടത്തിയ രഥയാത്ര മാറ്റിമറിച്ചത് ഇന്ത്യയുടെ രാഷ്ട്രീയഭൂപടം തന്നെയാണ്. തമ്മിലടിച്ചുനിന്ന ജാതിസത്വങ്ങൾക്കു മുകളിൽ മതാധിഷ്ഠിത ദേശീയതയെ ഉറപ്പിച്ചത് അയോധ്യയാണ്. അതോടൊപ്പംതന്നെ അയോധ്യയിലെ തർക്കഭൂമിയുടെ ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ടും ഇപ്പോൾ ബാബറി മസ്ജിദ് തകർത്തതുമായി ബന്ധപ്പെട്ടകേസിലും പുറത്തുവരുന്ന കോടതിവിധികൾ മറ്റൊരു സൂചന കൂടിയാണ് നൽകുന്നത്: ഭരണകൂടത്തിന്റെ താത്പര്യങ്ങൾക്കൊപ്പം ചിന്തിക്കേണ്ടിവരുന്ന കോടതികളുടെ ദയനീയ ചിത്രം കൂടിയാണ് ഇവിടെ വരച്ചുകാട്ടുന്നത്. ഭൂരിപക്ഷസർവ്വാധിപത്യം രാജ്യത്തെ സമസ്തമേഖലകളെയും കീഴടക്കുമ്പോൾ നിയമവാഴ്ച എന്നത് വെറും സങ്കല്പംമാത്രമായി മാറുകയാണ്. ജനാധിപത്യത്തിന്റെ ഭദ്രതയ്ക്ക് ഇത് ഒരിക്കലും ഉചിതമല്ല എന്ന ഓർമ്മപ്പെടുത്തൽകൂടിയാണ് ഈ വിധിന്യായങ്ങൾ.

■

**കവിത** **വി.പി. ജോൺസ്**



## കാഴ്ച

ഘടികാരം പോൽ മിടിപ്പതോ
ഹൃദയം കഠിനഭാരത്താൽ
അദൃശ്യ ചക്രവാളത്തിൻ
ചെരുവിലേക്കാഴ്‌വൂ ദൃഷ്ടികൾ

മൗനമുദ്രയാൽ ഗ്രസ്തം
അഗതിയെൻ മനസ്സിൻ സാക്ഷി
ആത്മാവെന്നുമഴുക്കിനാൽ
ആഴത്തിൽ നിമഗ്നവും

നിജമായ് മാഴുകയാകുന്നോ
വ്യാജം കലികാലസന്ധിയിൽ
വ്യർത്ഥം ജീവിതമാമാങ്കം
വാനത്തിൻ കേളികൊട്ടുകൾ

നീലാകാശം തൊട്ടുതൊട്ടല്ലോ
നില്പൂ ഗിരിശൃംഗങ്ങൾ?
സ്മൃതിഭംഗത്തിൻ പാഴ്നിഴൽ
ചിത്തം പൂത്ത കാനനം

തുഷാരബിന്ദുക്കൾ തൂവുന്നു
നിരഹങ്കൃത പ്രപഞ്ചവും
ബിംബം അവിശാലമെന്നേലും
വിയത്തിൽ കാൺമു നേർച്ഛായ

നിയതം നീലിമയോലുന്ന
നീലസാഗരയക്ഷികൾ
ആഴിയിൽനിന്നുയരുന്നുവോ
അശാന്തം കല്ലോലജാലങ്ങൾ?

# ചരിത്രം നമിക്കുന്ന ഇന്ത്യൻ തലപ്പാവ്

വിളക്കുമരം



ഡോ. സിറിയക് തോമസ്

ശാസ്ത്ര-സാങ്കേതികരംഗത്ത് ആധുനിക ഇന്ത്യ കണ്ട ഒരു മഹാപ്രതിഭാസമായിരുന്നു ഡോ. എം. വിശ്വേശ്വരയ്യ. കർണാടകത്തിലെ കോലാർ ജില്ലയിലെ മുദ്ദേനിഹല്ലി ഗ്രാമത്തിൽ മോക്ഷഗുണ്ടത്തിൽ ശ്രീനിവാസശാസ്ത്രിയുടെയും വെങ്കച്ചമ്മയുടെയും മകനായി 1860 സെപ്റ്റംബർ 15 നായിരുന്നു ജനനം. ഗാന്ധിജിയെക്കാൾ ഒൻപതു വയസ്സിനു മൂപ്പ്. വിദ്യാഭ്യാസം ചിക്കബല്ലപ്പൂരും ഉന്നതവിദ്യാഭ്യാസം ബാംഗ്ലൂരിലും നിർവ്വഹിച്ചു. മട്രിക്കുലേഷൻ പരീക്ഷയിൽ മൈസൂർ സംസ്ഥാനത്ത് ഒന്നാം റാങ്കു നേടി. ബാംഗ്ലൂർ സെൻട്രൽ കോളജിൽനിന്ന് ബി.എ.യും 1883 ൽ പൂനെ സയൻസ് കോളജിൽനിന്ന് എൻജിനീയറിംഗിൽ റാങ്കോടെ ഡിഗ്രിയും. 1884 ൽ ബോംബെ പ്രവിശ്യയിൽ പി.ഡബ്ല്യു.ഡി. അസിസ്റ്റന്റ് എൻജിനീയറായി ജോലിയിൽ പ്രവേശിച്ചു. ഏദനിൽ കുടിവെള്ളപദ്ധതിക്കുള്ള പ്ലാൻ രൂപകല്പന ചെയ്ത് ശ്രദ്ധ നേടിയശേഷം ഹൈദരാബാദിൽ വെള്ളപ്പൊക്കം നിയന്ത്രിക്കാൻ മൂസി-നിയാസി നദികളിൽ അണക്കെട്ടു നിർമ്മിച്ചു. മൈസൂർ മഹാരാജാവായിരുന്ന ശ്രീകൃഷ്ണരാജ വോഡയാർ നാലാമൻ 1909 ൽ അദ്ദേഹത്തെ മൈസൂർ സംസ്ഥാനത്ത് ചീഫ് എൻജിനീയർ പദവിയിൽ നിയമിച്ചു.

മൈസൂരിലെ കൃഷ്ണരാജ സാഗർ അണക്കെട്ടും ഭടൽ ഹാർബറും ബാംഗ്ലൂർ-മൈസൂർ റയിൽ റോഡും ഷിമോഗയിൽ ശരാവത്തി ഹൈഡ്രോ-ഇലക്ട്രിക് പ്രോജക്ടും എല്ലാം ഡോ. വിശ്വേശ്വരയ്യയുടെ പ്രയത്നഫലമായി ഉയർന്നുവന്നവയാണ്. 1913 ൽ മൈസൂർ ബാങ്ക് (പിന്നീടത് സ്റ്റേറ്റ് ബാങ്ക് ഓഫ് മൈസൂർ ആയി) സ്ഥാപിച്ച അദ്ദേഹം തന്നെയാണ് പിന്നീട് 1916 ൽ മൈസൂർ സർവ്വകലാശാല തുടങ്ങിയതും. 1909 ൽ വോളന്ററി റിട്ടയർമെന്റ് എടുത്തതോടെ മൈസൂർ മഹാരാജാവ് വിശ്വേശ്വരയ്യയെ മൈസൂർ ദിവാനായും നിയമിച്ചിരുന്നു. ദിവാനായിരുന്ന കാലത്താണ് മൈസൂർ ബാങ്കും മൈസൂർ യൂണിവേഴ്സിറ്റിയും സ്ഥാപിച്ചത്. 1916 ൽ മൈസൂർ മഹാറാണി കോളജ് ഡിഗ്രി കോളജായി ഉയർത്തുകയും പിറ്റേവർഷം ഗവ.എൻജിനിയറിംഗ് കോളജ് ബാംഗ്ലൂരിൽ സ്ഥാപിക്കുകയും ചെയ്തു. ഇപ്പോളത് യൂണിവേഴ്സിറ്റി വിശ്വേശ്വരയ്യ കോളജ് ഓഫ് എൻജിനീയറിംഗ് എന്നറിയപ്പെടുന്നു.

മൈസൂർ സംസ്ഥാനത്ത് ആദ്യമായി സിവിൽ സർവ്വീസ് പരീക്ഷ ആരംഭിച്ചതും ഡോ. വിശ്വേശ്വരയ്യ ദിവാനായിരുന്നപ്പോഴാണ്. പുതിയ വഴികളിൽ ആദ്യം നടക്കുന്നവരെ നാം പലപ്പോഴും 'പയനിയേഴ്സ്'-മാർഗ്ഗദർശികൾ എന്നുപറയും. എന്നാൽ, യഥാർത്ഥത്തിൽ വഴിയില്ലാത്തിടത്തു പുതിയ വഴിവെട്ടി ആ വഴിയേ ആദ്യം നടക്കുന്നവരാണ് ശരിക്കും മാർഗ്ഗദർശികളുടെ ഗണത്തിൽ വരിക. ഡോ. വിശ്വേശ്വരയ്യ എല്ലാ അർത്ഥത്തിലും ഒരു പയനിയർ ആയിരുന്നു. ബ്രിട്ടീഷ് ഗവൺമെന്റ് ഡോ. വിശ്വേശ്വരയ്യയ്ക്കു 'സർ' സ്ഥാനം നൽകി ആദരിച്ചു. കൊൽക്കത്ത, ബോംബെ, അലഹബാദ്, മൈസൂർ സർവ്വകലാശാലകൾ അദ്ദേഹത്തെ ഹോണററി ഡോക്ടറേറ്റ് നൽകിയും ബഹുമാനിച്ചു. സത്യസന്ധനായ ഒരു ഭരണാധികാരി എന്നു കീർത്തികേട്ട ദിവാനായി ചരിത്രം ഡോ. വിശ്വേശ്വരയ്യയെ രേഖപ്പെടുത്തി. അദ്ദേഹം ദിവാനായിരിക്കുമ്പോഴത്തെ ഒരു കഥ ഡോ. സുകുമാർ അഴീക്കോട് ഒരിക്കൽ പറഞ്ഞത് നമ്മുടെ കാലത്തെ നേതാക്കളും ഭരണാധികാരികളുമായ മഹാന്മാരെ മനസ്സിൽക്കണ്ടുകൊണ്ടാവണം. ഡോ. വിശ്വേശ്വരയ്യ എന്നും വൈകുന്നേരം സെക്രട്ടറിയേറ്റിൽനിന്നു വീട്ടിലേക്കു പോകുമ്പോൾ രാത്രി നോക്കാൻ ഫയലുകളും സർക്കാർ നൽകുന്ന മെഴുകുതിരികളും കൊണ്ടുപോയിരുന്നത്രേ. ഫയലുകൾ നോക്കുമ്പോൾ സർക്കാർ വക തിരികൾ ഉപയോഗിക്കും. അതുകഴിഞ്ഞാണ് പത്രങ്ങളും പുസ്തകങ്ങളുമൊക്കെ വായിക്കുക. അപ്പോൾ സർക്കാർവക തിരികൾ കെടുത്തും. എന്നിട്ടു സ്വന്തം പണം കൊടുത്തു വാങ്ങുന്ന തിരികൾ കത്തിച്ചുവയ്ക്കും. അതായിരുന്നു ഡോ. വിശ്വേശ്വരയ്യയുടെ നീതിശാസ്ത്രവും ധർമ്മശാസ്ത്രവും!



*ഡോ. എം. വിശ്വേശ്വരയ്യ*

വ്യക്തിജീവിതത്തിലും പൊതുജീവിതത്തിലും സംശുദ്ധമായ പ്രതിച്ഛായയായിരുന്നു സർ എം. വിശ്വേശ്വരയ്യയ്ക്ക്, നേർവാക്കും നേർചിന്തയും. അതായിരുന്നു ജീവിതശൈലിയും. പ്രൗഢമായ വസ്ത്രധാരണം. മൈസൂർ ശൈലിയിലുള്ള തലപ്പാവും ശരീരഭാഷയുടെ മോടി കൂട്ടിയതേയുള്ളൂ. നല്ല ഗ്രഹണശേഷിയും ഓർമ്മശക്തിയും വിശ്വേശരയ്യയുടെ സഹജസിദ്ധികളായിരുന്നു. സത്യസന്ധനായിരുന്നതുകൊണ്ടുതന്നെ നിർഭയനുമായിരുന്നു. കാര്യങ്ങളിൽ നല്ല കണിശക്കാരനായിരുന്നു ഡോ. വിശ്വേശ്വരയ്യ. സ്വന്തം ഗ്രാമത്തോടും കുടുംബത്തോടും ആഴമായ ആത്മബന്ധം പുലർത്തിയെന്നതിനുമപ്പുറം രണ്ടിലും അഭിമാനിയുമായിരുന്നു. സൗഹൃദങ്ങളെ എന്നും മനസ്സിൽ സൂക്ഷിച്ചിരുന്നുവെന്നു മാത്രമല്ല, അവയെ അദ്ദേഹം എന്നും വിലമതിക്കുകയും ചെയ്തിരുന്നു. പദവി വ്യത്യാസങ്ങളില്ലാതെ മനുഷ്യരെ പരിഗണിക്കുന്നതും വിശ്വേശ്വരയ്യയുടെ സവിശേഷതയായിരുന്നു.

ഇന്ത്യയുടെ ഒരു ഭാഗ്യം കഴിഞ്ഞ കാലത്ത്, ഇനി കഴിഞ്ഞ ഒന്നോ രണ്ടോ ഒന്നരയോ നൂറ്റാണ്ടെടുത്താലും, ഇവിടെ സർവ്വമേഖലകളിലും നമുക്ക് താരതമ്യമില്ലാത്ത മഹാപ്രതിഭകൾ ഉണ്ടായിരുന്നുവെന്നതാണ്. രാഷ്ട്രീയത്തിൽ ഗാന്ധിജി, നെഹ്റു, നേതാജി തുടങ്ങിയവർ. ആധ്യാത്മികരംഗത്ത് വിവേകാനന്ദസ്വാമികളും അരവിന്ദഘോഷും ശ്രീനാരായണഗുരുവും. സാഹിത്യത്തിൽ മഹാകവി രവീന്ദ്രനാഥ് ടാഗോർ, ബങ്കിം ചന്ദ്രചാറ്റർജി, പ്രേംചന്ദ്, സരോജിനി നായിഡു, മുൾക് രാജ് ആനന്ദ്, അമൃതപ്രീതം മുതലായവർ. ശാസ്ത്രരംഗത്ത് സർ സി.വി. രാമൻ, ഹോമി ഭാഭ എന്നിവർ. സംഗീതത്തിൽ എം.എസ്. സുബ്ബലക്ഷ്മി, ലതാ മങ്കേഷ്കർ, മുഹമ്മദ് റാഫി, യേശുദാസ് തുടങ്ങിയവർ, സിനിമയിൽ ശ്യാം ബനഗൾ, സത്യജിത് റേ, രാജ് കപൂർ, സായരാബാനു, വൈജയന്തിമാല അങ്ങനെ എത്രയോ പേർ. നൃത്തരംഗത്ത് രുഗ്മിണിദേവി, അരുൺ ഡെയ്ൽ, മൃണാളിനി സാരാഭായി തുടങ്ങിയവർ, വ്യവസായരംഗത്ത് ജെ.ആർ.ഡി. ടാറ്റ, ജി.ഡി. ബിർള, കമൽ നയൻ ബജാജ്, കിർലോസ്കർ മുതലായവർ. സിവിൽ സർവ്വീസിൽ ഗിരിജാശങ്കർ വായ്പേയി, വി.പി. മേനോൻ, എൻ.ആർ.പിള്ള, കെ.പി.എസ്. മേനോൻ തുടങ്ങിയ ഐ.സി.എസ്. സിംഹങ്ങൾ, സൈന്യത്തിൽ ജനറൽ കരിയപ്പ, ഫീൽഡ് മാർഷൽ മനേക്ഷാ മുതലായ യുദ്ധവീരന്മാർ. ചിത്രകലയിൽ രാജാ രവിവർമ്മ, എം.എഫ്. ഹുസൈൻ മുതലായവർ. പത്രപ്രവർത്തനരംഗത്ത് ചലപ്പതി റാവു, രാമനാഥ് ഗോയങ്ക, കാർട്ടൂണിസ്റ്റ് ശങ്കർ, കുൽദീപ് നയ്യാർ തുടങ്ങിയവരും പാർലമെന്റിൽ വിതൽ ഭായി പട്ടേൽ, എസ്. സത്യമൂർത്തി, ഹിരൻ മുഖർജി, ജി.വി. മവലങ്കർ, അനന്തശയനം അയ്യങ്കാർ, വയലറ്റ് അൽവ, അമ്മു സ്വാമിനാഥൻ, ആചാര്യകൃപലാനി, മഹാവീർ ത്യാഗി, എ.കെ. ഗോപാലൻ, എച്ച്.വി. കമ്മത്ത്, നാഥ് പൈ എന്നിങ്ങനെ ജവഹർലാൽ നെഹ്റുപോലും കൈകൂപ്പിനിന്നിരുന്ന പ്രതിഭാശാലികളായ പാർലമെന്റംഗങ്ങൾ, പതഞ്ജലി ശാസ്ത്രി, ജസ്റ്റീസ് മഹാജൻ, ജസ്റ്റീസ് സുബ്ബറാവു, ഹിദായത്തുള്ള തുടങ്ങിയ സുപ്രീം കോടതിയിലെ യഥാർത്ഥ ന്യായമൂർത്തികൾ, എം.സി. സെതൽവാദ്, ബാരിസ്റ്റർ എം.കെ. നമ്പ്യാർ, ഫ്രാങ്ക് ആന്റണി, ശാന്തി ഭൂഷൺ, എ.എസ്.ആർ. ചാരി, എൻ.എ. പൽക്കിവാല, കപിൽ സിബൽ, ഇപ്പോൾ പ്രശാന്ത് ഭൂഷൺ.. അഭിഭാഷകപ്രതിഭകളുടെയും ലിസ്റ്റു തീരുന്നില്ല. ഇവർക്കെല്ലാം ഇടയിൽ ഇവരെക്കാളെല്ലാം ഉയരത്തിലാണു മൂന്നു തലപ്പാവുകാർ ആധുനിക ഇന്ത്യയുടെ ചരിത്രത്തിൽ തലയുയർത്തി നിൽക്കുന്നത്. ഡോ. എസ്. രാധാകൃഷ്ണൻ, ഡോ. സി.വി. രാമൻ, ഡോ. വിശ്വേശ്വരയ്യ എന്നീ മഹാപ്രതിഭകൾ.

1955 ൽ രാഷ്ട്രം ഡോ. വിശ്വേശ്വരയ്യയ്ക്ക് ഭാരതരത്ന നൽകി ആദരിച്ചു. 1962 ഏപ്രിൽ 14 നു നൂറ്റിരണ്ടാം വയസ്സിലാണ് അദ്ദേഹം ലോകത്തെ കടന്നുപോയത്. അദ്ദേഹത്തിന്റെ ജന്മദിനമായ സെപ്റ്റംബർ 15 രാജ്യം ദേശീയ എൻജിനീയേഴ്സ് ഡേ എന്നു പ്രഖ്യാപിച്ചിട്ടുള്ളതും ഡോ. വിശ്വേശ്വരയ്യയുടെ സ്മരണയുടെ ബഹുമാനാർത്ഥം തന്നെ. കഴിഞ്ഞ നൂറ്റാണ്ടിൽ ഇന്ത്യ കണ്ട മഹാപ്രതിഭകളിൽ ഒന്നാം നിരയിൽ തന്നെയാണ് ഡോ. മോക്ഷഗുണ്ടം വിശ്വേശ്വരയ്യയുടെ സ്ഥാനമെന്നതിൽ രണ്ടുപക്ഷം ഉണ്ടാവുമെന്നു തോന്നുന്നില്ല. ചരിത്രത്തിന്റെ ദർബാൾ ഹാളിൽ വിശ്വേശ്വരയ്യയുടെ ഇരിപ്പിടത്തിനൊപ്പം ആരും അവരുടെ കസേര വലിച്ചിട്ടിരിക്കാൻ ഇന്നേവരെ ധൈര്യപ്പെട്ടിട്ടുമില്ല. □

ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

## നന്മയില്ലാത്ത 'നന്മത്വം'!

"ഇല്ല എന്നറിഞ്ഞപ്പോൾ ഞാൻ തീരുമാനിച്ചു ഈ കർമ്മത്തെ 'നന്മത്വം' എന്നു വിളിക്കാൻ" (മലയാള മനോരമ, 2020 സെപ്റ്റംബർ, 27 ഞായർ) 'നന്മത്വം' എന്ന തലക്കെട്ടോടെ പുറത്തിറങ്ങിയ ലേഖനത്തിന്റെ അവസാന ഖണ്ഡികയിലെ ഒരു വാക്യമാണിത്. പദനിർമ്മിതിയെക്കുറിച്ചുള്ള അടിസ്ഥാനകാര്യങ്ങൾപോലുമറിയാതെ പുതുസൃഷ്ടിക്ക് ഇറങ്ങിയതിന്റെ ഫലമത്രേ 'നന്മത്വം' എന്ന പ്രയോഗം.

പുതിയ പദങ്ങളെ യഥേച്ഛം സൃഷ്ടിക്കണമെങ്കിൽ പ്രകൃതിപ്രത്യയങ്ങളുടെ സംയോഗത്തെക്കുറിച്ച് ശരിയായ ധാരണ ആവശ്യമുണ്ട്. 'മ' മലയാളത്തിലെയും 'ത്വം സംസ്കൃതത്തിലെയും തദ്ധിതപ്രത്യയമാണ്. രണ്ടിനും ആയിരിക്കുന്ന അവസ്ഥ എന്നർത്ഥം. 'മ' ചേർന്നുവരുന്ന നന്മയ്ക്കു നല്ലതായിരിക്കുന്ന അവസ്ഥയെന്നും 'ത്വം' ചേർന്നുവരുന്ന മഹത്ത്വത്തിന് മഹത്തായിരിക്കുന്ന അവസ്ഥയെന്നും അർത്ഥംവരും.

നല്+മ ആണ് നന്മയാകുന്നത്. വീണ്ടും ത്വം ചേർത്തു സൃഷ്ടിച്ച 'നന്മത്വം' എന്നതിലെ തെറ്റ്, തദ്ധിതപ്രത്യയം ഒന്നു മതിയെന്നിരിക്കേ, മേൽക്കുമേൽ രണ്ടെണ്ണം ചേർത്തതാണ്. 'നന്മത്തം' എന്ന രൂപവും ശരിയല്ല. ത്വം എന്നതിന്റെ തദ്ഭവമാണ് 'ത്തം'. അർത്ഥം മാറുന്നില്ല. പ്രത്യയപൗനരുക്ത്യം എന്ന ദോഷമാണ് ഇവിടെ സംഭവിച്ചത്. കൂടാതെ, മലയാളപ്രത്യയത്തിനുമേൽ (മ) സംസ്കൃതപ്രത്യയം (ത്വം) ചേർക്കരുത് എന്ന നിയമവും ഇവിടെ ലംഘിച്ചിരിക്കുന്നു. ഉദ്ദിഷ്ടാർത്ഥം സംവേദനം ചെയ്യാത്ത വികലരൂപങ്ങളായി 'നന്മത്വവും' 'നന്മത്തവും' മാറി എന്നു ചുരുക്കം.

നല്+മ, നന്മയും തില്+മ, വിപരീതമായ തിന്മയും ആകും. സന്ധിയിൽ 'ല' യ്ക്കു പരമായി 'മ' വന്നാൽ ലകാരം വർത്സ്യാനുനാസികമായ 'ഩ' കാരമായി മാറും.* ഈ നിയമം അനുസരിച്ചാണ് നല്+മ=നന്മ, തില്+മ=തിന്മ എന്നീ ശബ്ദങ്ങൾ ഉണ്ടായത്. നന്മയ്ക്കും തിന്മയ്ക്കും തുല്യമായി നല്പും തില്പും എന്നും പ്രയോഗമുണ്ട്. നല് +പ് = നല്പ്, തില്+പ് = തില്പ്. നല്പിന് നന്മ, നല്ലത് എന്നും തില്പിന് ചീത്തത്തം, ചീത്തവസ്തു എന്നും വിവക്ഷിതങ്ങൾ കല്പിക്കാം.

ലക്കും ലഗാനുമില്ലാതെ പുതുപദങ്ങൾ പടച്ചുവിടുന്നവരെ ഉദ്ദേശിച്ചാവണം സി.വി. വാസുദേവഭട്ടതിരി ഇങ്ങനെ കുറിച്ചത്: "നൂതനപദങ്ങൾ സൃഷ്ടിക്കുമ്പോൾ നാം ചില കാര്യങ്ങൾ ശ്രദ്ധിക്കണം. പദം വ്യാകരണദൃഷ്ട്യാ ശുദ്ധമായിരിക്കണം. വിവക്ഷിതം വ്യക്തമാക്കാൻ പര്യാപ്തവും അർത്ഥഗ്രഹണത്തിനു ക്ലേശം സൃഷ്ടിക്കാത്തതും ആകണം. കഴിയുമെങ്കിൽ ഭാരതത്തിലെ ഇതരഭാഷകളിൽ പ്രയോഗത്തിലുള്ളതോ അല്ലെങ്കിൽ അവയിലും സ്വീകാര്യമോ ആയിരിക്കണം." **

** അച്യുതവാര്യർ, എസ്, ഭാഷാവ്യാകരണപഠനം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011, പുറം - 99*

*** വാസുദേവഭട്ടതിരി, സി.വി., നല്ല മലയാളം, ഇംപ്രിന്റ് കൊല്ലം, 1992, പുറം - 174*

ദീപനാളം
ESTD-1968

ചീഫ് എഡിറ്റർ : റവ. ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : റവ. ഫാ. ജോസഫ് തെരുവിൽ

**നമുക്കു മനുഷ്യകരങ്ങളിലല്ല കർത്ത്യകരങ്ങളിൽ നമ്മെത്തന്നെ അർപ്പിക്കാം. എന്തെന്നാൽ, അവിടുത്തെ പ്രഭാവംപോലെതന്നെയാണ് അവിടുത്തെ കാരുണ്യവും.**

പ്രഭാഷകൻ 2:18

**എഡിറ്റോറിയൽ**

# ഹത്രാസിലെ നിലവിളി അവസാനിക്കണമെങ്കിൽ

**ക്രി**മിനൽ സംഘങ്ങളെ അടിച്ചമർത്തുമെന്നു പ്രഖ്യാപിച്ച് ഉത്തർപ്രദേശിൽ അധികാരത്തിലേറിയ മുഖ്യമന്ത്രി യോഗി ആദിത്യനാഥിന്റെയും സർക്കാരിന്റെയും പ്രതിച്ഛായയ്ക്കു മങ്ങലേറ്റ ഒട്ടേറെ സംഭവങ്ങളാണ് സംസ്ഥാനത്ത് അരങ്ങേറിയത്. സ്ത്രീപീഡനങ്ങളും കൊലപാതകങ്ങളും നാൾക്കുനാൾ വർദ്ധിച്ചുവരുന്നു. പട്ടികജാതിസ്ത്രീകൾ പീഡിപ്പിക്കപ്പെട്ട കേസുകളിൽ രാജ്യത്ത് രണ്ടാംസ്ഥാനത്തെത്തി നില്ക്കുന്നു ഉത്തർപ്രദേശ്.

ഉത്തരമണ്ണിലെ ദളിത് സ്ത്രീപീഡന കൊലപാതകപരമ്പരകളിലെ ഏറ്റവുമൊടുവിലത്തെ കിരാതകൃത്യമായി ഹത്രാസ് രാജ്യമെങ്ങും കുപ്രസിദ്ധി നേടിയിരിക്കുന്നു. കൊവിഡ് മഹാമാരിമൂലമുള്ള ആൾക്കൂട്ടനിയന്ത്രണങ്ങളെയെല്ലാം മറികടന്ന് പ്രതിഷേധങ്ങളുടെ തീക്കാറ്റ് അവിടങ്ങളിൽ അലയടിക്കുകയാണ്. അമ്മയോടൊപ്പം സമീപത്തെ വയലിൽ പുല്ലുചെത്താൻ പോയ ദളിത് പെൺകുട്ടിയാണ് അതിക്രൂരമായ പീഡനത്തെത്തുടർന്ന് കൊലചെയ്യപ്പെട്ടത്. ശ്വാസംമുട്ടിച്ചു കൊലപ്പെടുത്താൻ ശ്രമിച്ചതു ചെറുത്തതിനിടയിലാവാം അവളുടെ നാവ് അറ്റുപോകാറായ നിലയിലായിരുന്നു.

ഭരണകൂടഭീകരതയുടെയും മനുഷ്യാവകാശനിഷേധങ്ങളുടെയും ക്രൂരമായ പരീക്ഷണമാണ് പിന്നീടവിടെ അരങ്ങേറിയത്. മാതാപിതാക്കളെയും സഹോദരരെയും വീട്ടിൽ പൂട്ടിയിട്ടശേഷം പുലർച്ചെ രണ്ടരയോടെ പൊലിസുകാർ പെൺകുട്ടിയുടെ മൃതദേഹം പെട്രോളൊഴിച്ചു കത്തിക്കുകയായിരുന്നു. തെളിവുകൾ നശിപ്പിക്കുന്നതിന്റെയും പോസ്റ്റുമോർട്ടത്തിനുള്ള സാധ്യത നിഷേധിക്കുന്നതിന്റെയും ഭാഗമായിട്ടാവാം മൃതദേഹം കത്തിച്ചുകളഞ്ഞത്. പെൺകുട്ടിയുടെ വീടിരിക്കുന്ന സ്ഥലത്ത് നിരോധനാജ്ഞ പുറപ്പെടുവിച്ചു. മാധ്യമപ്രവർത്തകരെയും പ്രതിപക്ഷരാഷ്ട്രീയക്കാരെയും സമ്പൂർണ്ണമായി തടഞ്ഞു. ജനാധിപത്യജീർണതയുടെയും മാഫിയഗുണ്ടായിസത്തിന്റെയും നേർക്കാഴ്ചകളാണ് ഹത്രാസിലും പരിസരപ്രദേശങ്ങളിലും അരങ്ങേറിയത്.

ഉന്നാവിൽ പീഡനത്തിനിരയായ പെൺകുട്ടിയെ പ്രതികൾ തീകൊളുത്തി കൊലപ്പെടുത്തിയതിന്റെ നടുക്കം മാറുംമുമ്പാണ് യു.പി.യിൽ വീണ്ടും പൈശാചികകൃത്യങ്ങൾ അരങ്ങേറുന്നത്. ഹത്രാസിൽ നാലംഗസംഘത്തിന്റെ ക്രൂരപീഡനത്തിനിരയായാണ് 19 വയസ്സുകാരി മരിച്ചതെങ്കിൽ ബൽറാംപൂരിൽ രണ്ടംഗസംഘമാണ് 22 വയസ്സുകാരിയെ ലഹരിമരുന്നു കുത്തിവച്ച് പീഡിപ്പിച്ചുകൊന്നത്. ലഖിംപൂർ ഖേരിയിൽ ഓഗസ്റ്റ് അവസാനം നടന്ന വ്യത്യസ്ത സംഭവങ്ങളിൽ മൂന്നു വയസ്സുള്ള പെൺകുഞ്ഞ്, 18 വയസ്സുകാരി, 13 വയസ്സുകാരി എന്നിവരാണ് ക്രൂരമായ പീഡനങ്ങൾക്കൊടുവിൽ കൊല്ലപ്പെട്ടത്. ഹത്രാസിലും ബൽറാംപൂരിലും ദളിത്പെൺകുട്ടികൾ മരണമടഞ്ഞ ദിവസംതന്നെ അസംഗഡിൽ എട്ടു വയസ്സുകാരിയെ അയൽവാസി പീഡിപ്പിച്ചു. ഇതേ ദിവസംതന്നെ ബാഗ്പതിൽ പീഡനത്തിനിരയായ 17 വയസ്സുകാരി ജീവനൊടുക്കാൻ ശ്രമിച്ചു.

ഉത്തരേന്ത്യൻ ഗ്രാമപ്രദേശങ്ങളിൽ സർവവ്യാപിയായിരിക്കുന്ന ജാതീയത പെരുകുന്നതിന്റെ നേർചിത്രങ്ങളാണ് ഹത്രാസിലും മറ്റും കണ്ടുകൊണ്ടിരിക്കുന്നത്. ഉന്നതജാതീയർ കീഴാളരുടെമേൽ അധികാരം സ്ഥാപിക്കുന്നതിന്റെ പേരായി മാറിയിരിക്കുന്നുവോ, ബലാത്സംഗം! അയിത്തം അടക്കമുള്ള അനാചാരങ്ങളെല്ലാം ഭരണഘടനാപരമായിത്തന്നെ നിരോധിക്കപ്പെട്ടിട്ട് എഴുപതു വർഷം കഴിഞ്ഞിട്ടും ജാതീയതയുടെ പേരിലുള്ള വിവേചനങ്ങളും ഉച്ചനീചത്വങ്ങളും തുടരുകയാണ്. രാജ്യത്ത് നൂറ്റാണ്ടുകളായി നീതിനിഷേധിക്കപ്പെടുന്ന ദരിദ്രരെയും ദളിതരെയും പ്രതീകവത്കരിക്കുകയാണ് ഹത്രാസിലെ പെൺകുട്ടി, അവളുടെ ജീവിതംകൊണ്ടും മരണംകൊണ്ടും.

2019 ൽ ഓരോ ദിവസവും രാജ്യത്ത് 88 ബലാത്സംഗക്കേസുകളാണ് റിപ്പോർട്ടു ചെയ്തത്. ഓരോ പതിനാറുമിനിറ്റിലും ഒരു പെൺകുട്ടിവീതം ബലാത്സംഗത്തിനിരയാകുന്നുണ്ടത്രേ. അവരിൽ പതിനൊന്നു ശതമാനവും ദളിത്പെൺകുട്ടികളാണ്. 2016 മുതൽ 2018 വരെയുള്ള കണക്കനുസരിച്ച്, യു.പി.യിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഇരുപതുശതമാനമാണു വർദ്ധിച്ചതെന്ന് നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ റിപ്പോർട്ടു ചെയ്യുന്നു. 2009 ൽ 1859 ബലാത്സംഗക്കേസുകളായിരുന്നെങ്കിൽ 2019 ൽ രേഖപ്പെടുത്തിയത് 3065 കേസുകൾ. അതായത്, പത്തുവർഷങ്ങൾക്കിപ്പുറം ഇരട്ടിയലധികം കേസുകളാണ് ചിത്രത്തിലുള്ളത്.

2012 ഡിസംബറിൽ ഡൽഹി നഗരമധ്യത്തിൽ ഓടുന്ന ബസിൽ കൂട്ടമാനഭംഗത്തിനിരയായി നിർഭയ എന്ന പെൺകുട്ടി മരണത്തിനു കീഴടങ്ങിയപ്പോൾ അവളുടെ മാതാപിതാക്കൾ നെഞ്ചുപൊട്ടിപ്പറഞ്ഞിരുന്നു, 'ഞങ്ങളുടെ കുഞ്ഞിന്റെ മരണം, രാജ്യത്ത് സ്ത്രീസുരക്ഷയ്ക്കു വഴിയൊരുക്കട്ടെ' എന്ന്. എട്ടു വർഷങ്ങൾക്കിപ്പുറവും ആ വഴി ഇരുളേറെമൂടി കലുഷിതമായിരിക്കുന്നു.

ഡൽഹിയിലെ നിർഭയയിൽനിന്നുയർന്ന നിസ്സഹായതയുടെ നിലവിളി ഹത്രാസിലും ആവർത്തിക്കപ്പെടുകയാണ്. ഇത് ഇന്ത്യയുടെ മനഃസാക്ഷിയെ വല്ലാതെ നൊമ്പരപ്പെടുത്തുന്നു. സ്ത്രീത്വത്തിന്റെ ശ്രീത്വം ഉയർത്തിപ്പിടിക്കാൻ, നമ്മുടെ പെൺകുരുന്നുകൾക്ക് ഇന്ത്യാമഹാരാജ്യത്ത് നിർഭയം ജീവിക്കാൻ ഇനി എന്നാണാവോ സ്വാതന്ത്ര്യം ഉണ്ടാവുന്നത്? ഹത്രാസിലും പരിസരങ്ങളിലും കേട്ട സ്ത്രീരോദനങ്ങൾ അവസാനിക്കണമെന്നുണ്ടെങ്കിൽ, ധാർമ്മികതയെയും സദാചാരമൂല്യങ്ങളെയും ഉപാസിക്കുന്ന ഇച്ഛാശക്തിയുള്ള ഒരു ഭരണകൂടം പ്രവർത്തനക്ഷമമാകേണ്ടിയിരിക്കുന്നു. □

# ദൈവസ്നേഹത്തിന്റെ ജീവാമൃതം

*1-ാം പേജ് തുടർച്ച*

രാമപുരത്തും സമീപപ്രദേശങ്ങളിലുമുള്ള ദളിത് ഭവനങ്ങളിൽ കയറിയിറങ്ങി തങ്ങളുടെ മക്കളെ പള്ളിയിലും പള്ളിക്കൂടങ്ങളിലും വിട്ടു പഠിപ്പിക്കുവാൻ മാതാപിതാക്കൾക്കു പ്രേരണയും പ്രചോദനമായി കുഞ്ഞച്ചൻ. തങ്ങൾക്ക് ഈ മനുഷ്യസ്നേഹിയുടെ ഹൃദയത്തിൽ ഇടം കിട്ടിയതിന്റെ ആനന്ദമാണ് പാവപ്പെട്ട ഒരു ജനസഞ്ചയം അദ്ദേഹത്തിന്റെ കബറിടത്തിങ്കൽ ഓടിയെത്തി പ്രകടമാക്കിക്കൊണ്ടിരിക്കുന്നത്. ഈ കൊവിഡ് -19 മഹാമാരിയുടെ നാളുകളിലും സ്നേഹത്തിന്റെ ഒരിക്കലും നിലയ്ക്കാത്ത ഉറവയായി നിൽക്കുന്നു വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ.

ഇന്ന് ലോകം ഒരു നവസിദ്ധാന്തത്തിന്റെ സ്വാധീനവലയത്തിലാണ്. വി. ഗ്രന്ഥഭാഷയിൽ ഈ നവീനസിദ്ധാന്തം 'ബാബേലിസം' എന്നറിയപ്പെടുന്നു. ഉത്പത്തി 11:1-9 വരെ നാം വായിക്കുന്ന ബാബേൽ ഗോപുരവുമായി ബന്ധപ്പെട്ട പ്രതിപാദ്യമാണത്. അതായത്, സൃഷ്ടിയായ മനുഷ്യൻ സ്രഷ്ടാവാകുവാൻ നടത്തുന്ന ശ്രമങ്ങളുടെ തിരിച്ചടിയായി കൊവിഡ്-19 മഹാമാരിയെ കാണുവാൻ കഴിയും. എല്ലാം തന്റെ കൈപ്പിടിയിലാണെന്നും പ്രകൃതിയും പ്രകൃതിവിഭവങ്ങളും തന്റെ സ്വാർത്ഥപൂർണ്ണമായ സുഖേച്ഛയ്ക്കു മാത്രമുള്ളതാണെന്നും അഹങ്കരിച്ച മനുഷ്യനു ലഭിച്ച തിരിച്ചടിയാണ് ഈ വൈറസ്ബാധ. മനുഷ്യന്റെ നിസ്സാരതയും നിസ്സഹായാവസ്ഥയും ഇത്രയും വ്യക്തമായ മറ്റൊരു കാലഘട്ടമില്ല. എല്ലാം കൈപ്പിടിയിലെന്ന് അഹങ്കരിക്കുന്നവന് ഒന്നും കൈപ്പിടിയിൽ നിൽക്കുന്നില്ലെന്ന അവബോധം ഈ കാലഘട്ടം നല്കി. രാമപുരത്ത് വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ ലോകത്തെ പഠിപ്പിക്കുന്ന സത്യം ദൈവഹിതത്തിനു കീഴ്പ്പെടുകയെന്നതാണ്. ദൈവാധിപത്യത്തിൽനിന്ന് മനുഷ്യാധിപത്യത്തിലേക്കു മലക്കംമറിഞ്ഞ സാഹചര്യത്തിന്റെ പരിണതഫലംതന്നെയാണ് ഈ പകർച്ചവ്യാധി. പകർച്ചവ്യാധികൾ വി. ഗ്രന്ഥാടിസ്ഥാനത്തിൽ അടയാളങ്ങളാണ്. ഈജിപ്തിൽ ഇസ്രായേൽക്കാരെ ഫറവോ അടിമകളാക്കി. അവരുടെ നിലവിളി ദൈവസന്നിധിയിൽ എത്തിയപ്പോഴാണ് ഒന്നിനുപിറകേ ഒന്നായി പത്തു ബാധകൾ ദൈവം ഈജിപ്തുകാരുടെമേൽ അയയ്ക്കുന്നത്. ഓരോ ബാധയും ഫറവോയെയും ഈജിപ്തുകാരെയും കൂടുതൽ കഠിനഹൃദയരാക്കിക്കൊണ്ടിരുന്നു. അതേത്തുടർന്നാണ് തുടർച്ചയായ ബാധകളയച്ചതും ഒടുവിൽ സംഹാരദൂതൻ ഈജിപ്തുകാരുടെ ഭവനങ്ങളിലൂടെ കടന്നുപോയതും ഇസ്രായേൽഭവനങ്ങളെ ദൈവം അടയാളമിട്ടു സംരക്ഷിച്ചതും.

**സത്യവും നീതിയും സമത്വവും ഉറപ്പാക്കുന്ന സാമൂഹികവ്യവസ്ഥിതിയിൽ മാത്രമേ മനുഷ്യജീവിതം മഹത്തരമാകൂ. സമൂഹത്തിന്റെ ജീർണ്ണിപ്പുകളുടെ അടയാളങ്ങളായ അസമത്വവും അനീതിയും അകറ്റി സമത്വസുന്ദരമായ ഒരു പരിസ്ഥിതിയിൽ മാത്രമേ വൈറസുകളെ മനുഷ്യനു നിയന്ത്രിക്കാനാവൂ. സ്രഷ്ടാവായ ദൈവത്തിനു സൃഷ്ടികൾ കീഴ്പ്പെട്ടിരിക്കാനും സ്രഷ്ടാവിന്റെ ഹിതാനുസരണം ജീവിക്കാനാവശ്യമായ ജീവിതക്രമം പാലിക്കാനും സൃഷ്ടികൾക്ക്, വിശിഷ്യാ, സൃഷ്ടിയുടെ മകുടമായ മനുഷ്യനു കടമയുണ്ട്.**

ഈ ചിന്തകൾ കുറിക്കുമ്പോൾ, ഇപ്പോൾ സജീവമായിരിക്കുന്ന ഒരു സംഭവമാണ് ഏവരെയും ഭയപ്പെടുത്തുന്നത്. ഉത്തരപ്രദേശിലെ ഹാത്രസിൽ ഒരു ദളിത് പെൺകുട്ടി ക്രൂരമായി കൊല്ലപ്പെട്ടതാണ് ഞെട്ടിക്കുന്ന ഓർമ്മകളായി നിൽക്കുന്നത്. പെൺകുട്ടിയെ ക്രൂരമായി കൊലപ്പെടുത്തിയവരെ സംരക്ഷിക്കുന്ന വിധത്തിൽ നാട്ടിലെ നിയമസംവിധാനങ്ങൾ പ്രവർത്തിച്ചതാണ് ഏറ്റവും അപകടകരമായ സ്ഥിതിവിശേഷം. കൊവിഡ് - 19 മഹാമാരിയുടെ പാഠങ്ങൾ ഉൾക്കൊള്ളുവാൻ ഇനിയും മനുഷ്യൻ തയ്യാറായിട്ടില്ലെന്നത് ശുഭകരമായ ഒരു പര്യവസാനമല്ല സൂചിപ്പിക്കുന്നത്. നമ്മുടെ സമൂഹത്തിൽ ഇപ്പോഴും സജീവമായി നിൽക്കുന്ന അനീതിയും അസമത്വവും കൊവിഡ്-19 നെക്കാൾ മാരകമായ വൈറസ് ബാധയാണ്. ശരീരത്തിലെ വൈറസ് ബാധയെക്കാൾ ഭീകരമാണ് മനസ്സിനെ ബാധിക്കുന്ന വൈറസ്. മനസ്സിനെ ബാധിക്കുന്ന വൈറസിന്റെ ഉത്പന്നങ്ങളും ഉപോത്പന്നങ്ങളുമാണ് സാമൂഹിക അസമത്വവും ഉച്ചനീചത്വങ്ങളും.

രാമപുരത്തെ വാഴ്പ്പെട്ട കുഞ്ഞച്ചൻ സമൂഹത്തിനു നൽകുന്ന ദർശനം മനസ്സിനെ ദൈവവിചാരംകൊണ്ട് ശുദ്ധീകരിക്കുവാനാണ്. സത്യവും നീതിയും സമത്വവും ഉറപ്പാക്കുന്ന സാമൂഹികവ്യവസ്ഥിതിയിൽ മാത്രമേ മനുഷ്യജീവിതം മഹത്തരമാകൂ. സമൂഹത്തിന്റെ ജീർണ്ണിപ്പുകളുടെ അടയാളങ്ങളായ അസമത്വവും അനീതിയും അകറ്റി സമത്വസുന്ദരമായ ഒരു പരിസ്ഥിതിയിൽ മാത്രമേ വൈറസുകളെ മനുഷ്യനു നിയന്ത്രിക്കാനാവൂ. സ്രഷ്ടാവായ ദൈവത്തിനു സൃഷ്ടികൾ കീഴ്പ്പെട്ടിരിക്കാനും സ്രഷ്ടാവിന്റെ ഹിതാനുസരണം ജീവിക്കാനാവശ്യമായ ജീവിതക്രമം പാലിക്കാനും സൃഷ്ടികൾക്ക്, വിശിഷ്യാ, സൃഷ്ടിയുടെ മകുടമായ മനുഷ്യനു കടമയുണ്ട്. ഈ സൃഷ്ടപ്രപഞ്ചത്തെ സംബന്ധിച്ച സ്രഷ്ടാവിന്റെ ഹിതം തിരിച്ചറിഞ്ഞ് തികഞ്ഞ ദൈവാവബോധത്തോടെ ജീവിക്കുവാൻ മനുഷ്യൻ തയ്യാറാകുമ്പോഴാണ് ദൈവരാജ്യം സംജാതമാകുന്നത്. ഈ ദൈവരാജ്യത്തിന്റെ വാഗ്മിയും സാക്ഷിയും ആയിരുന്നു വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ. അദ്ദേഹത്തിന്റെ അനുസ്മരണനാളുകൾ മനുഷ്യർക്ക് ഒരു ദൈവാഭിഷേകമായിരിക്കണം. □

# ഈജിപ്റ്റിന്റെ കഥ : ഫറവോമാരുടെയും






പ്രഫ. ചാണ്ടി സഖറിയാസ്

**ലോക**പ്രശസ്ത ചരിത്രകാരനും ഗ്രന്ഥകാരനും ലണ്ടൻ യൂണിവേഴ്സിറ്റിയിൽ പ്രഫസറുമായിരുന്ന ആർനോൾഡ് ടോയിൻബി (Arnold J. Toynbe 1889–1975) 'ചരിത്രത്തിന്റെ ഒരു പഠനം' എന്ന തന്റെ പ്രസിദ്ധമായ പുസ്തകത്തിൽ 19 നാഗരികതകളെ അപഗ്രഥനം ചെയ്തിട്ടുണ്ട്. മാനവസംസ്കാരത്തിന്റെ വളർച്ച ഈജിപ്റ്റ് മുതലാണ് അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നത്. അതിന്റെ പിന്നാലെ മായനും സുമേറിയനും ബാബിലോണിയനും ഗ്രീസും റോമും സിന്ധുനദീതടസംസ്കാരവും മെക്സിക്കനും അക്കൂട്ടത്തിൽ വരുന്നുണ്ട്.


Queen Hatshepsut

എല്ലാ സംസ്കാരങ്ങളും അവയുടെ ഉദ്ഭവം, വളർച്ച, പ്രശ്നാധിഷ്ഠിതകാലം, വളർച്ചയുടെ പരമകാഷ്ഠ, ആത്യന്തികവും അനിവാര്യവുമായ പതനം എന്നീ ഘട്ടങ്ങളിൽക്കൂടി കടന്നുപോകുന്നു. ആത്യന്തികമായ തകർച്ച അതിലെ പ്രവർത്തനോന്മുഖരായ ന്യൂനപക്ഷം ഉള്ളിൽ നിന്നുള്ള വെല്ലുവിളികൾ ഏറ്റെടുക്കാതെ വരുമ്പോഴാണ്. അതാണ് 'Challenge and Response' എന്ന അദ്ദേഹത്തിന്റെ വിശ്വപ്രസിദ്ധമായ പ്രയോഗം. എല്ലാ സംസ്കാരങ്ങളും ഇങ്ങനെ വളർച്ചയുടെ ഉന്നതപീഠത്തിൽ എത്തിയിട്ടു തകർന്നുപോകുന്നതായി കാണുന്നു.

ഈജിപ്റ്റ് ലോകസംസ്കാരങ്ങളുടെ പതാകവാഹകരായിരുന്നു. ഗ്രീസും റോമും പലപ്പോഴും മാതൃകകൾക്കുവേണ്ടി ഈജിപ്റ്റിലേക്കു തിരിഞ്ഞുനോക്കിയിരുന്നു. കലയിലും സാഹിത്യത്തിലും ശില്പവിദ്യയിലും ഭരണക്രമത്തിലും അവർ തുറന്ന പാതയ്ക്കു കടപ്പെട്ടിരിക്കുന്നത് ഈജിപ്റ്റിനോടാണ്. യൂറോപ്പിലും അമേരിക്കയിലും ഈജിപ്റ്റോളജി കോഴ്സിനോടുള്ള അഭിനിവേശവും അവിടങ്ങളിലെ മ്യൂസിയങ്ങളിലുള്ള പുരാതന ഈജിപ്റ്റിൽനിന്നുള്ള വിലയേറിയ വസ്തുക്കളുടെ ശേഖരവും ഇതിനു തെളിവാണ്. അമേരിക്കയിലെ ലാസ്വെഗാസിലുള്ള ലക്സർ കാസിനോ ഇതിനുള്ള മറ്റൊരു പ്രൗഢഗംഭീരമായ ഉദാഹരണമാണ്.

**ഫറവോമാരുടെ ഈജിപ്റ്റ്**

ഫറവോ എന്ന വാക്കിന് മഹത്തായ ഗൃഹം എന്നാണർത്ഥം. 18–ാമത്തെ രാജവംശം മുതലാണ് ഈജിപ്ഷ്യൻ ഭരണാധികാരികളെ ഫറവോമാർ എന്നു വിളിച്ചുതുടങ്ങിയത്. ആദ്യത്തെ ഫറവോയായിരുന്ന നാർമർ മുതൽ ക്ലിയോപാട്ര വരെയുള്ളവർ ആ പേരിൽ അറിയപ്പെട്ടിരുന്നു.

ഈജിപ്റ്റുകാർ ആദ്യകാലംമുതൽ അവരുടെ ഭരണകർത്താക്കളായ ഫറവോമാരുടെ ലിസ്റ്റു സൂക്ഷിച്ചിരുന്നു. അത് കല്ലിലും പാപ്പിറസ് എന്ന കടലാസിനുപകരമുള്ള ഷീറ്റുകളിലും ചിലയിടത്തു കുപ്പികളുടെ സീലിലും കാണപ്പെട്ടു. ബി.സി. 300 ൽ ഒരു പുരോഹിതനായ മാനെതോ 'ഹിസ്റ്ററി ഓഫ് ഈജിപ്ത്' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഫറവോമാരുടെ ലിസ്റ്റാണ് ഇന്നു സാർവ്വത്രികമായി ഉപയോഗിച്ചു വരുന്നത്. ആ ലിസ്റ്റനുസരിച്ച് 30 രാജവംശങ്ങളിൽപ്പെട്ടവരായി ഫറവോമാരെ തിരിച്ചിരിക്കുന്നു. (ഈ ലിസ്റ്റുപോലും വളരെയേറെ നാശം വന്നിട്ടുള്ളതായിരുന്നു) 3100 ബി.സി.ക്കും 340 ബി.സി.ക്കും ഇടയ്ക്കുള്ള ഒരു കാലഘട്ടത്തിൽപ്പെട്ടതാണ് ഫറവോമാർ. ഇടയ്ക്കുള്ള ചില അപവാദങ്ങളൊഴിച്ചാൽ 2500 വർഷം നീണ്ടുനിന്ന ഭരണകാലമായിരുന്നു അവരുടേത്. ആദ്യത്തെ ഫറവോ ആയിരുന്ന നാർമർ ആണ് ഈജിപ്ഷ്യൻ സംസ്കാരത്തിന് ആരംഭംകുറിച്ചുകൊണ്ട് മെംഫിസ് തലസ്ഥാനമായി അപ്പർ ഈജിപ്റ്റും ലോവർ ഈജിപ്റ്റും ചേർന്നുള്ള ഈജിപ്ഷ്യൻ സാമ്രാജ്യത്തിന് ആദ്യമായി നേതൃത്വം കൊടുത്തത്. അതു ചരിത്രത്തിലെ ഏറ്റവും ശക്തിയും സ്വാധീനവുമുണ്ടായിരുന്ന ക്ലിയോപാട്രയുടെ കാലംവരെ തുടർന്നു.

രാജ്യത്തെ ഏറ്റവും ശക്തനും ഭരണാധികാരിയും ആയിരുന്നു ഫറവോ. അദ്ദേഹം ക്ഷേത്രങ്ങളിലെ മുഖ്യപുരോഹിതനും രാജ്യത്തിന്റെ സർവ്വസൈന്യാധിപനും നിയമനിർമ്മാതാവും മുഴുവൻ ഭൂമിയുടെയും ഉടമസ്ഥനും കരം പിരിക്കാൻ അവകാശമുള്ള ആളും രാജ്യത്തെ വൈദേശികാക്രമണങ്ങളിൽനിന്നു രക്ഷിക്കുന്നയാളുമായിരുന്നു.

ക്ഷേത്രങ്ങളിൽ സാധാരണ ആളുകൾ പ്രവേശിച്ചിരുന്നില്ല. ആളുകൾക്ക് ദൈവത്തോടു നേരിട്ടു പ്രാർത്ഥിക്കുവാൻ കഴിഞ്ഞിരുന്നില്ല. ഫറവോ അവരുടെ പ്രാർത്ഥനകൾ ദൈവത്തിലേക്ക് എത്തിക്കുകയായിരുന്നു. ഫറവോ ദൈവത്തിന്റെ പ്രതിപുരുഷനല്ല; ദൈവമായിട്ടുതന്നെയാണ് ഈജിപ്ഷ്യൻ ജനതയ്ക്കനുഭവപ്പെട്ടിരുന്നത്.

ബി.സി. 3100 ൽ അപ്പർ ഈജിപ്റ്റും ലോവർ ഈജിപ്റ്റും ചേർന്ന ഈജിപ്ഷ്യൻ സംസ്കാരത്തിന്റെ ആരംഭംകുറിച്ചുവെന്നു പറഞ്ഞുവല്ലോ. പിന്നീടുള്ള ഈജിപ്റ്റിന്റെ ചരിത്രം മൂന്നായിട്ടു തിരിക്കാം. 1. ഓൾഡ് കിംഗ്ഡം (2780–2250 ബി.സി.), 2. മിഡിൽ കിംഗ്ഡം (2134–1778 ബി.സി.) 3. ന്യൂ കിംഗ്ഡം (1567 –1080 ബി.സി.)

**ഓൾഡ് കിംഗ്ഡം**

എഴുത്ത് വശമുണ്ടായിരുന്ന ഈ കാലഘട്ടത്തെപ്പറ്റിയുള്ള വിവരങ്ങളൊക്കെയും നാർമർ അഥവാ മെനെസ് ഉൾപ്പെടെയുള്ള ഭരണാധിപൻമാരുടെ (ഫറവോമാർ) ശവക്കല്ലറകളിൽ നിന്നു കിട്ടിയിട്ടുള്ളതാണ്. ഈ കാലഘട്ടത്തെ പിരമിഡിന്റെ കാലം എന്നും വിളിക്കാറുണ്ട്. കാരണം, ഈജിപ്ഷ്യൻ സംസ്കാരത്തിന്റെ സർവ്വകാലവിജയത്തിന്റെ കീർത്തിമുദ്ര പേറി നില്ക്കുന്ന കെയ്റോയ്ക്കടുത്തുള്ള ഗിസായിലെ ഏറ്റവും വലിയ പിരമിഡ് ഉൾപ്പെടെയുള്ളവ (പുരാതന ലോകാദ്ഭുതങ്ങളിൽ ഒന്ന്) നിർമ്മിച്ചത് ആ കാലഘട്ടത്തിലാണ്. സത്യവും നീതിയും നടമാടിയിരുന്ന ഈ കാലത്ത് രാജ്യത്ത് സമാധാനത്തിന്റെയും ശാന്തിയുടെയും പൊൻവെളിച്ചം തെളിഞ്ഞുനിന്നിരുന്നതായി പറയപ്പെടുന്നു.

**മിഡിൽ കിംഗ്ഡം**

ഈ സമയത്ത് ഈജിപ്റ്റിന്റെ ആസ്ഥാനം തെബിസ് ആയിരുന്നു. സ്വർണ്ണനിക്ഷേപങ്ങളുടെ നാടായ നബിയാവരെ രാജ്യത്തിന്റെ അതിർത്തികൾ എത്തിയിരുന്നു. മെഡിറ്ററേനിയൻ ദ്വീപായ ക്രീറ്റുമായി വ്യാപാരബന്ധമുണ്ടായിരുന്നു. കലാപങ്ങളും കലഹങ്ങളും അഴിമതിയും നിറഞ്ഞ ഈ കാലഘട്ടത്തിന്റെ ഹൈക്ക് സോസ് വംശജർ ഈജിപ്റ്റ് കീഴടക്കി നൂറു വർഷത്തോളം രാജ്യത്തിന്റെ നിയന്ത്രണം ഏറ്റെടുത്തു. അവർ ഈജിപ്റ്റിന്റെ സംസ്കാരത്തെ ആദരിക്കുകയും ഉൾക്കൊള്ളുകയും ചെയ്തിരുന്നു.

**ദി ന്യൂ കിംഗ്ഡം**

ഈജിപ്റ്റ് വലിയ ഒരു സാമ്രാജ്യമായി വളർന്ന ഈ കാലഘട്ടം സാമ്രാജ്യത്തിന്റെ യുഗം എന്നും അറിയപ്പെടുന്നു. പ്രതാപശാലികളായ ഫറവോമാരുടെ കാലഘട്ടത്തിൽ സാമ്രാജ്യം യൂഫ്രട്ടീസ് നദി വരെയും വളർന്നിരുന്നു. മധ്യപൂർവ്വദേശങ്ങളുമായി വളരെ അടുത്ത ബന്ധത്തിൽ ഏർപ്പെട്ടിരുന്നു. ഇതിനെ ഈജിപ്റ്റിന്റെ സുവർണ്ണകാലം എന്നും വിളിക്കാറുണ്ട്. പിന്നീടു ഭുവനപ്രശസ്തരായ Hatshepsut (ഫറവോയായ ആദ്യത്തെ സ്ത്രീ), തുത്തൻഖാമുൻ (Tutankhmun) റാംസെസ്-II (Ramsses-II) മുതലായവർ ജീവിച്ചിരുന്നത് ഈ കാലഘട്ടത്തിലാണ്. ഐശ്വര്യസമൃദ്ധമായ ആ കാലത്ത് രാജ്യത്തിന് വൻസ്വർണ്ണനിക്ഷേപവും എണ്ണിയാലൊടുങ്ങാത്ത അടിമക്കൂട്ടങ്ങളും ഉണ്ടായിരുന്നു. ഇസ്രായേലിൽനിന്നു വന്ന യഹൂദരുടെ കൂട്ടപ്പലായനം ഇക്കാലത്തായിരുന്നു. നിലവിലെ കീഴ്വഴക്കങ്ങളനുസരിച്ച് ഒരു സ്ത്രീക്കു ഫറവോ ആകാൻ പാടില്ലായിരുന്നു. എന്നാൽ, Hatshepsut ആറു വർഷം പ്രായമുള്ള തന്റെ മകന്റെ റീജന്റായി ഭരിക്കുന്നതിനുപകരം, സ്വയം ഫറവോയായി പ്രഖ്യാപിച്ച് 20 വർഷം ശക്തയായ ഒരു ഭരണാധികാരിയായി രാജ്യത്തെ നയിച്ചു. പുരുഷന്മാരെ അനുകരിച്ച് ഒരു കൃത്രിമത്താടിയും രാജ്ഞി വച്ചിരുന്നു.

(തുടരും)


Arnold J. Toynbe

കഥയും കാര്യവും

സത്യൻ താന്നിപ്പുഴ

## സമയമില്ലപോലും!

**ഉ**ലഹന്നാൻ അലസനും മടിയനുമാണ്. എന്തു കാര്യം ചെയ്യാൻ ഏല്പിച്ചാലും കൃത്യമായി ചെയ്യുകയില്ല. കാരണം ചോദിച്ചാൽ സമയമുണ്ടായില്ലെന്നു പറയും. എപ്പോഴും സമയമില്ലെന്നാണ് പരാതി.

അയാളുടെ സുഹൃത്ത് എബ്രഹാം 'പൊൻമുട്ടയിടുന്ന താറാവ്' എന്ന ബാലസാഹിത്യകൃതി എഴുതി. പുസ്തകത്തിന്റെ പ്രകാശനം പെരുമ്പാവൂർ ആശാൻസ്മാരക സാഹിത്യവേദിയിൽ വച്ചു നടന്നു. സാഹിത്യവേദിയിൽ ഉലഹന്നാൻ വന്നിരുന്നു. പുസ്തകത്തിന്റെ ഒരു കോപ്പി ഉലഹന്നാൻ വാങ്ങിക്കൊണ്ടുപോയി. എബ്രഹാം പറഞ്ഞു: "പുസ്തകം വായിച്ച് ഒരാസ്വാദനക്കുറിപ്പ് എഴുതിത്തരണം"



ഉലഹന്നാൻ എഴുതിത്തരാമെന്നു പറഞ്ഞു പോയി. ഒരു മാസം കഴിഞ്ഞ് എബ്രഹാം ചോദിച്ചു: "പുസ്തകത്തെപ്പറ്റി ആസ്വാദനക്കുറിപ്പ് എഴുതിത്തന്നില്ലല്ലോ?"

ഉലഹന്നാൻ പറഞ്ഞു: "എവിടെ സമയം? വായിക്കാൻ കഴിഞ്ഞില്ല."

എബ്രഹാം ചോദിച്ചു: "ഇന്ത്യൻ പ്രധാനമന്ത്രിക്കും എനിക്കും മറ്റെല്ലാവർക്കും ദിവസത്തിൽ ഇരുപത്തിനാല് മണിക്കൂറല്ലേ ഉള്ളൂ? ആ സമയം വേണ്ടപോലെ ഉപയോഗിക്കണം. അപ്പോൾ സമയമുണ്ടാകും. ഞാൻ ജീവിതത്തിൽ ഒരിക്കലും സമയമില്ലെന്നും കൈയിൽ രൂപയില്ലെന്നും പറഞ്ഞിട്ടില്ല. സമയവും രൂപയും വേണ്ടപോലെ ഉപയോഗിക്കണം."

നാളെ ചെയ്യാനുള്ള കാര്യങ്ങൾ ഇന്ന രാത്രി കിടക്കുമ്പോൾ പ്ലാൻ ചെയ്യണം. രാവിലെ എഴുന്നേല്ക്കുമ്പോൾ ചെയ്യാനുള്ള കാര്യങ്ങൾ ഓരോന്നായി അക്കമിട്ട് ഒരു കടലാസിൽ എഴുതണം. ഓരോ കാര്യവും ചെയ്തുകഴിയുമ്പോൾ മാർക്കു ചെയ്തു വയ്ക്കുക. അടുത്തകാര്യം ചെയ്യുക. ഇങ്ങനെ ചെയ്താൽ എല്ലാ കാര്യങ്ങളും വേണ്ടപോലെ ചെയ്യാൻ സമയം കിട്ടും. ഒന്നും ചെയ്യാൻ ബാക്കിയുണ്ടാകില്ല. പ്ലാനിങ്ങില്ലാതെ പോയാൽ ഒന്നും നടക്കുകയില്ല. വയ്ക്കോലിലിട്ട് ചക്കവെട്ടിയ പോലെയാകും.

അതുപോലെ രൂപയും വരവറിഞ്ഞ് ആവശ്യത്തിനുമാത്രം ചെലവ് ചെയ്യുക. വരവനുസരിച്ചേ ചെലവു ചെയ്യാവൂ. വരവിൽ ഒരു വീതം മിച്ചം വയ്ക്കണം. അങ്ങനെ ശീലിച്ചാൽ രൂപയില്ലെന്ന പരാതിയും ഉണ്ടാകുകയില്ല.

ഇങ്ങനെ ഒന്നു ശീലിച്ചു നോക്കൂ. സമയമില്ലെന്ന പരാതിയും രൂപയില്ലെന്ന പരാതിയും ഉണ്ടാകുകയില്ല.






ഡോ. കുര്യാസ് കുമ്പളക്കുഴി

# നാലു പാലം പണിതപ്പോൾ ഒരു പാലം ഫ്രീ



**കൊ**വിഡ് ദുരിതവാർത്തകൾക്കിടയിൽ, വേനലറുതിയിലെ പുതുമഴപോലെ, ആശ്വാസകരമായിരുന്നു ആ വാർത്ത. പാലാരിവട്ടം മേൽപ്പാലം പുനർനിർമ്മാണത്തിനു സർക്കാർ ഇനിയും പണം മുടക്കേണ്ടതില്ലെന്ന്. വാർത്തയുടെ ഉറവിടം മെട്രോമാൻ ഇ. ശ്രീധരൻ.

എറണാകുളം മെട്രോയിലെ നാലു പാലങ്ങൾ, ഇ. ശ്രീധരന്റെ നേതൃത്വത്തിൽ പണിതീർത്തത്, എസ്റ്റിമേറ്റിൽ പറഞ്ഞിരുന്നതിലും കുറഞ്ഞ തുകയ്ക്കാണ്. അതുവഴി മിച്ചം വന്നത് 17.4 കോടി രൂപ! അതുമതിയത്രേ പാലം പൊളിച്ചു പണിയുന്നതിന്.

ഇങ്ങനെയുമുണ്ടോ എൻജിനീയർമാർ? പൊതുനിർമ്മിതികൾ സർക്കാർ അംഗീകരിച്ച എസ്റ്റിമേറ്റിലും കുറച്ചു പണി തീർക്കുന്നവർ? അതും ഗുണനിലവാരത്തിൽ യാതൊരു കുറവും വരുത്താതെ? ഉണ്ട്. അതാണ് ശ്രീധരൻ നമ്മോടു പറയുന്നത്. കൂരിരുട്ടിൽ തെളിഞ്ഞുനില്ക്കുന്ന നക്ഷത്രങ്ങളുണ്ടെന്നും കരകാണാക്കടലിൽ ചെറിയ ദ്വീപിടങ്ങളുണ്ടെന്നും.

പലരും ഓർക്കുന്നുണ്ടാകും, 2019 ഏപ്രിലിൽ കോട്ടയത്തെ പഴയ നാഗമ്പടം റെയിൽവേ മേൽപ്പാലം പൊളിച്ചുകളയാൻ നടത്തിയ ശ്രമങ്ങൾ പരാജയപ്പെട്ടത്. നിയന്ത്രിതസ്ഫോടനത്തിലൂടെ പാലം തകർക്കാൻ രണ്ടു തവണ നടത്തിയ ശ്രമത്തിലും പാലം കുലുങ്ങാതെ നിന്നു! ആളുകൾ മാത്രമല്ല, എൻജിനീയർമാരും അദ്ഭുതപ്പെട്ടുപോയി -എന്തൊരു നിർമ്മിതിയെന്ന്. അപ്പോൾ ശ്രീധരൻ അവരോടു വെളിപ്പെടുത്തി, അന്ന് അതായത് 1955 ൽ, നാഗമ്പടം മേൽപ്പാലം പണിയുമ്പോൾ താനായിരുന്നു എൻജിനീയറെന്ന്! പിന്നീട് ഡയമണ്ട് കട്ടർ ഉപയോഗിച്ചു പാലം മുറിച്ചുമാറ്റുകയായിരുന്നു.

65 കൊല്ലംമുമ്പു നാഗമ്പടം മേൽപ്പാലം പണിതീരുമ്പോൾ പൊതുമുതൽ കൊള്ളക്കാരുടെ എണ്ണം ഇന്നത്തേതുപോലെ പെരുകിയിരുന്നില്ല. അവർ തീരെ ഇല്ലാതിരുന്നില്ല. പക്ഷേ, ശ്രീധരനെപ്പോലെയുള്ള എൻജിനീയർമാരുടെ സാന്നിധ്യത്തിൽ അവർക്കു പ്രബലപ്പെടാൻ കഴിയുമായിരുന്നില്ല!

അത് നാഗമ്പടം പഴയപാലം പറഞ്ഞുതരുന്ന പാഠമാണ്. ഒപ്പം, മറ്റൊന്നുകൂടിയുണ്ട്, അനുവദിച്ചിരിക്കുന്ന അളവിലും തൂക്കത്തിലും കൃത്യമായി പണിതീർത്താൽ പാലങ്ങളും റോഡുകളും ആറു മാസത്തിനുള്ളിൽ തകർന്നുപോകില്ലെന്നും.

രാജീവ്ഗാന്ധി പ്രധാനമന്ത്രിയായിരിക്കേ നടത്തിയ സത്യസന്ധമായ ഒരു വെളിപ്പെടുത്തലാണ് ഓർമ്മവരുന്നത്. ഇന്ത്യയിൽ പദ്ധതികൾക്കനുവദിക്കുന്ന തുകയിൽ നാല്പതു ശതമാനത്തോളം മാത്രമേ അവയ്ക്കുവേണ്ടി വിനിയോഗിക്കപ്പെടുന്നുള്ളൂ എന്ന്. അറുപതു ശതമാനവും പലവഴിക്കു ചോർന്നുപോവുകയാണത്രേ!

ഇതുതന്നെയാവുമോ പാലാരിവട്ടം മേൽപ്പാലനിർമ്മാണത്തിലും സംഭവിച്ചത്? ആയിരിക്കണം. അല്ലെങ്കിൽ, ഇത്രവേഗം ആ പാലം ഒരു പഞ്ചവടിപ്പാലമായി മാറുമായിരുന്നോ?

2014 സെപ്റ്റംബറിലാണ് പാലാരിവട്ടം മേൽപ്പാലത്തിന്റെ പണിയാരംഭിച്ചത്. 2016 ഒക്ടോബർ 12 നു മുഖ്യമന്ത്രി പിണറായി വിജയൻ പാലം നാടിനു സമർപ്പിച്ചു. നിർമ്മാണത്തിന്റെ ഭൂരിഭാഗവും മുൻ യുഡിഎഫ് ഗവൺമെന്റിന്റെ കാലത്താണു നടന്നത്. അതുകൊണ്ടാവണം പാലം നിർമ്മാണത്തിലെ അഴിമതിയെക്കുറിച്ചു പ്രതിപക്ഷസമരക്കാർ മൗനം പാലിക്കുന്നത്!

ഒറ്റത്തൂണിൽ തീർത്ത നാലുവരി ഫ്ളൈ ഓവറാണ് പാലാരിവട്ടം മേൽപ്പാലം. പാലത്തിനു മാത്രം 442 മീറ്റർ നീളമുണ്ട്. ഇരുവശത്തുമുള്ള അപ്രോച്ച് റോഡുകൾകൂടി ചേരുമ്പോൾ ആകെ നീളം 750 മീറ്റർ. ചെലവ് 39 കോടി രൂപ.

കേരളാ റോഡ് ഫണ്ട് ബോർഡിന് ഇന്ധനസെസ് വിഹിതമായി ലഭിച്ച തുക ഉപയോഗിച്ചായിരുന്നു നിർമ്മാണം. എന്നുപറഞ്ഞാൽ, കേരളത്തിലെ വാഹന ഉടമകൾ കൊടുത്ത പണം ഉപയോഗിച്ചാണു പാലം നിർമ്മിച്ചതെന്ന്. അതിൽനിന്നാണ് ആർത്തി പെരുത്ത ജനദ്രോഹികൾ കൈയിട്ടുവാരിയതെന്ന്. ഇ. ശ്രീധരനായിരുന്നു പാലം നിർമ്മാണത്തിന്റെ ചുമതലയെങ്കിൽ, ആകെ തുകയുടെ മൂന്നിലൊന്നെങ്കിലും മിച്ചംവരുമായിരുന്നിരിക്കണം. പാലം തകർക്കാൻ ശ്രമിച്ചാലും തകരാതെ നില്ക്കുകയും ചെയ്യുമായിരുന്നു.

ഉദ്ഘാടനം കഴിഞ്ഞ് ഒരു വർഷംപോലും തികയുംമുമ്പേ പാലത്തിൽ വിള്ളലുകൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി. ഇതു ശ്രദ്ധയിൽപ്പെട്ട കെ.വി. ഗിരിജൻ എന്ന സാമൂഹികപ്രവർത്തകൻ വകുപ്പുമന്ത്രിക്കു പരാതി നല്കിയത് 2017 ജൂൺ 30 ന്. മന്ത്രി ആ പരാതി ഉപരിനടപടികൾക്കായി കേരളാ റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷനു കൈമാറി.

തുടർന്നുനടന്ന പരിശോധനയിൽ പാലാരിവട്ടം മേൽപ്പാലം അപകടനിലയിലാണെന്നു ഞെട്ടിക്കുന്ന സത്യം പുറത്തുവന്നു. എക്സ്പാൻഷൻ ജോയിന്റുകളുടെയും പാലത്തിന്റെ ഭാരം താങ്ങുന്ന ബെയറിംഗുകളുടെയും നിർമ്മാണത്തിലുണ്ടായ പിഴവാണത്രേ ബലക്ഷയത്തിനു കാരണം.

ഇ. ശ്രീധരനും പാലത്തിൽ വിശദമായ പരിശോധന നടത്തി. നിർമ്മാണപ്പിഴവുകൾ കണ്ട് അദ്ദേഹം നടുങ്ങിയിരിക്കണം. പാലം പൊളിച്ചു പണിയേണ്ടിവരുമെന്നായിരുന്നു അദ്ദേഹം നല്കിയ റിപ്പോർട്ട്.

മദ്രാസ് ഐ.ഐ.ടി. യിലെ വിദഗ്ധസംഘവും പാലം പരിശോധിച്ചു. ബലക്ഷയത്തെക്കുറിച്ച് അവർക്കും അഭിപ്രായവ്യത്യാസം ഉണ്ടായില്ല. പാലത്തിനുപയോഗിച്ച കോൺക്രീറ്റ് മിശ്രിതം ഗുണനിലവാരമില്ലാത്തതായിരുന്നു എന്നും അവർ കണ്ടെത്തി. നോക്കണേ, നൂറ്റാണ്ടുകൾ നിലനില്ക്കേണ്ട ഒരു പാലം നിർമ്മാണത്തിൽ ബന്ധപ്പെട്ടവർ വരുത്തിയ പാകപ്പിഴകൾ! അവരുടെ പേരിൽ രാജ്യദ്രോഹക്കുറ്റത്തിനാണു നടപടിയെടുക്കേണ്ടത്.

2019 മേയ് മാസത്തിൽ അന്വേഷണം വിജിലൻസിനെ ഏല്പിച്ചു. നിർമ്മാണത്തിൽ വ്യാപകമായ ക്രമക്കേടുണ്ടെന്നായിരുന്നു അവരുടെ പ്രാഥമിക റിപ്പോർട്ട്.

പാലം നിർമ്മാണകാലത്തു പൊതുമരാമത്തുവകുപ്പു സെക്രട്ടറിയായിരുന്ന ടി.ഒ. സൂരജ് 2019 ഓഗസ്റ്റ് 30 ന് അറസ്റ്റു ചെയ്യപ്പെട്ടു. പാലം പണി കോൺട്രാക്റ്റ് എടുത്തിരുന്ന ഡൽഹി ആർ.ഡി.എസ്. കൺസ്ട്രക്ഷൻ കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ സുമീത് ഗോയൽ, കിറ്റ്കോ മുൻ എം.ഡി. ബെന്നി പോൾ, ആർ.ബി.ഡി.സി.കെ. അസി. മാനേജർ പി.ഡി. തങ്കച്ചൻ എന്നിവരും അറസ്റ്റിലായി.

അറസ്റ്റു ചെയ്യപ്പെട്ടവരുടെ മൊഴികൾ വിരൽചൂണ്ടുന്നത്, അന്നത്തെ പൊതുമരാമത്തു മന്ത്രി ഇബ്രാഹിം കുഞ്ഞിനു നേരേയാണ്. അദ്ദേഹത്തെ വിജിലൻസ് പലവട്ടം ചോദ്യം ചെയ്തുകഴിഞ്ഞു. അന്ന് കേരളാ റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷൻ എം.ഡിയായിരുന്ന മുഹമ്മദ് ഹനീഷിനും രക്തത്തിൽ പങ്കുണ്ടെന്ന് അറസ്റ്റിലായവരുടെ മൊഴികളിൽ സൂചനയുണ്ടത്രേ.

39 കോടിയുടെ വിഹിതം പറ്റിയവർ ചെറുത്തുനില്ക്കാനാണു നോക്കുന്നത്. അതങ്ങനെയാണല്ലോ. അവരും നീതിക്കുവേണ്ടി (അതോ, അനീതിക്കുവേണ്ടിയോ?) കോടതിയെ സമീപിച്ചു. 2019 സെപ്റ്റംബറിൽ കേരള ഹൈക്കോടതിയുടെ ഉത്തരവുണ്ടായി-പാലം പൊളിക്കരുത്, ആദ്യം ഭാരപരിശോധന നടത്തണം. ഉത്തരവിനെതിരേ സർക്കാർ ഡിവിഷൻ ബെഞ്ചിൽ അപ്പീൽ നല്കിയെങ്കിലും ഫലമുണ്ടായില്ല.

സംസ്ഥാനസർക്കാർ അപ്പീലുമായി സുപ്രീംകോടതിയിലെത്തി. ഇക്കഴിഞ്ഞ സെപ്റ്റംബർ 29 ന് സുപ്രീംകോടതി അപ്പീൽ അനുവദിച്ചു. പാലം പൊളിച്ചുപണിയാൻ സർക്കാരിന് അനുമതിയും ലഭിച്ചു.

പാലത്തിന്റെ പുനർനിർമ്മാണച്ചുമതല ഇ. ശ്രീധരൻ ഏറ്റെടുത്തുകഴിഞ്ഞു. പണി ആരംഭിക്കുകയും ചെയ്തിരിക്കുന്നു. എട്ടുമാസംകൊണ്ടു പുതിയ പാലം ഗതാഗതയോഗ്യമാക്കുമെന്നാണദ്ദേഹം അറിയിക്കുന്നത്. കൊൽക്കൊത്ത മെട്രോയും ഡൽഹി മെട്രോയും കൊങ്കൺ റെയിൽവേയും ഒടുവിൽ കൊച്ചി മെട്രോയുടെ ഏറ്റെടുത്ത ഭാഗവും സമയത്തിനുമുമ്പേ പണിതീർത്തു ചരിത്രം സൃഷ്ടിച്ച അദ്ദേഹത്തിന്റെ ഉറപ്പു പാഴാകില്ല.

നമുക്കു കാത്തിരിക്കാം. പുതിയ പാലാരിവട്ടം മേൽപ്പാലത്തിലൂടെ സുരക്ഷിതമായി വാഹനങ്ങൾ ഇരമ്പിപ്പായുന്ന നല്ല നാളുകൾക്കുവേണ്ടി; ഒപ്പം, രാജ്യദ്രോഹികൾക്കെതിരേ നീതിപീഠങ്ങൾ നിർഭയം ശിക്ഷാവിധിയെഴുതുന്ന നല്ല ദിനങ്ങൾക്കുവേണ്ടിയും.

□

### പാട്ടിന്റെ പാലാഴി – 65

ളാക്കാട്ടൂർ പൊന്നപ്പൻ

### സംഗീതാചാര്യന്മാർ

## വേദനായകംപിള്ള

യഥാർത്ഥ സംഗീതസേവനം, ദേശംകൊണ്ടോ മതംകൊണ്ടോ ബന്ധിക്കപ്പെട്ടതല്ല എന്നതിന് ഒരു നല്ല ഉദാഹരണമാണ് വേദനായകംപിള്ള. 1826 ൽ തൃശ്ശിനാപ്പള്ളിക്കടുത്ത് വേലൻകുളത്തൂർ ഗ്രാമത്തിൽ ഒരു കത്തോലിക്കാകുടുംബത്തിൽ ശവരിമുത്തുപ്പിള്ളയുടെ മകനായി ജനനം. തിരുവാടുതുറൈമഠത്തിലെ സുബ്രഹ്മണ്യദേശികർ, തമിഴ്വിദ്വാൻ മീനാക്ഷിസുന്ദരംപിള്ള, ഗോപാലകൃഷ്ണ ഭാരതി മുതലായവരുമായുള്ള അടുപ്പം സംഗീതത്തിൽ പരിജ്ഞാനം നേടുന്നതിന് ഇദ്ദേഹത്തെ സഹായിച്ചു.

സർക്കാർ നീതിന്യായവകുപ്പിൽ പല ജോലികളിലിരുന്ന് ഒടുവിൽ മുൻസിഫ് ഉദ്യോഗത്തിൽ പ്രശസ്തമായ സേവനം അനുഷ്ഠിച്ചുവെങ്കിലും ആ ഉദ്യോഗത്തിൽ അദ്ദേഹം സംതൃപ്തനല്ലായിരുന്നു. സ്വമേധയാ പെൻഷൻപറ്റി പിരിഞ്ഞു. പിന്നീട് സംഗീതത്തിലായിരുന്നു അദ്ദേഹത്തിന്റെ ശ്രദ്ധ. നീതിപരവും എല്ലാ മതാനുയായികൾക്കും സ്വീകാര്യവുമാകത്തക്കവണ്ണം ഈശ്വരനെ പൊതുവായി സ്തുതിക്കുന്ന കീർത്തനങ്ങൾ വേദനായകംപിള്ളയുടെ തൂലികയിൽനിന്ന് ഉതിർന്നു. 200 ൽപ്പരം കീർത്തനങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ഇവ 'സർവ്വസമയസാരകീർത്തനങ്ങൾ' എന്ന പേരിൽ അറിയപ്പെടുന്നു. പ്രതാപമുതലിയാർ ചരിത്രം, ഗുണസുന്ദരി എന്നീ നോവലുകളും അദ്ദേഹം രചിച്ചിട്ടുണ്ട്. തമിഴിലായിരുന്ന ഇദ്ദേഹത്തിന്റെ രചനയിലധികവും. ഈശ്വരസ്തോത്രങ്ങൾ എന്ന പേരിൽ ചില കീർത്തനങ്ങളും രചിച്ചിട്ടുണ്ട്.

വേദനായകംപിള്ളയുടെ രചനകളിൽ ഏറെ പ്രസിദ്ധമായതും സർവ്വരാലും പ്രകീർത്തിക്കപ്പെടുന്നതും ഇന്നും കച്ചേരികളിൽ ധാരാളം ഗായകർ ആലപിക്കുന്നതുമായ ചില കൃതികളെ പരാമർശിക്കാതിരിക്കാൻ സാധ്യമല്ല. നാദനാമക്രിയരാഗത്തിലെ കണ്ണാലെ കണ്ടേൻ വേറെന്റും, മലയമാരുതരാഗത്തിലെ ദയൈ പുരിയ, സരസ്വതീരാഗത്തിലെ ദേവാധിദേവ, ഹിന്ദോളരാഗത്തിലെ ചിന്തയാമി, അഠാണരാഗത്തിലെ മനമേ നീ മറവാതെ, അയ്യനെ ഉൻ ജയമനോഹരിരാഗം, കരുണാരസനിധിയേ ഹിന്ദോളരാഗം, തുടങ്ങിയ കീർത്തനങ്ങൾ ഇവയിൽ ചിലതാണ്.

വേദനായകംപിള്ളയുടെ കീർത്തനങ്ങളെ അനുകരിച്ച് കെ.സി.കേശവപിള്ള ഈശ്വരസ്തോത്രങ്ങൾ എന്ന പേരിൽ ചില കീർത്തനങ്ങൾ രചിച്ചിട്ടുണ്ട്.

മതേതരത്വത്തിന്റെ മകുടോദാഹരണമായിരുന്ന ശ്രീ വേദനായകംപിള്ള എന്ന ക്രിസ്ത്യാനി സംഗീതജ്ഞൻ 1889 ൽ ഇഹലോകവാസം വെടിഞ്ഞു.

# ഒരു മുഖം മാത്രം

കഥ



കാരിത്തടം വർക്കി

**റോ**ഡിലൂടെ വേഗത്തിൽ വാഹനങ്ങൾ പാഞ്ഞുപൊയ്ക്കൊണ്ടിരുന്നു. കോൺക്രീറ്റ്പാലത്തിന്റെ കൈപ്പിടിക്കരികിലൂടെ അയാൾ നടന്നുനീങ്ങി. ഒട്ടും ശാന്തമല്ലാതെ പുഴ കുത്തിയൊഴുകുകയാണ്. കുറച്ചുമുമ്പ് പെയ്തു തീർന്ന മഴ കാരണമായിരിക്കാം പുഴയിലെ



വെള്ളം കലങ്ങിയിരുന്നു, അയാളുടെ മനസ്സുപോലെ. ആ പ്രദേശം അയാൾക്കു തികച്ചും അപരിചിതമായിരുന്നു. അയാളുടെ മുഖം ദയനീയമായിരുന്നു. പല നാടുകൾ താണ്ടി, പല മനുഷ്യരെയും പിന്നിട്ട് ഇവിടെവരെയെത്തി. എന്നിട്ടും എവിടെയും ഒരു ആശ്രയം കിട്ടിയില്ല. ഒരു തുണിസഞ്ചി മാത്രം കൈയിൽ, കൂട്ടെന്നു പറയാൻ സ്വന്തം നിഴൽമാത്രം. തനിക്കെ തിരേ വീശുന്ന കാറ്റിനെ അതിജീവിച്ച് അയാൾ നടന്നുകൊണ്ടിരുന്നു.

പാലത്തിനപ്പുറമുള്ള ചായക്കട അയാളുടെ ശ്രദ്ധയിൽപ്പെട്ടു. കണ്ഠം വരണ്ടുതുടങ്ങിയിരുന്നു. അയാൾ തന്റെ കാലുകളുടെ വേഗം കൂട്ടി, ചായക്കടയുടെ പുറത്തെ ബെഞ്ചിൽ അയാൾ ശാന്തനായി ഇരുന്നു. ചായയ്ക്കു പറഞ്ഞിട്ട് ദീർഘനിശ്വാസത്തോടെ മുഖം കുനിച്ചിരുന്നു. താടിരോമങ്ങൾ ചൊറിഞ്ഞുകൊണ്ട് ഏകനായിരുന്ന അയാളുടെ ഓർമ്മകൾ പിന്നോട്ടോടി.

ഒരുപാട് സമ്പത്തൊന്നുമില്ലെങ്കിലും തന്റെ സ്നേഹം തിരിച്ചറിഞ്ഞ് അവൾ ഇറങ്ങിവന്നു. അത് എല്ലാം ഉപേക്ഷിച്ചുകൊണ്ടുള്ള വരവായിരുന്നു. ചോർന്നൊലിക്കുന്ന ആ ഒറ്റമുറിവീട്ടിൽ തന്നോടൊപ്പം നിലത്തുകിടന്നുറങ്ങിയപ്പോഴും അവൾ തന്നെ ദേഷ്യത്തോടെ നോക്കിയിട്ടില്ല. തുച്ഛമായ വേതനംകൊണ്ട് ജീവിതം ഉന്തിത്തള്ളി നീക്കുമ്പോഴും അവളുടെ അധരങ്ങൾ പരാതിക്കോ പരിഭവത്തിനോ ചലിച്ചിട്ടില്ല. ആഡംബരസമൂഹത്തിനു നടുവിൽ ജീവിക്കുമ്പോഴും അവൾ ഒന്നും ആഗ്രഹിച്ചിരുന്നില്ല. അവൾ തന്റെ പഴയ ജീവിതത്തെ ഒരിക്കലും കൊതിയോടെ ഓർത്തിട്ടില്ല. സ്നേഹിക്കാൻ മാത്രമറിയുന്ന ആ മനസ്സ് എപ്പോഴോ തന്റേതു മാത്രമാകുകയായിരുന്നു. തങ്ങൾ സ്നേഹിച്ചുതുടങ്ങിയ കാലംമുതൽതന്നെ അവൾക്ക് തന്നെക്കുറിച്ച് അറിയാമായിരുന്നു. ഒരിക്കലും ഒന്നാകില്ലെന്നറിഞ്ഞിട്ടും ഒന്നായാൽത്തന്നെ ജീവിതം സുഖകരമായിരിക്കില്ലെന്നറിഞ്ഞിട്ടും അവൾ തന്നെ സ്നേഹംകൊണ്ടു കീഴടക്കി. വീട്ടുകാരെല്ലാം എതിർത്തിട്ടും ഇറങ്ങിവന്നു. അവൾക്കുവേണ്ടിയുള്ളതായിരുന്നു പിന്നീട് തന്റെ ജീവിതം. ഒരിക്കലും നിനക്കു കരയേണ്ടിവരില്ല എന്ന് അവൾക്കു വാക്കുകൊടുത്തപ്പോഴും തനിക്ക് അതേപ്പറ്റി സംശയമുണ്ടായിരുന്നു.

"ചേട്ടാ ചായ." കടക്കാരൻ അയാളുടെ നേരേ ചായഗ്ലാസ് നീട്ടി. ക്ഷീണിച്ച കൈകളോടെ അയാൾ അതു വാങ്ങി. അവന്റെ മുഖത്തേക്കു നോക്കി. എങ്കിലും അവനതു ശ്രദ്ധിക്കാതെ അകത്തേക്കു കയറിപ്പോയി. വൈകുന്നേരമായതുകൊണ്ട് കടയിൽ നല്ല തിരക്കുണ്ട്. ശബ്ദമുഖരിതമായ അന്തരീക്ഷത്തിലും അയാൾ ഏകനായിരുന്നു.

ഒന്നരവർഷത്തിനുശേഷം തങ്ങളുടെ വീട്ടിൽ പുതിയൊരു അതിഥിയെത്തി. കുഞ്ഞിനെ നന്നായി വളർത്താൻ കഴിയാത്ത ഒരു പിതാവായി താൻ മാറരുതെന്നു കരുതി രാപകലില്ലാതെ ഓടി. ഒരിക്കൽ പണി കഴിഞ്ഞ് സന്ധ്യയ്ക്കു വീട്ടിലെത്തിയപ്പോൾ അവൾ ഓടിവന്ന് എന്നെ കെട്ടിപ്പിടിച്ചു കരഞ്ഞു. അവളുടെ കണ്ണുകളിൽനിന്ന് ഇറ്റുവീണ ആ കണ്ണുനീർത്തുള്ളികളുടെ കാരണവും താനറിഞ്ഞു. രണ്ടു വർഷത്തിനുശേഷം സ്വന്തം വീട്ടിൽ തിരിച്ചെത്താനുള്ള അനുവാദം കിട്ടിയിരിക്കുന്നു. അവളോടൊപ്പം താനും സന്തോഷിച്ചു. പക്ഷേ, എവിടെയോ ഒരു അപകർഷതാബോധം തന്നെ വേട്ടയാടി. അവൾക്ക് വീട്ടിൽ പോകാൻ സന്തോഷമായിരുന്നു. അനാഥനായിരുന്ന തനിക്ക് അവളുടെ സന്തോഷത്തിന്റെ ആഴമളക്കാൻ കഴിഞ്ഞില്ല. ആ യാത്രയിൽ തന്റെ മനസ്സ് മറ്റെവിടേക്കോ പോയത് താനറിഞ്ഞില്ല. ആ യാത്രയിൽ അവളെയും കുഞ്ഞിനെയും നഷ്ടപ്പെടുമെന്നു വിചാരിച്ചില്ല. വേഗത്തിൽ വന്ന ഒരു ബസിന്റെ മുമ്പിൽ ഭാര്യയും കുഞ്ഞും ഇല്ലാതാകുമ്പോൾ ചലിച്ചുകൊണ്ടിരുന്ന മൊബൈൽ ക്യാമറക്കണ്ണുകൾക്കിടയിൽ നിസ്സഹായനായി താൻ കിടന്നു. തികച്ചും ഏകനായി മാറിയ തന്റെ വേദനകൾക്കുള്ളിൽ അവർ അടക്കപ്പെട്ടു. ഇന്ന് താൻ തികച്ചും ഏകനാണ്.

ചൂടാറിത്തുടങ്ങിയ ചായ അയാൾ ചുണ്ടോടടുപ്പിക്കുമ്പോഴും അയാളുടെ കണ്ണുകളിൽനിന്നു കണ്ണുനീർ വീണുതുടങ്ങി. അയാൾ പകുതി കുടിച്ച ആ ഗ്ലാസ്സ് ബെഞ്ചിന്മേൽ വച്ച് അവശതയോടെ എണീറ്റു. ചായയുടെ കാശു കൊടുത്തിട്ട് അയാൾ റോഡിലേക്കു നടന്നു. പെട്ടെന്നൊരു ബസ് അയാളുടെ അരികിലൂടെ പാഞ്ഞുപോയി. താൻ മറക്കാനാഗ്രഹിക്കുന്ന ആ ദുരന്തനിമിഷം അയാളുടെ മനസ്സിൽ ഉദിച്ചുയർന്നു. അയാൾ അതു മറക്കാൻ ശ്രമിച്ചുകൊണ്ട് മുമ്പോട്ടു നടന്നു.


ഒരു ഭീകരശബ്ദം കേട്ട് അയാൾ തിരിഞ്ഞുനോക്കി. ആളുകളെല്ലാം പാലത്തിലേക്ക് ഓടുന്നതൊഴികെ മറ്റൊന്നും അയാൾ കണ്ടില്ല. ക്ഷീണിച്ച ആ ശരീരം ഒരുവിധത്തിൽ അവിടെ ഓടിയെത്തി. പുഴയിലേക്കാഴ്ന്നിറങ്ങിയ ബസ്സിന്റെ ഒരു മൂലമാത്രമേ എല്ലാവരുടെയും ദൃഷ്ടിപഥത്തിലുണ്ടായിരുന്നുള്ളൂ. ഒരുകൂട്ടം ജനങ്ങൾ അവർക്കുവേണ്ടി അർത്ഥമില്ലാതെ വിലപിച്ചപ്പോൾ അവിടെയും ഒരു ഗണം മനുഷ്യർ ക്യാമറക്കണ്ണുകൾ ചലിപ്പിച്ചു. നിസ്സംഗത നിറഞ്ഞ ഒരാൾക്കൂട്ടത്തെ അയാൾ അവിടെയും കണ്ടുമുട്ടി. ജീവിതത്തിൽ ഇനിയൊന്നും നേടാനില്ലാത്ത, ആരും കാത്തിരിക്കാനില്ലാത്ത അയാൾ മറ്റൊന്നും ചിന്തിക്കാതെ പുഴയിലേക്ക് എടുത്തുചാടി. ഒരുപാടു തവണ വെള്ളത്തിൽ മുങ്ങിയും താഴ്ന്നും പല ജീവനുകൾ കൈപ്പിടിയിലൊതുക്കി. പല ശരീരങ്ങളും കരയ്ക്കടുപ്പിച്ചു. അവശനായിരുന്ന അയാൾക്ക് എവിടെയോ ഒരു ഉന്മേഷം വളർന്നു.

എവിടെനിന്നോ ഒരു കുഞ്ഞിന്റെ നിലവിളി അയാളുടെ കാതുകളിൽ പതിച്ചു. ആ ശബ്ദത്തിന്റെ ഉറവിടംതേടി അയാൾ മുങ്ങി. ആഴങ്ങളിലേക്കു പോകുന്തോറും ആ ശബ്ദം അകന്നകന്നുപോയി. തിരിച്ചറിയാനാകാത്ത ഒരു മുഖം അയാൾക്കു മുന്നിലൂടെ മിന്നിമറഞ്ഞു. അയാൾ വീണ്ടും ആഴങ്ങളിൽ പരതിയിട്ടും ആ മുഖം കൈകളിലെത്തിയില്ല. ആ തിരച്ചിലിന്റെ ഏതോ ഇരുണ്ട വഴിയിൽ അയാളുടെ ശരീരവും ഒഴുക്കിനൊപ്പം അലിഞ്ഞു... □




## Profiles in Journalism


Author : Dr. Michael Puthenthara
Publisher : Winco books
Distribution : St. Thomas Book Stall, Pala
Price : Rs 200




പത്രമാധ്യമരംഗത്തെ പ്രശസ്തരായ ഇരുപത്തെട്ടു സവിശേഷവ്യക്തിത്വങ്ങളുടെ കർമ്മമണ്ഡലങ്ങളിലേക്കും ജീവിതപരിസരങ്ങളിലേക്കും വെളിച്ചംവീശുന്ന കൃതി. പത്രപ്രവർത്തകർക്കും പത്രപ്രവർത്തനപരിശീലകർക്കും പഠിതാക്കൾക്കും ഏറെ പ്രയോജനമേകുന്ന കൃതി.

## TEDDY'S DIARY

Author : S. Austin
Publisher : Notion Press, Mylapore
Distribution : St. Thomas Book Stall, Pala
Price : Rs 150




താൻ ചെന്നുചേരുന്ന ഭവനത്തിന്റെയും അയൽകുടുംബങ്ങളുടെയും അരുമയായി മാറുന്ന ടെഡിയെന്ന നായ്ക്കുട്ടിയുടെ കൗതുകകരമായ കഥ. നായ്ക്കുട്ടി കാണുന്ന ലോകത്തെ അതിന്റെതന്നെ ചിന്താധാരയിൽ അവതരിപ്പിച്ചിരിക്കുന്നു. ആദ്യന്തം ആകാംക്ഷാഭരിതമായ ആവിഷ്കാരം.

## സുറിയാനി കുർബാനപ്പുസ്തകം

തയ്യാറാക്കിയത് : ഫാ. സിറിൽ തയ്യിൽ
സെക്രട്ടറി, പൗരസ്ത്യസുറിയാനി പഠനകേന്ദ്രം, പാലാ
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 100 രൂപ




ഓരോ വ്യക്തിസഭയും തങ്ങളുടെ പാരമ്പര്യങ്ങളും തന്മയും കാത്തുസൂക്ഷിക്കണമെന്നും നഷ്ടപ്പെട്ട ഘടകങ്ങൾ വീണ്ടെടുക്കണമെന്നുമുള്ള രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ആഹ്വാനം സ്വീകരിച്ചുകൊണ്ട് പ്രസിദ്ധീകൃതമായ സുറിയാനി കുർബാനപ്പുസ്തകം. സുറിയാനിഭാഷ പഠിക്കാനും വായിക്കാനും പാടാനും അനേകർക്കു പ്രചോദനമേകുന്ന ഗ്രന്ഥം.

## ഊർജ്ജതന്ത്രത്തിലെ നൊബേൽ പ്രതിഭകൾ

ഗ്രന്ഥകർത്താ : ഡോ. സുനിൽ സി. വട്ടപ്പലം
പ്രസാധനം : മീഡിയ ഹൗസ്, ഡെൽഹി
വിതരണം : സെന്റ് തോമസ് ബുക് സ്റ്റാൾ, പാലാ
വില : 140 രൂപ




ശാസ്ത്രസാഹിത്യശാഖയിലെ പുഷ്കലവിഭാഗമാണ് ഊർജ്ജതന്ത്രം. ആത്മവിശ്വാസത്തോടെ ഈ രംഗത്തേക്കു കടന്നുവന്ന ലേഖകൻ ഈ മേഖലയിലെ നൊബേൽ പുരസ്കാരിതരായ ചിലരെപ്പറ്റി തന്റെ കൊച്ചുഗ്രന്ഥത്തിൽ സംവദിക്കുന്നു. ലളിതമായ രചനാശൈലി.

## ആത്മസങ്കീർത്തനം

ഗ്രന്ഥകർത്രി : സിസ്റ്റർ മേരി ജയിൻ എസ്.ഡി.
പ്രസാധനവും
വിതരണവും : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 150 രൂപ




സി. മേരി ജയിൻ ആത്മകഥയിലൂടെ ധന്യമായ തന്റെ സന്ന്യസ്തജീവിതത്തിന്റെ കൃപാവഴികൾ പങ്കുവയ്ക്കുമ്പോൾ വായനക്കാർക്ക് അതു വലിയ ആത്മീയപ്രചോദനത്തിന്റെയും ആധ്യാത്മികനിറവിന്റെയും അനുഭവമായിത്തീരുന്നു.

ആരോഗ്യവീഥി



ഡോ. ജ്യോതി വി.എസ്.



# കാഴ്ച മറയ്ക്കും ഡയബറ്റിക് റെറ്റിനോപ്പതി

**അ**നിയന്ത്രിതമായ പ്രമേഹം പ്രധാനമായും ബാധിക്കുന്നത് മൂന്ന് അവയവങ്ങളെയാണ്: നാഡികൾ (neuropathy), വൃക്കകൾ (nephropathy), കണ്ണുകൾ (Retinopathy). ഇതു കൂടാതെ ശരീരത്തിന്റെ ഏതു ഭാഗത്തെയും പ്രമേഹം ബാധിക്കാം. ഇതിൽ കണ്ണുകളുടെ റെറ്റിനയെ ബാധിക്കുന്ന അവസ്ഥയിലാണ് പ്രധാനമായും കാഴ്ച നഷ്ടപ്പെടുന്നത്. അതിന്റെ പേരാണ് ഡയബറ്റിക് റെറ്റിനോപ്പതി. പ്രമേഹരോഗികളിൽ ഏകദേശം 30 മുതൽ 40 വരെ ശതമാനം ആളുകൾക്ക് ഈ അവസ്ഥ ഉണ്ടാകാം.

**പ്രമേഹം കണ്ണുകളെ ഏതൊക്കെ തരത്തിൽ ബാധിക്കാം?**

കണ്ണുകളിൽ തുടരത്തുടരെയുള്ള അണുബാധ, അധികം പ്രായമാകുന്നതിനുമുമ്പേയുള്ള തിമിരം, കണ്ണുകളിലെ പ്രഷർ കൂടുന്ന ഗ്ലോക്കോമ, കണ്ണുകളുടെ ഉള്ളിലെ റെറ്റിനയെ ബാധിക്കുന്ന റെറ്റിനോപ്പതി തുടങ്ങിയവയാണ് പ്രമേഹംകൊണ്ട് കണ്ണുകൾക്കുണ്ടാവുന്ന പ്രധാന ആരോഗ്യപ്രശ്നങ്ങൾ.

**എന്താണ് ഡയബറ്റിക് റെറ്റിനോപ്പതി?**

കണ്ണിൽ മൂന്നു ലെയറുകൾ ഉണ്ട്. അതിൽ ഏറ്റവും ഉള്ളിലുള്ള ലെയറാണ് റെറ്റിന. നിരവധി ചെറിയ രക്തക്കുഴലുകളും കാഴ്ചയ്ക്കു സഹായിക്കുന്ന റോഡ്-കോൺകോശങ്ങളും ന്യൂറോൺസും അടങ്ങുന്നതാണ് റെറ്റിന. അനിയന്ത്രിതമായ പ്രമേഹമുള്ളവരിൽ, റെറ്റിനയിൽ പുതിയ അനേകം രക്തക്കുഴലുകൾ ഉണ്ടാവുകയും (ഇത്തരം രക്തക്കുഴലുകൾ പൊട്ടാനുള്ള സാധ്യത കൂടുതലാണ്), അതോടൊപ്പം ചില രക്തക്കുഴലുകൾ വീർത്തുവരികയും ചെയ്യും (micro aneurysm). പ്രമേഹമുള്ളവരിൽ ഇത്തരം രക്തക്കുഴലുകൾ പെട്ടെന്നു പൊട്ടുകയും റെറ്റിനയിലും ചുറ്റുമുള്ള മറ്റു ഭാഗങ്ങളിലും രക്തം ഇറങ്ങുകയും ചെയ്യാം. ഈ അവസ്ഥയ്ക്കാണ് ഡയബറ്റിക് റെറ്റിനോപ്പതി എന്നു പറയുന്നത്.

**എന്തുകൊണ്ടാണ് പ്രമേഹരോഗികളിൽ റെറ്റിനോപ്പതി ഉണ്ടാകുന്നത്?**

അനിയന്ത്രിതമായ പ്രമേഹമുള്ളവരിൽ രക്തത്തിലെ ഗ്ലൂക്കോസ് വളരെയധികം കൂടുന്നതുമൂലം, റെറ്റിനയിലുള്ള രക്തക്കുഴലുകൾ നിർമ്മിക്കപ്പെട്ടിരിക്കുന്ന കോശങ്ങൾ ശരിയായ രീതിയിൽ പ്രവർത്തിക്കുകയില്ല. തന്മൂലം ഇവിടേക്കുള്ള രക്തയോട്ടം കുറയുകയും, ചില രാസവസ്തുക്കളുണ്ടാവുകയും ചെയ്യും. രക്തക്കുഴലുകളുടെ വളർച്ചയ്ക്കിടയാക്കുന്ന ഇത്തരം രാസവസ്തുക്കളാണ് റെറ്റിനോപ്പതിയുടെ പ്രധാന കാരണം.

**ഏതൊക്കെ ആളുകളിലാണ് റെറ്റിനോപ്പതി വരാൻ സാധ്യത കൂടുതൽ?**

1. വളരെക്കാലം നീണ്ടുനിൽക്കുന്ന പ്രമേഹം ഉള്ളവരിൽ.
2. കുറെ നാളുകളായി അനിയന്ത്രിതമായ പ്രമേഹമുള്ളവർ.
3. പ്രമേഹംകൊണ്ടുള്ള വൃക്കരോഗം ഉള്ളവർ.
4. പ്രമേഹത്തോടൊപ്പം അനിയന്ത്രിതമായ രക്താതിസമ്മർദ്ദമുള്ളവർ.
5. വിളർച്ച ഉള്ളവർ, അമിതവണ്ണമുള്ളവർ, ഗർഭിണികൾ, പുകവലിശീലം ഉള്ളവർ ഇവരിലും റെറ്റിനോപ്പതി സാധ്യത കൂടുതലാണ്.

**എന്തൊക്കെയാണ് റെറ്റിനോപ്പതിയുടെ ലക്ഷണങ്ങൾ?**

കാഴ്ച പതിയെപ്പതിയെ കുറഞ്ഞുവരുന്നതാണ് പ്രധാന ലക്ഷണം. ചില ആളുകളിൽ പ്രായത്തിനതീതമായ കാഴ്ചക്കുറവുണ്ടാവാം. രക്തക്കുഴലുകൾ പൊട്ടുകയാണെങ്കിൽ പെട്ടെന്ന് കാഴ്ച നഷ്ടപ്പെടുന്ന അവസ്ഥയും ഉണ്ടാവാം, ഇത്തരക്കാർക്ക് പലപ്പോഴും വേദനയും കാണില്ല. എന്നാൽ, പുതിയ രക്തക്കുഴലുകൾ വളരുന്നതു നിമിത്തം കണ്ണുകളിലെ പ്രഷർ കൂടുന്ന അവസ്ഥയുണ്ടായാൽ (neo vascular glaucoma) വേദനയും കാഴ്ചക്കുറവും ഉണ്ടാവും.

**ഡയബറ്റിക് റെറ്റിനോപ്പതി എങ്ങനെ കണ്ടെത്താം?**

1 കണ്ണുകൾ വികസിപ്പിച്ച് റെറ്റിന പരിശോധിക്കുന്നതുവഴിയായി ഡോക്ടർക്ക് റെറ്റിനോപ്പതി കണ്ടെത്താൻ സാധിക്കും. ഓഫ്താൽമോസ്കോപ്പ് എന്ന ഉപകരണമാണ് ഇതിനായി ഉപയോഗിക്കുക.

2. ആവശ്യമെങ്കിൽ കണ്ണുകളുടെ വിവിധതരം സ്കാനിങ്ങും അതുപോലെ രക്തക്കുഴലുകളുടെ അവസ്ഥ പരിശോധിക്കുന്ന ആൻജിയോഗ്രാം പരിശോധനയും ചെയ്യാം.

**എന്തൊക്കെയാണ് റെറ്റിനോപ്പതിയുടെ ചികിത്സകൾ?**

1 പ്രമേഹനിയന്ത്രണംവഴിയായി റെറ്റിനോപ്പതി വരാതെ സൂക്ഷിക്കുക എന്നതാണ് ഏറ്റവും പ്രധാനം.

2 റെറ്റിനോപ്പതി സ്ഥിരീകരിച്ചവർക്ക് വിവിധ തരത്തിലുള്ള ചികിത്സകൾ ലഭ്യമാണ്. രോഗത്തിന്റെ കാഠിന്യം പരിഗണിച്ചാണ് ഏതു ചികിത്സ വേണമെന്നു നിശ്ചയിക്കുന്നത്.

3. പുതിയതായി ഉണ്ടാകുന്ന രക്തക്കുഴലുകളുടെ വളർച്ചയെ കുറയ്ക്കാനും റെറ്റിനയിലെ നീരു കുറയ്ക്കാനും സഹായിക്കുന്ന



കുത്തിവയ്പുകൾ കണ്ണിന്റെയുള്ളിൽ എടുക്കാവുന്നതാണ്.

4. റെറ്റിനയുടെ തകരാറ് നിയന്ത്രണത്തിൽ നിർത്താൻ ലേസർചികിത്സയും ഉപയോഗിക്കാം.

5. വളരെ ഗുരുതരമായ അവസ്ഥയുള്ളവർക്കും മറ്റു ചികിത്സകൾകൊണ്ട് കാര്യമായ പ്രയോജനം ലഭിക്കാത്തവർക്കും റെറ്റിനയുടെ സർജറി (vitrectomy) ചെയ്യാറുണ്ട്.

**റെറ്റിനോപ്പതി തടയാൻ എന്തൊക്കെ ചെയ്യണം?**

1. പ്രമേഹം മിക്കവരിലും ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്ന ഒരു അസുഖമാണ്. അതുകൊണ്ടുതന്നെ ആരംഭംമുതൽ കൃത്യമായി പ്രമേഹം നിയന്ത്രിച്ചുനിർത്തണം. റെറ്റിനോപ്പതി തടയാനുള്ള ഏറ്റവും പ്രധാന മാർഗ്ഗം ഇതാണ്.

2. പ്രമേഹത്തോടൊപ്പം രക്തസമ്മർദമുള്ളവർ പ്രഷറും കൃത്യമായി നിയന്ത്രിച്ചുനിർത്തണം.

3. അമിതവണ്ണം കുറയ്ക്കുന്നതും വിളർച്ച കൃത്യമായി ചികിത്സിക്കുന്നതും അതുപോലെ പുകവലി ഒഴിവാക്കുന്നതും റെറ്റിനോപ്പതി വരാതെ തടയാൻ സഹായിക്കും.

4. പ്രമേഹം കണ്ടെത്തുമ്പോൾത്തന്നെ കണ്ണിന്റെ ഞരമ്പുകൾ പരിശോധിക്കുകയും പിന്നീട് എല്ലാവർഷവും ഈ പരിശോധന ആവർത്തിക്കുകയും വേണം.

5. റെറ്റിനോപ്പതിലക്ഷണങ്ങൾ കണ്ടെത്തിയാൽ ഉടൻതന്നെ കൃത്യമായ ചികിത്സ എടുക്കണം.

പ്രമേഹരോഗികളിൽ മറ്റ് അവയവങ്ങൾപോലെ കണ്ണുകളുടെ ആരോഗ്യവും വളരെ പ്രധാനമാണ്. കൃത്യമായ പ്രമേഹനിയന്ത്രണവും, കൃത്യമായ ഇടവേളകളിലുള്ള കണ്ണുപരിശോധനയുംവഴി റെറ്റിനോപ്പതി വരാതെ സൂക്ഷിക്കാൻ സാധിക്കും.

*ലേഖിക പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ ഒഫ്താൽമോളജിസ്റ്റാണ്.*

# സന്തുഷ്ടജീവിതത്തിന്

**റ്റോം ജോസ് കാഞ്ഞിരക്കാട്ട്**

**ഓ**രോ മനുഷ്യനെ സംബന്ധിച്ചും ചരിത്രപരമായ ഒരു നിയോഗമുണ്ട്. അത് ആദ്യം കണ്ടുപിടിക്കണം. അതിനാവശ്യമായ സഹായം മാതാപിതാക്കന്മാരിൽനിന്നും ഗുരുക്കന്മാരിൽനിന്നും സമ്പാദിക്കണം. ഒപ്പം, ശ്രേഷ്ഠകൃതികൾ വായിച്ച് അതിലെ തത്ത്വങ്ങൾ പ്രായോഗികമാക്കാൻ ശ്രമിക്കുകയും വേണം.

മുകളിൽ പറഞ്ഞ കാര്യങ്ങൾ നടക്കണമെങ്കിൽ വ്യക്തമായ ഒരു ലക്ഷ്യബോധം കണ്ടെത്തണം. ഒരുവൻ തന്റെ കഴിവും പോരായ്മകളും അന്വേഷിച്ചു കണ്ടുപിടിച്ചു സാധ്യതാപഠനം നടത്തണം. എന്നിട്ടു ഭാവിയിൽ ആരാകണമെന്ന് ഒരു ഉറച്ച തീരുമാനമെടുക്കണം.

ലക്ഷ്യം തിട്ടപ്പെടുത്തിക്കഴിഞ്ഞാൽ സ്വന്തം ഫ്രെയിമിനകത്തു നിന്നുകൊണ്ടുവേണം പ്രവർത്തിക്കാൻ. ഏതു ജോലിയിലാണോ താത്പര്യം അതിനെക്കുറിച്ചു സമഗ്രമായ അറിവു സമ്പാദിക്കണം. അറിവാണു ശക്തിയെന്ന കാര്യം ഓർമ്മിക്കുക.

നീയെത്ര ശക്തനാണെങ്കിലും ദൈവത്തിന്റെ കൃപയില്ലെങ്കിൽ തിളക്കമുള്ള വിജയം ലഭിക്കുകയില്ല. താൻപാതി ദൈവംപാതി എന്ന തത്ത്വം മനസ്സിൽ വച്ചുകൊണ്ടുവേണം ലക്ഷ്യത്തിലേക്കു കുതിക്കുവാൻ.

നീയെത്ര ഉന്നതപദവിയിലെത്തിയാലും മൂല്യബോധമില്ലെങ്കിൽ നിനക്കൊരു സാമൂഹികാംഗീകാരം കിട്ടുകയില്ല. മനസ്സിനു വീര്യവും ഉണ്ടാവുകയില്ല. സ്നേഹം, സേവനം, നീതിബോധം, സ്വതന്ത്രചിന്ത, മനുഷ്യത്വം എന്നീ മൂല്യങ്ങളെ മുറുകെപ്പിടിച്ച് നീയൊരു ഉത്തമമനുഷ്യനായി രൂപാന്തരപ്പെടണം. ഒരു വ്യക്തിയുടെ ശരീരത്തിന്റെയും മനസ്സിന്റെയും ആത്മാവിന്റെയും സമതുലിതമായ വികസനംവഴിയാണ് ഒരുവൻ നല്ല മനുഷ്യനായിത്തീരുന്നത്. ഈ ഘടകങ്ങൾ നശിപ്പിക്കുന്ന മദ്യം, മയക്കുമരുന്ന് ഇവയിൽനിന്ന് പൂർണ്ണമായും മോചനം നേടണം. വേറൊരു കാര്യം: ദൈവം സൃഷ്ടിച്ചതാണെന്ന ബോധത്തോടെ പ്രപഞ്ചത്തെ സ്നേഹിക്കുകയും സേവിക്കുകയും വേണം. പ്രകൃതിയെ ദ്രോഹിക്കുന്നവൻ ദുരിതക്കയത്തിലാവും വീഴുക.


ഒരുവൻ ഏതെങ്കിലും ഒരു രംഗത്ത് ജോലി ചെയ്ത് അവിടെ നക്ഷത്രമായിത്തീരുന്നതോടൊപ്പം അവന്റെ മിച്ചസമയവും, മിച്ചബുദ്ധിയും ഉപയോഗിച്ചു കലാ- സാഹിത്യ-സാംസ്കാരിക-കായിക - സാമൂഹികശുശ്രൂഷ എന്നിങ്ങനെ പല മേഖലകളിലും സ്വന്തം കാര്യശേഷിക്കുതകുന്ന വിധത്തിൽ പ്രവർത്തിക്കാവുന്നതാണ്.

മറ്റൊന്ന്, അയൽക്കാരന്റെ ക്ഷേമം അന്വേഷിക്കുന്നത് ദൈവത്തിനു പ്രിയങ്കരവും സ്വീകാര്യവുമായ സംഗതിയാണെന്നു മനസ്സിലാക്കി പ്രവർത്തിക്കണം.

സത്കൃത്യങ്ങളാൽ മനുഷ്യരെയും അതുവഴി ദൈവത്തെയും പ്രസാദിപ്പിക്കണം.

ജീവിതം ലഹരിമയമാക്കണമെങ്കിൽ സന്തുഷ്ടകുടുംബം കെട്ടിപ്പടുക്കണം. സന്തുഷ്ടകുടുംബമാണ് ഭൂമിയിലെ സ്വർഗ്ഗം. നല്ല അച്ഛൻ, നല്ല അമ്മ, നല്ല ഭാര്യ, നല്ല ഭർത്താവ്, നല്ല മക്കൾ, നല്ല സഹോദരീസഹോദരന്മാർ, സേവനമനോഭാവമുള്ള നല്ല ബന്ധുക്കൾ - ഇവരെല്ലാംകൂടി സ്നേഹശുശ്രൂഷയിൽ ഏർപ്പെടുമ്പോഴാണ് നല്ല കുടുംബം ഉണ്ടാവുക.

എല്ലാ വസ്തുക്കളെക്കാളും ദൈവത്തെ സ്നേഹിക്കുക, നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കുക എന്ന കാര്യം നിന്റെ ഓർമ്മയിലുണ്ടാവണം. നന്മ ചെയ്ത് നീ വീട്ടിലെ വിളക്കാവണം, നാട്ടിലെ ദീപമാവണം, സമൂഹത്തിൽ നക്ഷത്രമായിത്തീരുകയും വേണം.



# അമൽരാജിന്
## അമ്പതുദിനംകൊണ്ട് 561 സർട്ടിഫിക്കറ്റ്

ഗുരുമുഖത്തുനിന്നു ലഭിക്കുന്ന അറിവിനു പകരം തികച്ചും അപരിചിതമായ ഓൺലൈൻ പഠനരീതി ശീലിക്കേണ്ടിവന്ന ഈ കൊവിഡ് കാലത്ത്, സ്മാർട്ട് ഫോണിന്റെ അനന്തസാധ്യതകൾ ഉപയോഗിച്ച് അമൽരാജ് എന്ന പാലാക്കാരൻ നേടിയ ഓൺലൈൻ കോഴ്സ് സർട്ടിഫിക്കറ്റുകൾ കണ്ടാൽ ആരുമൊന്നമ്പരക്കും; ഒന്നും രണ്ടും നൂറുമല്ല; അമ്പതു ദിവസംകൊണ്ട് 561 സർട്ടിഫിക്കറ്റുകൾ.



പാലാ പ്രവിത്താനം തോപ്പിൽ വീട്ടിൽ ഹരിദാസിന്റെയും ജയയുടെയും മകനാണ് അമൽരാജ്. കോതമംഗലം നങ്ങേലിൽ ആയുർവേദ കോളജിലെ അവസാനവർഷ ബി.എ.എം.എസ്. വിദ്യാർത്ഥിയാണ് ഈ ഇരുപത്തിരണ്ടുകാരൻ. ടി.കെ മാധവന്റെ ക്ഷയരോഗം ചികിത്സിച്ചു മാറ്റിയ പ്രശസ്ത ആയുർവേദ ഭിഷഗ്വരനായ തോപ്പിൽ ഭാസ്കരൻ വൈദ്യന്റെ കൊച്ചുമകനാണ് അമൽരാജ്.

ലോക്ഡൗൺ കാലത്ത് തന്റെ ബിരുദപഠനം ഓൺലൈനിലേക്കു മാറിയതോടെയാണ് അമൽ ഓൺലൈനിലുള്ള മറ്റു പഠനസാധ്യതകളെക്കുറിച്ചു ചിന്തിച്ചത്.

ലോകത്തിലെതന്നെ പ്രമുഖ യൂണിവേഴ്സിറ്റികളായ യു.എസ്.എയിലെ ഹാർവാർഡ്, യൂണിവേഴ്സിറ്റി ഓഫ് മിഷിഗൺ, യു.കെയിലെ യൂണിവേഴ്സിറ്റി ഓഫ് ലീഡ്സ്, ഓസ്ട്രേലിയയിലെ മർഡോക്, ഡീക്കിൻ, മെൽബൺ യൂണിവേഴ്സിറ്റികൾ തുടങ്ങിയവ കൂടാതെ, സംഘടനകളായ ഡബ്ല്യു.എച്ച്.ഒ., യൂണിസെഫ്, അന്താരാഷ്ട്ര ആംനസ്റ്റി ഇന്റർനാഷണൽ, ഇന്റർ നാഷണൽ ഒളിംപിക് കമ്മിറ്റി, ഫിഫ തുടങ്ങിയവയുടേതാണ് അമൽരാജ് പൂർത്തിയാക്കിരിക്കുന്ന നിരവധി കോഴ്സുകൾ.

ഓൺലൈൻ ക്ലാസുകൾക്കിടയിൽ കിട്ടുന്ന സമയം ഫലപ്രദമായി എങ്ങനെ വിനിയോഗിക്കാം എന്ന അന്വേഷണമാണ് ഈ നേട്ടങ്ങൾ സ്വായത്തമാക്കാൻ അമൽരാജിനെ സഹായിച്ചത്. മാതാപിതാക്കളുടെയും മെഡിക്കൽ വിദ്യാർത്ഥിനിയായ സഹോദരി അമിതയുടെയും പ്രോത്സാഹനം ലഭിച്ചതോടെ അമലിന്റെ ഓൺലൈൻ പഠനത്തിന്റെ വേഗം വർദ്ധിച്ചു. ഒരുദിവസം 18 മുതൽ 20 വരെ മണിക്കൂർ പഠനത്തിനു മാറ്റിവയ്ക്കുന്നുണ്ട് അമൽ ഇപ്പോൾ. സൈക്കോളജി, എൻജിനീയറിംഗ്, മെഡിസിൻ, സ്പോർട്സ് തുടങ്ങിയവയാണ് അമൽരാജിന്റെ പാഠ്യവിഷയങ്ങൾ. ഓൺലൈൻ പ്ലാറ്റ്ഫോമുകളായ ഫ്യൂച്ചർ ലേൺ, കോഴ്സെറ എന്നിവവഴിയാണ് അമൽ മിക്ക കോഴ്സുകളും പഠിച്ചത്.

കുറഞ്ഞ സമയത്തിനുള്ളിൽ കൂടുതൽ ഓൺലൈൻ സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കിയ വ്യക്തി എന്ന റിക്കാർഡ് സ്വന്തമാക്കുന്നതിനായി ലിംക ബുക്സ് ഓഫ് റിക്കോർഡ്സിനെ സമീപിക്കാനൊരുങ്ങുകയാണ് അമൽ രാജ്.

ഓൺലൈൻ പഠനരീതികളെക്കുറിച്ചും അതിന്റെ ബുദ്ധിമുട്ടുകളെക്കുറിച്ചും വാതോരാതെ ചർച്ച നടക്കുന്ന കേരളത്തിൽനിന്നുതന്നെയാണ് ഒരു വിദ്യാർത്ഥി പല സ്ഥാപനങ്ങളിൽനിന്ന് വ്യത്യസ്തവിഷയങ്ങൾ ഒരേസമയത്തു പഠിച്ച് ഇത്രയേറെ സർട്ടിഫിക്കറ്റുകൾ നേടുന്നതെന്നത് ചിന്തോദ്ദീപകമാണ്. ■

---

**പ്രണയപാഠാവലി** (57)



**ഡോ. ആന്റണി ജോസ്**

**പ**ങ്കാളിയുടെ വിചിത്രവും പ്രകോപനപരവുമായ പെരുമാറ്റത്തെക്കുറിച്ചു പ്രയാസപ്പെടാത്തവരുണ്ടോ? എത്ര ചിന്തിച്ചാലും ഉത്തരമില്ലാത്ത ഒരു സമസ്യപോലെയാണത്.

# പരിമിതികളുടെ പരിദേവനങ്ങൾ

- സ്വന്തം കുറ്റം വേറൊരാളുടെ മേൽ ചുമത്തുക.
- ഒരു കാരണവുമില്ലാതെ പൊട്ടിത്തെറിക്കുക.
- മനോവിഭ്രാന്തിയുള്ളതുപോലെ പെരുമാറുക.



നിത്യജീവിതത്തെ നരകതുല്യമാക്കുന്ന ഇത്തരം പെരുമാറ്റങ്ങൾ എന്തുകൊണ്ടുണ്ടാകുന്നു? ഇവിടെയാണ് മനസ്സിന്റെ പ്രതിരോധതന്ത്രങ്ങൾക്കുള്ള പ്രസക്തി. വലിയ സമ്മർദ്ദങ്ങളുള്ള സാഹചര്യങ്ങളെ നേരിടേണ്ടിവരുമ്പോൾ ചില ഒളിച്ചോടൽസൂത്രവിദ്യകൾ മനസ്സ് പുറത്തെടുക്കും. മിക്കപ്പോഴും അബോധമായ ഒരു നടപടിയാണിത്. അങ്ങനെ അഹത്തിന്, തത്കാലത്തേക്കെങ്കിലും പരാജയഭീതിയിൽനിന്നു രക്ഷപ്പെടാൻ കഴിയുന്നു. പരാജയം ആത്യന്തികമായി പിടിപ്പുകേടുകൾ വെളിപ്പെടുന്നതോ മനസ്സിനേല്ക്കുന്ന മുറിവുകളോ ആണല്ലോ. നല്ല അതിജീവനശേഷി ഉള്ളവരിൽ പ്രതിരോധതന്ത്രങ്ങൾ തുലോം കുറവായിരിക്കും. അറിയാത്തവർ കൂടുതൽ കൂടുതൽ തന്ത്രങ്ങൾ മെനഞ്ഞുകൊണ്ടിരിക്കും.

വാസ്തവത്തിൽ പ്രതിരോധതന്ത്രങ്ങൾ ഒരാളുടെ നിവൃത്തികേടിന്റെകൂടി സൂചകമാണ്. അല്ലെങ്കിൽ പരിമിതികളുടെ പരിദേവനമാണ്. അതുകൊണ്ട് ഇണയുടെ പ്രതിരോധതന്ത്രങ്ങളെ വളരെ പക്വതയോടെയും അവധാനതയോടെയും വേണം കൈകാര്യം ചെയ്യുവാൻ. അല്ലെങ്കിൽ കലഹവും ഭിന്നതയും കുടുംബത്തുനിന്ന് ഒഴിഞ്ഞൊരു നേരമുണ്ടാവില്ല.

സാധാരണകാണുന്ന ചില പ്രതിരോധതന്ത്രങ്ങളെ പരിചയപ്പെടാം.

**സ്ഥാനമാറ്റം**

അനിയന്ത്രിതമായ മനഃക്ഷോഭത്തെ മറ്റൊരാളിലേക്കു പ്രയോഗിക്കലാണിത്. അങ്ങാടിയിൽ തോറ്റതിന് അമ്മയോട് എന്നപോലെ. മുതലാളി തൊഴിലാളിയോടോ മേലുദ്യോഗസ്ഥൻ കീഴ്ജീവനക്കാരനോടോ തട്ടിക്കയറിയെന്നു കരുതുക. ശകാരവും കുറ്റപ്പെടുത്തലും കേട്ടുനില്ക്കാനേ കഴിഞ്ഞുള്ളൂ. തിരിച്ചുപറയണമെന്നുണ്ടെങ്കിലും, ഭയംകൊണ്ട് ചെയ്തില്ല. എന്നിട്ടെന്തായി? വൈകിട്ടു വീട്ടിൽ വന്നപ്പോൾ, ഭാര്യയുടെമേൽ മെക്കിട്ടുകേറ്റം! അല്ലെങ്കിൽ കുട്ടികളുടെമേൽ കുതിരകയറ്റം! നിസ്സാരകാര്യത്തെച്ചൊല്ലിയാകും ഈ പടയോട്ടം. തത്കാലത്തേക്കു ചിത്തക്ഷോഭം ലഘൂകരിക്കുകയാണ് ഇതുവഴി സംഭവിക്കുക.

തന്നെക്കാൾ താഴ്ന്നവരെന്ന് ഉറപ്പുള്ളവരുടെമേൽ മാത്രമാണ് ഈ പരീക്ഷണങ്ങൾ നടത്തുക. അല്ലെങ്കിൽ പ്രതികരിക്കില്ലെന്ന് നല്ല ഉറപ്പുള്ളപ്പോഴും. മറിച്ചായാൽ, തിരിച്ചടി കിട്ടുമല്ലോ. ഇത് പുരുഷൻ മാത്രം ഉപയോഗിക്കുന്ന വിദ്യയല്ല. സ്ത്രീകൾക്കും വശമുള്ള കാര്യമാണ്.

നിരപരാധിയായ തന്നെ വേദനിപ്പിക്കുന്നല്ലോ, തന്റെ ആത്മാർത്ഥതയ്ക്ക് ഒരു വിലയുമില്ലല്ലോ, ഇങ്ങനെയൊക്കെ പങ്കാളി ചിന്തിച്ചുതുടങ്ങുന്നു. അതു ക്രമേണ ക്ഷമിക്കാനാവാത്ത നിലപാടുകളിലെത്തിച്ചേക്കാം. പ്രണയത്തിന്റെ കരുതലും കാരുണ്യവും അംഗീകാരവുമൊക്കെയാണല്ലോ തച്ചുടയ്ക്കപ്പെടുക!

മുറിപ്പെടുത്തുന്നയാൾക്ക് ഇനിയും ചില ചോയ്സുകൾ ഉണ്ട്. അയാൾക്ക് തന്റെ ഹൃദയവ്യഥ തുറന്നുപറയാം. 'നിന്നോടെനിക്കു ദേഷ്യമില്ലായിരുന്നു' എന്ന് കുമ്പസാരിക്കാം. അതു നല്കുന്ന സമാധാനം നിസ്സാരമല്ല. മാത്രവുമല്ല, തന്റെ സംഘർഷത്തിനു കാരണക്കാരായ വ്യക്തിയെക്കുറിച്ച് തുറന്നു സംസാരിക്കുവാനും സാധിക്കും. ഒരുമിച്ചെടുക്കുന്ന സ്ട്രാറ്റജികൾ ഒറ്റയ്ക്കെടുക്കുന്നതിലും ഫലപ്രദമാകുന്നതാണ് അനുഭവം.

ഇരയാകുന്ന വ്യക്തി പങ്കാളിയെ വിശ്വാസത്തിലെടുക്കേണ്ടതുണ്ട്. തന്റെ അനുഭാവപൂർവമല്ലാത്ത പെരുമാറ്റമാണോ അയാളുടെ ഹൃദയവാതിലുകൾ അടച്ചതെന്നു ചിന്തിക്കണം. അപ്പോഴാണ് അഗ്നിപർവ്വതങ്ങൾ പുകയുന്ന ഇടങ്ങൾ കണ്ടെത്തുക. അല്ലെങ്കിൽ, താനാണ് അനിഷ്ടത്തിനു കാരണം എന്ന മിഥ്യാബോധം എന്നും വേട്ടയാടിക്കൊണ്ടിരിക്കും. ആരോപണപ്രത്യാരോപണങ്ങൾ നിത്യസംഭവമാകുകയും ബന്ധങ്ങൾ മുറിയുകയും ചെയ്യുന്നു. ■

---

**കാർഷികം ► ജോഷി മുഞ്ഞനാട്ട്**

# അയമോദകത്തിന്റെ ഗുണങ്ങൾ



**അ**യമോദകം എന്ന സുഗന്ധവ്യഞ്ജനം ആയുർവേദത്തിലെ പ്രസിദ്ധമാ[illegible] ഒരു ഔഷധദ്രവ്യമാണ്. കഫം, വാതം, വയർവീർപ്പ്, രുചിയില്ലായ്മ, കൃമിശല്യം, നേത്രരോഗം, വേദന, വയറ്റുവേദന, ഛർദ്[illegible] ഉദരസംബന്ധമായ രോഗങ്ങൾ തുടങ്ങി ഒ[illegible]നവധി രോഗങ്ങളെ അയമോദകം ശമിപ്പ[illegible]ക്കുന്നു.

'അംബെല്ലിഫെറെ' സസ്യകുടുംബത്തിൽപ്പെട്ട ട്രാക്കിസ്സ്പെർമം അമ്മി[illegible] എന്ന ശാസ്ത്രനാമത്തോടു കൂടിയതാണ് അയമോദകം. സുഗന്ധമുള്ളതും ബാഷ്പീകരണസ്വഭാവമുള്ളതുമായ തൈലം അയമോദകത്തിൽ അടങ്ങിയിരിക്കുന്നു. അയമോദകതൈലം അണുനാശിനിയായും ഉപയോഗിക്കാറുണ്ട്.

മറ്റ് സുഗന്ധവ്യഞ്ജനങ്ങൾപോലെ അയമാദകം അധികം ഉപയോഗിക്കാറില്ല. ഭക്ഷണപദാർത്ഥങ്ങളുടെ സുഗന്ധത്തിനായും പരിരക്ഷപദാർത്ഥമായും മാത്രം. ഔഷധങ്ങളിലും സുഗന്ധലേപനങ്ങളിലും സുഗന്ധതൈലങ്ങളിലും മറ്റും വ്യാവസായികമേഖലയിൽ അയമോദകം ഉപയോഗിക്കാറുണ്ട്.

ഇറാൻ, ഈജിപ്ത്, അഫ്ഗാൻ തുടങ്ങിയ രാജ്യങ്ങളിലും ഇന്ത്യയിലെ ഉത്തർപ്രദേശ്, ബീഹാർ, മദ്ധ്യപ്രദേശ്, പഞ്ചാബ്, രാജസ്ഥാൻ, ബംഗാൾ, തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിലും തന്നെ അയമോദകം കൃഷി ചെയ്തു വരുന്നു.

അയമോദകത്തിന് സംസ്കൃതത്തിൽ അഗ്നി, അഗ്നികം, അജമോദാദീപ്യകം, ഖരാശ്വ, യവാനിക, ഭൂമികദംബക തുടങ്ങി നിരവധി പേരുകളുണ്ട്.

നോവൽ

# ഇടം

ജോർജ് പുളിങ്കാട്



## അദ്ധ്യായം 7

**ഞാ**യറാഴ്ച. രാവിലെ പതിനൊന്നുമണിക്ക് ജില്ലാ കളക്ടർ സലോമി മാത്യു സെന്റ് മേരീസ് കോൺവെന്റിന്റെ മുറ്റത്ത് കാറിൽ ചെന്നിറങ്ങി. മദർ സിസ്റ്റർ റോസിലിനും സിസ്റ്റർ ദീപ്തിയും സിസ്റ്റർ കരോളിനും സലോമിയെ സ്വീകരിക്കാൻ ഓടിയിറങ്ങിച്ചെന്നു. പൂവർ ഹോമിന്റെ ചുമതലക്കാരി സിസ്റ്റർ ബ്ലെസ്സി അവിടത്തെ അന്തേവാസികളായ ഏഴു പെൺകുട്ടികളെയും കൂട്ടിക്കൊണ്ടാണ് സലോമിയെ ആനയിക്കാനെത്തിയത്. കുട്ടികളുടെ കൈകളിൽ പൂക്കളുമുണ്ടായിരുന്നു. സിസ്റ്റർമാർ അവളെ ആലിംഗനം ചെയ്യുകയും നെറുകയിൽ ഉമ്മ വയ്ക്കുകയുമൊക്കെ ചെയ്തു. സലോമി തന്നെ സ്വീകരിക്കാനെത്തിയ കൊച്ചുപെൺകുട്ടികളിൽ അവളുടെ ബാല്യം കാണുകയായിരുന്നു. അവളറിയാതെ കണ്ണുകൾ നിറഞ്ഞുവന്നു. സലോമി അപ്പോൾ അവരിലൊരാളായി.

"എന്നാലും ഞങ്ങടെ സലോമിക്കൊച്ച് ഇത്രേം നല്ല നെലേലെത്തിയല്ലോ? ദൈവം അനുഗ്രഹിച്ചതാ. കൊച്ചിന്റേം അമ്മേടേം കണ്ണീര് ഈശോ കണ്ടു." മദർ റോസിലിൻ അവളുടെ കൈയിൽ പിടിച്ചുകൊണ്ടു പറഞ്ഞു. കൊച്ചുപെൺകുട്ടികൾ കൊടുത്ത റോസാപ്പൂക്കൾ സലോമിയുടെ കൈയിൽ നിറഞ്ഞിരുന്നു.

"കളക്ടറായി ചുമതലയേറ്റതേ ഞാനിങ്ങോട്ടോടിയെത്തേണ്ടതായിരുന്നു. പറ്റിയില്ല. സാധിക്കാഞ്ഞിട്ടാ മദറേ." സലോമി പറഞ്ഞു.

"അതിനൊന്നും ഒരു കുഴപ്പമില്ല. കളക്ടറുദ്യോഗം വലിയ ഉത്തരവാദിത്വമാണെന്ന് ഞങ്ങൾക്കറിയാം." മദർ അവളുടെ ചുമലിൽ പിടിച്ചു.

''കുട്ടികളെല്ലാവർക്കും ഞാൻ ഉടുപ്പുവാങ്ങിക്കൊണ്ടുവന്നിട്ടുണ്ട്. ചോക്ലേറ്റുമുണ്ട്. സുധീഷേ, കാറിൽനിന്നതിങ്ങെടുത്തുകൊണ്ടുവാ." സലോമി പറഞ്ഞു.

പി.എ. സുധീഷ് ചെന്ന് കാറിൽനിന്ന് ഒരു വലിയ പായ്ക്കറ്റ് എടുത്തുകൊണ്ടുവന്ന് അവർക്കൊപ്പം ചേർന്നു.

കോൺവെന്റിന്റെ തിണ്ണയിൽ വച്ച് പെൺകുട്ടികളോരോരുത്തർക്കുമുള്ള ഉടുപ്പുകൾ അവൾ വിതരണം ചെയ്തു. ഇങ്ങനെയൊരു പുത്തനുടുപ്പു കിട്ടാൻ ഒത്തിരി കൊതിച്ച തന്റെ ബാല്യം സലോമിയുടെ മനസ്സിലെത്തി.

സലോമി ആദ്യം കോൺവെന്റിലെ ചാപ്പലിൽ കയറി പ്രാർത്ഥിച്ചു. പിന്നെ സിസ്റ്റർമാർക്കും അനാഥബാലികമാർക്കുമൊപ്പമിരുന്ന് ഉച്ചഭക്ഷണം കഴിച്ചു. ചിക്കനും മീൻവറുത്തതും താറാവുറോസ്റ്റുമൊക്കെ വിഭവങ്ങളായി.

സലോമിക്ക് അന്ന് വേറേയും പല പരിപാടികളുണ്ടായിരുന്നു. അവൾ പോകാൻ ധൃതിവച്ചു. വിശിഷ്ടമായ റോമൻ കൊന്തയും തിരുശേഷിപ്പും മദർ റോസിലിൻ അവൾക്കു നല്കി.

കോൺവെന്റിലെ അടുക്കളയുടെ ജനാലയിൽക്കൂടി രണ്ടു കണ്ണുകൾ കളക്ടർ സലോമിയെ സാകൂതം പിന്തുടരുന്നുണ്ടായിരുന്നു. അവളുടെ അമ്മ സെലീനയുട മിഴികൾ!

"മോളേ, അമ്മയടുക്കളയിലുണ്ട്. വിളിക്കാം." മദർ പറഞ്ഞു.

"അയ്യോ, അമ്മയെ ഇങ്ങോട്ടു വിളിക്കണ്ട. ഞാൻ കിച്ചനിൽ ചെന്നു കണ്ടോളാം." അങ്ങനെ പറഞ്ഞ സലോമി കിച്ചനിലേക്കോടിച്ചെന്നു. അമ്മയുടെ വിയർപ്പും പുകമണവും നിറഞ്ഞ ദേഹത്ത് മകൾ ഒട്ടിനിന്നു. കണ്ണുകൾ നിറഞ്ഞൊഴുകി.

"സുഖമല്ലേടീ...." സെലീന ചോദിച്ചു.

"സുഖമാ അമ്മേ... ഒരിക്കലെങ്കിലും അമ്മ അങ്ങോട്ടൊന്നു വരണം."

"വരാം. വരാം മോളേ. പൊയ്ക്കോ. തിരക്കല്ലേ എന്റെ മോൾക്ക്. ഒന്നും ഒരു കുഴപ്പോമില്ലാതെ നടക്കാൻ ഞാൻ എന്നും പ്രാർത്ഥിക്കുന്നുണ്ടെന്നുണ്ട്." സെലീന പറഞ്ഞു.

അമ്മയുടെ കവിളിൽ അമർത്തി ഒരുമ്മവച്ചിട്ടാണ് അവൾ മടങ്ങിയത്. സെലീനയ്ക്ക് ഇതെല്ലാം ഒരു നല്ല സ്വപ്നംപോലെയാണു തോന്നുന്നത്. ആഹ്ളാദത്തോടെ, അഭിമാനത്തോടെ സെലീന നെറ്റിയിൽ കുരിശുവരച്ചു. സലോമി തിരികെച്ചെന്നു കാറിൽ കയറി. സെന്റ് മേരീസ് കോൺവെന്റിലെ സകലരും ചേർന്നാണ് സലോമിയെ യാത്രയാക്കിയത്. തിരികെയുള്ള യാത്രയിൽ കാറിലിരിക്കുമ്പോൾ മനസ്സിൽ ഓർമ്മകളുടെ ഘോഷയാത്രയായിരുന്നു. പൂവർ ഹോമിൽ തന്റെയൊപ്പം കഴിഞ്ഞവരാരും ഇന്നുവിടെയില്ല. ചിലർ



നേഴ്സുമാരായി. അധ്യാപികമാരായി. ഒരാൾ കോൺവെന്റിൽ ചേർന്ന് സിസ്റ്ററായി. എല്ലാവരുമൊന്നിച്ചുള്ള ഒരു ഗ്രൂപ്പ് ഫോട്ടോപോലുമില്ല. തനിക്ക് അമ്മയെങ്കിലുമുണ്ടായിരുന്നു. മറ്റുള്ളവർ അനാഥരായിരുന്നു. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമുള്ള ദാഹമായിരുന്നു എല്ലാവർക്കും. ഒരിക്കൽക്കൂടി അവരെയൊക്കെ കാണണമെന്നും മിണ്ടണമെന്നും കഴിയുന്ന സഹായം ബുദ്ധിമുട്ടുള്ളവർക്കു ചെയ്യണമെന്നും സലോമിക്കുണ്ട്. അതിനുള്ള സാഹചര്യം അകലെയാണ്!

ഫോണിലേക്ക് എം.എൽ.എ. ജോൺ മാത്യു വിളിച്ചപ്പോൾ ചിന്തകൾ മുറിഞ്ഞു.

''ഹലോ, കളക്ടർ മേഡമല്ലേ?"

"അതെ. എന്താ സാർ വിശേഷം?"

"ഇവിടെ ഈ അയർക്കുന്നത്ത് ഒരു കല്യാണപ്പാർട്ടിയിൽ പങ്കെടുത്ത ആളുകൾക്കാകെ ഭക്ഷ്യവിഷബാധയുണ്ടായിരിക്കുന്നു. ആളുകളെ കൂട്ടത്തോടെ മെഡിക്കൽ കോളജിലേക്കാക്കിക്കൊണ്ടിരിക്കുകാ. ഞാനും കൂടിയ കല്യാണമാ."

''ഞാനിവിടെയടുത്തുണ്ട്. ഉടനേ മെഡിക്കൽ കോളജിലേക്കെത്തും. സാറിനെന്തെങ്കിലും വിഷമം തോന്നുന്നുണ്ടോ?"

"ഇല്ല. എനിക്കു കുഴപ്പമില്ല. കല്യാണച്ചടങ്ങുകളിൽ വന്ന് ആശംസകളർപ്പിച്ചു പോകുന്നതല്ലാതെ ഞാൻ കഴിക്കാറില്ല."

"അതു നന്നായി. കാര്യങ്ങൾ ശ്രദ്ധിച്ചോളാം." കളക്ടർ സലോമി ഫോൺ കട്ടാക്കി.

"സുധീഷേ, കേട്ടല്ലോ. കാറ് കോട്ടയം മെഡിക്കൽ കോളജിലേക്ക്." അവൾ നിർദ്ദേശിച്ചു.

വാഹനം അതിവേഗം പാഞ്ഞു. കാഷ്വാലിറ്റിക്കുമുമ്പിൽ കാറെത്തി നിന്നു. കളക്ടർ സലോമി ചാടിയിറങ്ങുന്നതുകണ്ട് ആശുപത്രിസൂപ്രണ്ടും മറ്റു ചില ഡോക്ടർമാരും ഓടി അടുത്തു വന്നു.

"എത്രയാള് ഇതുവരെ അഡ്മിറ്റായി?" കളക്ടർ തിരക്കി.

"നൂറിനു മുകളിലായി. ഇപ്പഴും വന്നോണ്ടിരിക്കുകാ വാഹനങ്ങൾ. പ്രാഥമികനിരീക്ഷണത്തിൽ തോന്നുന്നത് ഇറച്ചിക്കറിയിലുണ്ടായ പ്രശ്നമാണെന്നാണ്." സൂപ്രണ്ട് ജയശ്രീ പറഞ്ഞു.

"വിഷാംശം വല്ലതും?"

''കാണുന്നില്ല. പഴകിയ മാംസം ഉപയോഗിച്ചതാണ് വിഷയമായതെന്നു തോന്നുന്നു. പേടിക്കാനൊന്നുമില്ല. കാര്യങ്ങളൊക്കെ നമ്മുടെ നിയന്ത്രണത്തിലാ, സാർ."

"കൂടുതലാള് വന്നാൽ ഫസലിറ്റീസൊക്കെ?"

"ഇനി അധികം പേര് വരുമെന്നു തോന്നുന്നില്ല. പ്രായമായവർക്കും കുട്ടികൾക്കുമാണ് ബാധിച്ചിരിക്കുന്നത്.'' ഡോ. ജയശ്രീ പറഞ്ഞു.

അപ്പോൾ കളക്ടറുടെ ഫോണിലേക്ക് മന്ത്രിയുടെ കോൾ വന്നു.

"ഹലോ... സലോമിയല്ലേ?"

"അതെ, സാർ."

"എങ്ങനെയുണ്ട് കാര്യങ്ങൾ? ചാനലുകള് ആകെ ഇളക്കി മറിക്കുകാണല്ലോ."

''ഞാനിവിടെ മെഡിക്കൽ കോളജിലുണ്ട്. നൂറ്റിപ്പതിനെട്ടു പേരാണ് അഡ്മിറ്റായിട്ടുള്ളത്. ഗുരുതരാവസ്ഥ ആർക്കുമില്ല. വിഷബാധ സംശയിക്കേണ്ടതായിട്ടില്ലെന്നാണ് ഫസ്റ്റ് ഇൻഫർമേഷൻ. കാര്യങ്ങൾ പൂർണ്ണമായും നമ്മുടെ നിയന്ത്രണത്തിലാണ് സാർ."

"ശരി. വയ്ക്കുകാ.'' മന്ത്രി ഫോൺ കട്ടാക്കി.

കളക്ടർ സലോമി ഉടനേ എസ്.പി. മഹേഷ് ചന്ദ്രനെ വിളിച്ചു. അയർക്കുന്നം സംഭവത്തിൽ അന്വേഷണം നടത്തി വേഗം റിപ്പോർട്ടു നൽകണമെന്ന് നിർദ്ദേശം നൽകി. ഡി.എം.ഒ. ജയശ്രീക്കൊപ്പം കളക്ടർ സലോമി ഹോസ്പിറ്റലിലെ വാർഡിലേക്കു നീങ്ങി.

"കുറെ പേഷ്യന്റ്സിനെ വരാന്തയിലേക്കൊക്കെ മാറ്റിയാണ് ബെഡ്ഡ് ക്രമീകരിച്ചത്. പെട്ടെന്നിങ്ങനെയൊരു തള്ളലുവന്നാൽ നമുക്ക് സൗകര്യക്കുറവാ." ഡി.എം.ഒ. ഡോ. ജയശ്രീ കളക്ടറോടു പറഞ്ഞു.

''നമുക്കിവിടെ അടിയന്തരമായി കുറച്ചു ഫസിലിറ്റീസുകൂടി ഒരുക്കണം. ഞാൻ മിനിസ്റ്ററുമായും എം.എൽ.എ.യുമായും അക്കാര്യം സംസാരിക്കാം.'' സലോമി പറഞ്ഞു. കളക്ടറുടെ പെട്ടെന്നുള്ള വരവും ഇടപെടലും ആരോഗ്യപ്രവർത്തകർക്ക് ഉന്മേഷം പകർന്നു. കല്യാണസ്ഥലത്തുനിന്നെത്തിയ രോഗികളെ കളക്ടറും സംഘവും കണ്ടുതുടങ്ങി. പരാതികളും പരിഭവങ്ങളും ചിലർ പറയുന്നുണ്ടായിരുന്നു. യുവതിയും സുന്ദരിയുമായ കളക്ടർ കാര്യങ്ങളിൽ സജീവമാകുന്നത് ചാനൽക്യാമറകൾ മത്സരിച്ചു പകർത്തുകയും തൽസമയസംപ്രേഷണം നടത്തുകയും ചെയ്തു.

ഹോസ്പിറ്റലിൽനിന്നു പുറത്തേക്കുവന്ന സലോമിയെ മാധ്യമപ്രവർത്തകർ പൊതിഞ്ഞു.

തികഞ്ഞ ആത്മവിശ്വാസത്തോടെ തലയുയർത്തിനിന്ന് സലോമി മാധ്യമങ്ങളെ നേരിട്ടു.

"മേഡം, ആരെങ്കിലും ഗുരുതരാവസ്ഥയിലുണ്ടോ?" ഏഷ്യാനെറ്റിലെ ശുഭാ സുരേന്ദ്രൻ ചോദിച്ചു.

"ഇല്ല. എല്ലാവരും വളരെവേഗം സുഖംപ്രാപിച്ചുവരികയാണ്. കൂടുതലാളുകൾക്കും വൈകുന്നേരത്തോടെ ഹോസ്പിറ്റൽ വിടാൻ കഴിയും."

"ഭക്ഷ്യവിഷബാധ സംശയിക്കപ്പെടുന്നുണ്ടല്ലേ?" മനോരമയുടെ ക്രിസ്റ്റി ചോദിച്ചു.

"കൃത്യമായ വിവരം അന്വേഷണറിപ്പോർട്ട് കിട്ടിക്കഴിഞ്ഞേ പറയാൻ കഴിയൂ. എസ്.പി. മഹേഷ് ചന്ദ്രനെ ഈ വിഷയം അന്വേഷിക്കുന്നതിനു ചുമതലപ്പെടുത്തിയിട്ടുണ്ട്".

"മേഡം, ചാർജെടുത്ത ദിവസംതന്നെ തർക്കത്തിലിരിക്കുന്ന ഒരു വീട്ടിലെത്തി വൈകല്യമുള്ള ഒരു പെൺകുട്ടിയെ ഭീഷണിപ്പെടുത്തിയെന്ന് ഒരു പരാതി ഉയർന്നതായി കേൾക്കുന്നു." മാതൃഭൂമിയിലെ ജോസി ചോദിച്ചു.

"ഞാൻ വൈകല്യമുള്ള ഒരു കുട്ടിയെ കാണുകയോ ഭയമുണ്ടാകുന്നവിധം സംസാരിക്കുകയോ ചെയ്തിട്ടില്ല. അങ്ങനെയൊരു പരാതി എനിക്കെതിരേ നിലവിലില്ല."

"ജിനേഷ് എന്ന ഒരു പരിസ്ഥിതിപ്രവർത്തകന് അർദ്ധരാത്രിയിൽതന്നെ പോലീസ് പ്രൊട്ടക്ഷൻ ഏർപ്പാടാക്കിയെന്നറിയുന്നു.'' എക്സ്പ്രസിന്റെ വിധു ചോദിച്ചു.

"ജീവനു ഭീഷണിയുണ്ടെന്ന് ഒരാൾ പരാതിപ്പെട്ടാൽ പോലീസ് പ്രൊട്ടക്ഷൻ നൽകിയത് തെറ്റാണെന്നാണോ?"

"തെറ്റല്ല. അഭിനന്ദനാർഹമായ കാര്യമാണ്."

"താങ്ക്യൂ"

വാർത്താലേഖകർ ചോദിച്ച എല്ലാ ചോദ്യങ്ങൾക്കും സലോമി കൃത്യമായ മറുപടി നൽകിക്കൊണ്ടിരുന്നു. അതേസമയം പുഴക്കര ബംഗ്ലാവിൽ കുടുംബാംഗങ്ങൾക്കൊപ്പം വാർത്ത കണ്ടുകൊണ്ടിരുന്ന വക്കച്ചൻ അസ്വസ്ഥനായി. ചാനലുകൾ മാറ്റിയപ്പോൾ മിക്കതിലും അയർക്കുന്നം സംഭവം ലൈവായി നിൽക്കുകയാണ്.

"സലോമി നല്ല സുന്ദരിക്കുട്ടിയാണല്ലോ മമ്മീ. എന്തു കഴിവാ അവൾക്ക്? എനിക്കിഷ്ടം തോന്നുന്നു." വാർത്ത കാണുന്നതിനിടെ മീര പറഞ്ഞു.

"നീയെന്താ മോളേയീ പറയുന്നേ? ആ മരമാക്രിയാണോ സുന്ദരി? എനിക്കറപ്പാകുകാ ആ ജന്തുവിനെ കണ്ടിട്ട്." വക്കച്ചൻ വിറച്ചു.

''എന്താ പപ്പായിങ്ങനെ? എനിക്കവളെപ്പോലെ ഒരു പവർഫുൾ ഗേളാകാൻ കൊതിയുണ്ടായിരുന്നു..." മീര പറഞ്ഞു.

''നമ്മുടെ വീടിടിച്ചു നിരത്താൻ വന്നവളാണോടീ പവർഫുൾ? കാണണ്ട. ആ വൃത്തികെട്ടവളുടെ മോന്ത ഒരുത്തനും കാണണ്ട.

വക്കച്ചൻ ക്രുദ്ധനായി ടെലിവിഷൻ ഓഫാക്കി. *(തുടരും)*

# എല്ലാവരും സഹോദരർ

1-ാം പേജ് തുടർച്ച

ഗ്രൂപ്പുകളുമായുള്ള സംഭാഷണങ്ങളിലൂടെയും കത്തുകളിലൂടെയും ലഭിച്ചിട്ടുള്ള ആശയങ്ങളും ഉൾച്ചേർത്തിരിക്കുന്നു.

**അതിർത്തികളില്ലാതെ (3-8)**

ലൗദാത്തോ സി (അങ്ങേക്കു സ്തുതി) എന്ന ചാക്രികലേഖനം എഴുതുന്നതിന്, സൃഷ്ടപ്രപഞ്ചത്തിന്റെ സംരക്ഷണത്തെക്കുറിച്ചു ശക്തമായി പറഞ്ഞ ഓർത്തഡോക്സ് പാത്രിയാർക്കീസ് ബർത്തലോമിയായുമായുള്ള പൊതു സംഭാഷണം പ്രചോദനമായതുപോലെ ഈ ചാക്രികലേഖനത്തിന്റെ രചനയിൽ അബുദാബിയിൽ വച്ച് മുഖ്യ ഇമാം അഹമ്മദ് അൽ തയ്യേബുമായി നടത്തിയ സംഭാഷണവും പ്രചോദനമായിട്ടുണ്ട്. എല്ലാ മനുഷ്യരെയും ദൈവം തുല്യ അവകാശങ്ങളും കടമകളും മഹത്ത്വവുമുള്ളവരായാണ് സൃഷ്ടിച്ചതെന്നും എല്ലാവരും സഹോദരീസഹോദരന്മാരായി ജീവിക്കണമെന്നും പാപ്പാ ആഹ്വാനം ചെയ്യുന്നു. സഹോദരസ്നേഹത്തെക്കുറിച്ചുള്ള പൂർണ്ണമായ ഒരു പ്രബോധനം എന്നതിനെക്കാൾ അതിന്റെ സാർവത്രികമാനവും എല്ലാ സ്ത്രീ-പുരുഷന്മാരിലേക്കുമുള്ള തുറവുമാണ് ചാക്രികലേഖനം ലക്ഷ്യംവയ്ക്കുന്നത്. സാഹോദര്യത്തിനായുള്ള സാർവത്രികാഭിലാഷത്തിന്റെ പുനർജനനവും സകല സ്ത്രീപുരുഷന്മാരും തമ്മിലുള്ള സൗഹാർദവും പാപ്പാ ആഗ്രഹിക്കുന്നു. ഒരു മനുഷ്യകുടുംബമെന്ന നിലയിൽ, സഹയാത്രികരെന്ന നിലയിൽ, പൊതുഭവനമായ ഭൂമിയുടെ മക്കളെന്ന നിലയിൽ എല്ലാവരെയും സഹോദരീസഹോദരന്മാരായിക്കാണുന്നത് സ്വപ്നം കാണാം എന്ന് പാപ്പാ പറയുന്നു.

**അടഞ്ഞ ലോകത്തിനുമേൽ ഇരുണ്ട മേഘങ്ങൾ (9-55)**

അടഞ്ഞ ലോകത്തിനുമേൽ ഇരുണ്ട മേഘങ്ങൾ എന്നു പേരിട്ടിരിക്കുന്ന ഒന്നാമത്തെ അധ്യായത്തിൽ സാർവ്വത്രികസാഹോദര്യത്തിന്റെ വളർച്ചയ്ക്കു തടസ്സങ്ങളായി നില്ക്കുന്ന ആധുനികകാലത്തെ പ്രവണതകളാണ് എടുത്തുപറയുന്നത്. നന്മയാഗ്രഹിച്ചുകൊണ്ടു നടപ്പിലാക്കാനുദ്ദേശിച്ചിരുന്ന പല നല്ല പദ്ധതികളുടെയും സംയോജനം നടക്കാതെ തകർക്കപ്പെടുന്ന സ്വപ്നങ്ങളായി മാറിയിരിക്കുന്നു. പലവിധത്തിലുള്ള  മാന്ദ്യത്തിന്റെ അടയാളങ്ങൾ, കേവലാശയങ്ങളുടെ പേരിൽ ചില രാജ്യങ്ങളിൽ രൂപംകൊണ്ടുവരുന്നതും ദേശീയതയുടെ പേരിൽ നഷ്ടപ്പെടുന്നതുമായ സാമൂഹികതയുടെ സാർവത്രികമാനം, ചരിത്രാവബോധത്തിന്റെ നഷ്ടപ്പെടൽ, ആരോഗ്യകരമായ സംവാദങ്ങളില്ലാത്ത രാഷ്ട്രീയജീവിതം, എല്ലാവർക്കുംവേണ്ടിയുള്ള പദ്ധതികളുടെ അഭാവം, വലിച്ചെറിയപ്പെടുന്ന ലോകം, തൃപ്തികരമല്ലാത്ത സാർവത്രിക മനുഷ്യാവകാശങ്ങൾ, പലവിധത്തിലുള്ള അടിമത്തങ്ങൾ, ഭിന്നതകളും ഭയവും, പങ്കുവയ്ക്കലിന്റെ ദിശയിലല്ലാതെയുള്ള ആഗോളവത്കരണവും പുരോഗതിയും, ചരിത്രത്തിലെ പകർച്ചവ്യാധികളും മറ്റു വിപത്തുകളും, അതിർത്തികളിൽ മനുഷ്യന്റെ അന്തസ്സിന്റെ അഭാവം, ആശയവിനിമയത്തിന്റെ മിഥ്യ, ലജ്ജയില്ലാത്ത ആക്രമണം, വിധേയത്വത്തിന്റെയും സ്വയം അവഹേളനത്തിന്റെയും രൂപങ്ങൾ, അപരനെ അവമതിക്കുന്ന വിധത്തിലുള്ള വിപണനതന്ത്രങ്ങൾ തുടങ്ങിയവയാണ് അവയിൽ പ്രധാനപ്പെട്ടവ.

എക്കാലത്തെക്കാളുമധികമായി അപരനിൽനിന്നുള്ള അകലം വളർന്നുകൊണ്ടിരിക്കുന്നു. ജനിക്കാത്തവരെയും പ്രായമായവരെയും ആവശ്യമില്ല എന്നവിധത്തിലുള്ള മനോഭാവം, വർദ്ധിച്ചുവരുന്ന സാമ്പത്തികാസമത്വങ്ങൾ, പുരുഷനോടൊപ്പമുള്ള തുല്യതയും അവകാശങ്ങളും നഷ്ടപ്പെടുന്ന സ്ത്രീസമൂഹങ്ങൾ,  യുദ്ധങ്ങൾ, ഭീകരാക്രമണങ്ങൾ, വംശീയവും മതപരവുമായ പീഡനങ്ങൾ ഇപ്രകാരമുള്ള അതിക്രമങ്ങൾ ഒരു ലോകമഹായുദ്ധത്തിന്റെ ലക്ഷണങ്ങൾ സൃഷ്ടിക്കുന്നു.

മതിലുകൾ നിർമിക്കുന്ന സംസ്കാരത്തിനെതിരേ മുന്നയറിയിപ്പു നല്കുന്ന പാപ്പാ 'മനുഷ്യകുലം ഒരു കുടുംബ'മെന്ന ആശയത്തിനു മങ്ങലേല്ക്കുന്നതിൽ ആശങ്കപ്പെടുന്നു. സമാധാനത്തിനും നീതിക്കും വേണ്ടിയുള്ള പരിശ്രമങ്ങൾ കാലഹരണപ്പെട്ട ഉട്ടോപ്യൻ ആശയമായിക്കണ്ട്, ആഗോളവത്കരിക്കപ്പെട്ട നിസംഗതയിലേക്കു പോകുന്നത് പാപ്പാ ചൂണ്ടികാണിക്കുന്നു. കൊവിഡ് - 19 ലേക്കു തിരിഞ്ഞുകൊണ്ട് പാപ്പാ പറയുന്നു: ഈ പകർച്ചവ്യാധി ഒരുവിധത്തിൽ അപരനോടുള്ള കരുതലിന്റെ ആവശ്യകത കണ്ടെത്തുന്നതിനു പ്രേരിപ്പിക്കുന്നു. എന്നാൽ, എല്ലാറ്റിനും സ്വാതന്ത്ര്യമെന്ന മനോഭാവം പകർച്ചവ്യാധിയെക്കാൾ മാരകമായിരിക്കുമെന്നു മുന്നറിയിപ്പ് നല്കുന്നു. ഏതുവിധത്തിലും കുടിയേറ്റക്കാരെ പ്രവേശിപ്പിക്കുകയില്ല എന്ന മനോഭാവം പാപ്പാ വിമർശിക്കുന്നു. ഒന്നാം അധ്യായത്തിൽ ഇരുണ്ട ഭാഗങ്ങൾ എടുത്തുകാണിച്ചിട്ട് അവസാനം പ്രത്യാശയുടെ വാക്കുകളോടെയാണ് എല്ലാവരെയും പ്രത്യാശയുടെ പുതുക്കലിലേക്ക് ഫ്രാൻസിസ് പാപ്പാ വിളിക്കുന്നത്.



**ആ വഴിയിൽ ഒരപരിചിതൻ (56-86)**

'ആ വഴിയിൽ ഒരപരിചിതൻ' എന്നു പേരിട്ടിരിക്കുന്ന രണ്ടാമത്തെ അധ്യായത്തിൽ (56-86) പാപ്പാ വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ നിന്നുള്ള നല്ല സമരിയാക്കാരന്റെ ഉപമയ്ക്കു വ്യാഖ്യാനം നല്കിക്കൊണ്ട് നല്ല സമറായന്റെ പാതയാണ് ഇരുളടഞ്ഞ ലോകത്തിൽ പ്രകാശം പകരുവാൻ സാധിക്കുന്നതെന്നു പ്രതിപാദിക്കുന്നു. അനാരോഗ്യകരമായ ഒരു സമൂഹമാണ് സഹിക്കുന്നവർക്കുനേരേ പുറം തിരിക്കുന്നതും മുറിവേറ്റവരുടെയും ബലഹീനരുടെയും കാര്യത്തിൽ അജ്ഞരായിരിക്കുന്നതും. നാം ഓരോരുത്തരും നല്ല സമറായനെപ്പോലെ മറ്റുള്ളവർക്ക് അയൽക്കാരാകാൻ വിളിക്കപ്പെട്ടവരാണ്. ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും അതിർവരമ്പുകളും വ്യക്തിതാത്പര്യങ്ങളും മുൻവിധികളും അതിജീവിച്ചും അവഗണിച്ചും നമ്മുടെ വസ്തുക്കളും സമയവും അപരനുവേണ്ടി പങ്കുവയ്ക്കുന്ന അയൽക്കാരായി മാറേണ്ടിയിരിക്കുന്നു. ദൈവാരാധന മാത്രം മതിയെന്നു വിചാരിച്ച് അത് ആവശ്യപ്പെടുന്നവരോട് അകന്നുനില്ക്കുന്നതിനെ പാപ്പ വിമർശിക്കുന്നുണ്ട്. ഉപേക്ഷിക്കപ്പെട്ടവരിലും അവഗണിക്കപ്പെട്ടവരിലും ക്രിസ്തുവിനെ തിരിച്ചറിയുവാൻ സാധിക്കണം എന്ന് പ്രബോധിപ്പിക്കുന്നു.

**തുറവുള്ള ഒരു ലോകം  വിഭാവനചെയ്യുകയും വികസിപ്പിക്കുകയും ചെയ്യുക (87-127)**

'തുറവുള്ള ഒരു ലോകം വിഭാവനചെയ്യുകയും വികസിപ്പിക്കുകയും ചെയ്യുക' എന്ന തലവാചകത്തോടെയുള്ള മൂന്നാം അധ്യായം (87-127) പ്രതിപാദിക്കുന്നത് അപരനിലേക്കു പോകുന്നതിനെക്കുറിച്ചാണ്. രണ്ടാമധ്യായത്തിൽ അവതരിപ്പിക്കപ്പെട്ട നല്ല സമറായൻ ഇന്നത്തെ സാഹചര്യത്തിൽ എപ്രകാരമാണ് അനുവർത്തിതമാകേണ്ടത് എന്ന് മൂന്നാം അധ്യായത്തിൽ വിവരിക്കുന്നു. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് മറ്റുള്ളവർക്ക് ഒരു നിഷ്കളങ്കസമ്മാനമായി ജീവിക്കാനും വളരാനും പൂർണത പ്രാപിക്കാനും കഴിയുന്നവിധമാണ്. അവൻ തന്നെത്തന്നെ പൂർണമായി അറിയുന്നത് അപരനുമായുള്ള കണ്ടുമുട്ടലുകളിലൂടെയാണ്.  ഗബ്രിയേൽ മാർസലിനെ ഉദ്ധരിച്ചുകൊണ്ട് പാപ്പാ പറയുന്നു: ഒരുവൻ തന്നോടു തന്നെ കൂടുതൽ സംവദിക്കുന്നത് (87) അപരനുമായുള്ള സംവാദത്തിലൂടെയാണ്. ആധികാരികവും പക്വതയുള്ളതുമായ സ്നേഹവും യഥാർഥമായ സൗഹൃദവും മറ്റുള്ളവരുമായുള്ള ബന്ധത്തിലൂടെയാണ് രൂപപ്പെട്ടുവരുന്നത് (89). യഥാർഥസ്നേഹത്തിന്റെ വിവിധ തലങ്ങളാണ് ഇവിടെ പ്രതിപാദിക്കുന്നത്. നമ്മുക്കപ്പുറത്തേക്കു കടന്നുചെല്ലുന്ന സ്നേഹത്തിന്റെ അനന്യമായ പ്രാധാന്യം, കൂടുതൽ തുറവുള്ള സ്നേഹം, എല്ലാവരെയും ചേർത്തുനിർത്തുന്ന സമൂഹം, ഇത്തരുണത്തിൽ പാപ്പാ  ഒരു വൈറസ്പോലെ പ്രവർത്തിക്കുന്ന വംശീയത എന്ന വിപത്തിനെതിരേ മുന്നറിയിപ്പു നല്കുന്നുണ്ട് (97). സാർവത്രികതയെക്കുറിച്ചു പറയുമ്പോഴും പാപ്പാ പറയുന്നുണ്ട് താൻ നിർദേശിക്കുന്ന സാർവത്രികത ഏതെങ്കിലും ചെറിയ അധികാരത്തിന്റെ കീഴിൽ കൊണ്ടുവരുന്നതോ അമൂർത്തമായതോ ആയ ഒരു സാർവത്രികതയല്ല പ്രതിപാദിക്കുന്നത് (100). സാർവത്രികത എല്ലാം ഒരേപോലെ ആക്കുന്നതല്ല വ്യത്യസ്തങ്ങളെ വ്യത്യസ്തങ്ങളായിക്കണ്ട് അംഗീകരിച്ചു ചേർത്തുനിർത്തുന്നതാകണം.  സഹകാരികളുടെ ലോകത്തുമാത്രം ഒതുങ്ങിനില്ക്കുന്നതാകരുത്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നിവ ഏതെങ്കിലും ഗ്രൂപ്പുകളിൽ മാത്രം ഒതുങ്ങുന്നതാകരുത്. വരമ്പുകൾ സൃഷ്ടിക്കാതെ എല്ലാവർക്കും അനുഭവിക്കുവാൻ സാധിക്കുന്നതാകണം.  മനുഷ്യാവകാശങ്ങൾ നിശ്ചയിക്കേണ്ടത് ജനിച്ച സ്ഥലമോ സാഹചര്യമോ സമ്പത്തോ ദാരിദ്ര്യമോ ഒന്നും അടിസ്ഥാനപ്പെടുത്തിയാകരുത്. മനുഷ്യാവകാശങ്ങൾക്ക് അതിർത്തികൾ ഉണ്ടാവാൻ പാടില്ല (121-123). സാർവത്രികസാഹോദര്യത്തിന്റെ ആഘോഷം നടത്തണമെങ്കിൽ സാമൂഹിക-സാമ്പത്തികസംവിധാനത്തിന്റെ പേരിൽ ഒരുവൻപോലും ഇരയാക്കപ്പെടുകയോ പുറത്താക്കപ്പെടുകയോ ചെയ്യാതെ എല്ലാവർക്കും അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റപ്പെടുന്ന അവസ്ഥ സംജാതമാകണം. ദൈവം ഭൂമിയെ നല്കിയത് മനുഷ്യകുലംമുഴുവനുംവേണ്ടിയാണ്. അതിനാൽ, എല്ലാ മനുഷ്യർക്കും അത് അവകാശപ്പെട്ടതാണ് എന്ന ബോധ്യത്തോടെ വേണം സ്വകാര്യസ്വത്തവകാശം വിനിയോഗിക്കുവാൻ (118-119).

**ലോകം മുഴുവനിലേക്കും തുറന്ന ഒരു ഹൃദയം (128-153)**

'ലോകം മുഴുവനിലേക്കും തുറന്ന ഒരു ഹൃദയം' എന്ന് പേരിട്ടിരിക്കുന്ന നാലാം അധ്യായം ഫ്രാൻസിസ് പാപ്പാ പ്രത്യേകമായി കുടിയേറ്റക്കാർക്കുവേണ്ടി നീക്കിവെച്ചിരിക്കുകയാണ്. ആശയപരമായി അനാവശ്യമായ കുടിയേറ്റങ്ങൾ ഒഴിവാക്കേണ്ടതുതന്നെയാണ്. എന്നാൽ, ഇത് വിഭാവന ചെയ്യണമെങ്കിൽ ഓരോരുത്തർക്കും താൻ ജനിക്കുന്ന രാജ്യങ്ങളിൽ മാന്യമായ ജീവിതത്തിനും സമഗ്രമായ വളർച്ചയ്ക്കും സാഹചര്യമുണ്ടാകണം. എന്നാൽ, ഇനിയും ആ സ്ഥിതി യാഥാർഥ്യമാകാത്തിടത്തോളം കാലം ഒരുവന് തനിക്കും കുടുംബത്തിനും മാന്യമായ ഒരു ജീവിതം നയിക്കുന്നതിനുള്ള സ്ഥലം തിരഞ്ഞെടുക്കുന്നതിനുള്ള അവകാശത്തെ മാനിക്കുന്നതിനു കടമയുണ്ട് (129). നാലു വാക്കുകളിൽ കുടിയേറ്റക്കാരുടെ വരവിനോടുള്ള പ്രതികരണം ചുരുക്കാം എന്നു പറയുന്നു: സ്വാഗതം, സംരക്ഷണം, പ്രോത്സാഹനം, സംയോജിപ്പിക്കൽ. ഇത് അതിന്റെ പൂർണതയിൽ യാഥാർഥ്യമാകണമെങ്കിൽ വിവേചനത്തെ നിരസിക്കാൻ സഹായിക്കുന്ന പൂർണപൗരത്വം നല്കേണ്ടിയിരിക്കുന്നു. നമ്മളിൽനിന്നു വ്യത്യസ്തമായുള്ളവരെ ഒരു സമ്മാനമായി കാണുവാൻ സാധിക്കണം. കുടിയേറ്റക്കാരും തദ്ദേശീയരും പരസ്പരം സമ്മാനങ്ങളായി കരുതണം, വ്യത്യസ്തമായ സംസ്കാരങ്ങളുടെയും ജീവിതശൈലികളുടെയും കണ്ടുമുട്ടലുകളുടെ വേദികളാക്കി മാറ്റിക്കൊണ്ട് മനുഷ്യകുലത്തിന്റെ സമഗ്രമായ വളർച്ചയ്ക്കുള്ള വേദിയായി മാറ്റപ്പെടണം (133).

*(രണ്ടാംഭാഗം അടുത്തലക്കത്തിൽ)*

# കുടുംബപ്രേഷിതത്വത്തിന്റെ കാവലാൾ

## മറിയം ത്രേസ്യായുടെ വിശുദ്ധപദവിക്ക് ഒക്ടോബർ 13 ന് ഒരു വർഷം

ഡോ. സി. വെള്ളരിങ്ങാട്ട്

സന്ന്യാസത്തിൽ ഒരു നൂതന പാത ത്രേസ്യാ എന്ന യുവസുന്ദരി തുറന്നിരിക്കുന്നു. ധ്യാനാത്മകതയും കുടുംബബന്ധിയായ പരസ്നേഹപ്രവൃത്തികളും സമഞ്ജസമായി സമ്മേളിപ്പിച്ചതാണീ പാത.

2000 ഏപ്രിൽ 7 ന് മറിയം ത്രേസ്യായെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കേ വി. ജോൺപോൾ രണ്ടാമൻ പറഞ്ഞു: വ്യക്തിപരമായ വിശുദ്ധീകരണം വേണമെന്ന് ദൈവസ്നേഹം തന്നോടാവശ്യപ്പെടുന്നതായി മറിയം ത്രേസ്യാ മനസ്സിലാക്കിയിരുന്നു. തന്മൂലം പ്രാർത്ഥനയിലും പ്രായശ്ചിത്തത്തിലും അവൾ മുഴുകി. അപ്പോൾ ആദ്ധ്യാത്മികപരീക്ഷണങ്ങളും തെറ്റിദ്ധരിക്കപ്പെടലും ഉണ്ടായി. എങ്കിലും ക്ഷമയോടും പ്രാർത്ഥനയോടുംകൂടി സ്ഥിരമായിനിന്ന് തന്റെ ദൈവവിളിയുടെ ഉൾപ്പൊരുൾ അവൾ തിരിച്ചറിഞ്ഞു. അത് തിരുക്കുടുംബ സന്ന്യാസസഭയുടെ അടിത്തറപാകി. ധ്യാനാത്മക അരൂപി, സാധുജനപ്രേമം എന്നീ വിശുദ്ധിയുടെ ദ്വിമുഖസവിശേഷതകളിൽനിന്ന് ഈ സഭ പ്രചോദനമുൾക്കൊള്ളുന്നു. ഭവനസന്ദർശനം, നല്ല ഉപദേശം, പ്രാർത്ഥന, പ്രായശ്ചിത്തം, മുതലായവവഴി പാപികളെ ദൈവത്തിങ്കലേക്ക് അടുപ്പിക്കാൻ അവൾ ആവതു ചെയ്തു.

1876 ഏപ്രിൽ 26 ബുധനാഴ്ച ത്രേസ്യാ ജനിച്ചു. ഇപ്പോഴത്തെ ഇരിങ്ങാലക്കുട രൂപത (22-06-1978 ൽ സ്ഥാപിതം) പുത്തൻചിറ ഇടവകയിലെ തോമസ് - താണ്ടാ ദമ്പതികളാണ് മാതാപിതാക്കൾ. അവരുടെ പുണ്യജീവിതം ത്രേസ്യായെ പുണ്യപാതയിലൂടെ നയിച്ചു. സ്വന്തം മാതാവ് മുഖേന ത്രേസ്യാ യേശുവിനെ കൂടുതൽ അറിഞ്ഞു, സ്നേഹിച്ചു. കാരണം, ബൈബിളിലെ കാര്യങ്ങൾ അമ്മ മകളെ പറഞ്ഞു കേൾപ്പിച്ചിരുന്നു.

ത്രേസ്യാ എന്ന പേരു നൽകിയത് ആവിലായിലെ ആ വലിയ പുണ്യവതിയെ അനുസ്മരിച്ചാണ്. 12-ാം വയസ്സിൽ ത്രേസ്യായുടെ അമ്മ മരിച്ചു. അന്നുമുതൽ പരി. കന്യാമറിയത്തെ ത്രേസ്യാ സ്വന്തം മാതാവായി സ്വീകരിച്ചു.

38 വർഷം ത്രേസ്യാ, പല പരീക്ഷണങ്ങൾ - സഹനം, സങ്കടം എല്ലാം - സഹിച്ചു ജീവിച്ചു. പിശാച് ത്രേസ്യായെ പലവിധത്തിൽ പരീക്ഷിക്കുകയും പീഡിപ്പിക്കുകയും ചെയ്തു. എങ്കിലും പതറാതെ എല്ലാം അവൾ നേരിട്ടു. മാതാവിനോടുള്ള സ്നേഹത്തിന്റെ പേരിൽ അവൾ തന്റെ ആദ്ധ്യാത്മികപിതാവിനോടു പറഞ്ഞു, മറിയം എന്ന നാമം ത്രേസ്യായോടു ചേർക്കണമെന്ന്. 1908 ഡിസംബർ 8 ന് അവൾ മറിയം ത്രേസ്യായായി.

**ഭവനസന്ദർശനം**

പുത്തൻചിറ ഗ്രാമത്തിലെ ഭവനങ്ങൾ സന്ദർശിക്കണമെന്ന് മാതാവ് പ്രത്യക്ഷപ്പെട്ട് ത്രേസ്യായോട് ആവശ്യപ്പെട്ടു. അവൾ അതിൻപ്രകാരം പ്രവർത്തിച്ചുപോന്നു. എന്നാൽ, തൃശൂർ ബിഷപ് മാർ മേനാച്ചേരി ത്രേസ്യായെ ഒല്ലൂരിലുള്ള കർമ്മലീത്ത മഠത്തിലാക്കി. പക്ഷേ, കർമ്മലീത്താ ജീവിതരീതിയല്ല തന്റേതെന്നു ത്രേസ്യാ മനസ്സിലാക്കുകയും അത് കുമ്പസാരക്കാരനെ അറിയിക്കുകയും ചെയ്തു.



അതേസമയം ത്രേസ്യായുടെ ഭവനസന്ദർശനങ്ങളുടെ സത്ഫലങ്ങൾ അനുഭവിച്ചറിഞ്ഞ പുത്തൻചിറയിലെ ജനങ്ങൾ പിതാവിനോടപേക്ഷിച്ചു, ത്രേസ്യായെ പുത്തൻചിറയിൽ കൊണ്ടുവരണമെന്ന് ത്രേസ്യായ്ക്ക് അനുകൂലമായി പിതാവ് നിലപാട് എടുത്തു. പിതാവ് ആവശ്യപ്പെട്ടതനുസരിച്ച് ത്രേസ്യായ്ക്കുവേണ്ടി ഫാ. വിതയത്തിൽ ഒരു ഏകാന്തഭവൻ നിർമ്മിച്ചു. പണിക്കു പണം തികയാതെ വന്നപ്പോൾ ത്രേസ്യാ ഭിക്ഷയാചിച്ച് വേണ്ട തുക സമാഹരിച്ചു. പിതാവ് അയച്ച ഫാ. ജോൺ ഊക്കൻ 1913 സെപ്റ്റംബർ 23 ന് ഏകാന്തഭവൻ വെഞ്ചരിച്ചു. തുടർന്ന് 1913 ഒക്ടോബർ 7 ന് ത്രേസ്യാ താമസം ഏകാന്തഭവനത്തിലാക്കി. ചില കൂട്ടുകാരികൾ രാത്രി കൂട്ടിനു വന്നിരുന്നു. താമസിയാതെ ചിലർ ത്രേസ്യായോടു ചേർന്നു താമസം തുടങ്ങി. ഇങ്ങനെ തിരുക്കുടുംബ കോൺഗ്രിഗേഷൻ 1914 മേയ് 14 ന് സ്ഥാപിതമായി.

> സന്ന്യാസിനികൾ ആവൃതികളിൽ ദൈവത്തെ ധ്യാനിച്ചും പ്രാർത്ഥിച്ചും സ്നേഹിച്ചും ഇരുന്നാൽ മാത്രം പോരാ, സഹജരുടെ വേദനകളിൽ പങ്കുപറ്റിയും അവർക്കു സേവനം ചെയ്തും ആദ്ധ്യാത്മികതയിൽ വളരണമെന്ന് മദർ വിശ്വസിച്ചു.

ക്രമേണ അംഗങ്ങൾ സഭയിൽ ചേർന്നുകൊണ്ടിരുന്നു. കുറെക്കാലം കഴിഞ്ഞ് തുമ്പൂർ എന്ന സ്ഥലത്ത് ഒരു മഠവും ചാപ്പലും പണിതുയർത്തി. അവിടെ ആറ് അർത്ഥിനികൾ ഒരു ദിവസം തലമുണ്ടു സ്വീകരിക്കുകയും ചെയ്തു. മദർ മറിയം ത്രേസ്യാ മുട്ടിന്മേൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. കൂടുതലായി വന്ന ജനം തിക്കലുണ്ടാക്കിയതിനാൽ അഴിക്കാലിന്റെ ഒരു ഭാഗം മറിഞ്ഞുവീണ് മദറിന്റെ കാലിൽ മുറിവുണ്ടായി.

മദറിന്റെ മുറിവേറ്റ കാലിൽ നീരു കൂടിവന്നു, കൂടെ നല്ല വേദനയും. അതുകൊണ്ട് മദറിനെ ചാലക്കുടിയിലെ സർക്കാർ ആശുപത്രിയിലാക്കി. പ്രമേഹവും വർദ്ധിച്ചു. എങ്കിലും കാലിൽ ഓപ്പറേഷൻ നടത്തി.

1926 ൽ മദർ മറിയം ത്രേസ്യായെ കുഴിക്കാട്ടുശേരിയിൽ കൊണ്ടുവന്നു. രോഗം വർദ്ധിച്ചുവന്നതിനാൽ രോഗീലേപനം എന്ന കൂദാശ നൽകപ്പെട്ടു. പല മഠങ്ങളിൽനിന്നും സിസ്റ്റേഴ്സ് മദറിനെ കാണാൻ വന്നു. മദർ എല്ലാവരെയും ആശ്വസിപ്പിച്ചു. നിങ്ങൾ എന്തിനു വിഷമിക്കുന്നു? നമ്മുടെ സഭയെ നിങ്ങൾ വളർത്തണം. ആത്മാർത്ഥതയോടും സ്നേഹത്തോടും കൂടി അധികാരികളോടു പെരുമാറണം. പരസ്പരം സ്നേഹിക്കുക, സഹായിക്കുക - ഇതായിരുന്നു മദറിന്റെ അവസാന ഉപദേശം.

മദറിന്റെ ആഗ്രഹപ്രകാരം നിലത്തു പായവിരിച്ച് മദറിനെ അതിൽ കിടത്തി. ഫാ. വിതയത്തിൽ മുട്ടുകുത്തി സുകൃതജപം (ഈശോ മറിയം) ചൊല്ലിക്കൊടുത്തു. രാത്രി എട്ടോടെ സ്ഥലം വികാരി കയ്യാലയ്ക്കകം വന്നു. വേദനയുടെ ആധിക്യം ശാന്തതയോടെ സഹിച്ച്, സ്വയം ദൈവത്തിനു സമർപ്പിച്ച് സുകൃതജപം സാവധാനം ചൊല്ലിക്കൊണ്ട് മദർ മറിയം ത്രേസ്യാ പരലോകം പ്രാപിച്ചു.

ആ രാത്രിതന്നെ പൂന്തോട്ടത്തിലെ ജാസ്മിൻ ചെടികൾ പൂവണിഞ്ഞു. ആ പൂക്കൾകൊണ്ട് ശവമഞ്ചം അലങ്കരിച്ചു, ശിരസ്സിൽ മുടിവയ്ക്കുകയും ചെയ്തു.

1905 ൽ തന്റെ 28-ാം വയസ്സിൽ മറിയം ത്രേസ്യായ്ക്ക് ആദ്യമായി പഞ്ചക്ഷതങ്ങളുണ്ടായി. പിന്നീട് എല്ലാ വെള്ളിയാഴ്ചകളിലും മൂന്നുമണിമുതൽ എട്ടുമണിവരെ ഇതു കാണപ്പെട്ടു.

കുടുംബപ്രേഷിതത്വം എന്ന ആശയം കേരളത്തിൽ ആദ്യമായി അവതരിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തത് മറിയം ത്രേസ്യായാണ്. സന്ന്യാസിനികൾ ആവൃതികളിൽ ദൈവത്തെ ധ്യാനിച്ചും പ്രാർത്ഥിച്ചും സ്നേഹിച്ചും ഇരുന്നാൽ മാത്രം പോരാ, സഹജരുടെ വേദനകളിൽ പങ്കുപറ്റിയും അവർക്കു സേവനം ചെയ്തും ആദ്ധ്യാത്മികതയിൽ വളരണമെന്ന് മദർ വിശ്വസിച്ചു.

ക്രിസ്തുവിനുവേണ്ടി സഹിക്കുക അല്ലെങ്കിൽ മരിക്കുക എന്ന ആവിലായിലെ വിശുദ്ധ ത്രേസ്യായുടെ സൂക്തവും കുരിശിന്റെ വിശുദ്ധ യോഹന്നാന്റെ സഹിക്കുക, എളിമപ്പെടുക എന്ന തത്ത്വവും മറിയം ത്രേസ്യാ സ്വീകരിച്ചിരുന്നു.

2019 ഒക്ടോബർ 13 ന് ഫ്രാൻസീസ് മാർപാപ്പാ മറിയം ത്രേസ്യായെ വിശുദ്ധയായി പ്രഖ്യാപിച്ചു.

■

---

**പുഴയൊഴുകുംവഴി** — **മാത്യൂസ് ആർപ്പൂക്കര**




പൂർണമായും അമേരിക്കൻ ഐക്യനാടുകളിലൂടെ ഒഴുകുന്ന നദിയാണ് മിസിസിപ്പി. അമേരിക്കൻ ഗോത്രവർഗക്കാരുടെ ഭാഷയിൽ മിസിസിപ്പി എന്ന വാക്കിന് മഹാനദി എന്നാണ് പൊരുൾ. ലോകത്തിലെ നീളം കൂടിയ നദികളിൽ നാലാം സ്ഥാനമാണ് മിസിസിപ്പിക്കുള്ളത്. ഒട്ടേറെ പോഷകനദികൾ ഉണ്ട്. മിസൂറി, ഒഹായോ എന്നിവയാണ് പ്രധാനപ്പെട്ട രണ്ടുപോഷകനദികൾ. ഇവയിൽ മിസൂറി നദിക്കു മിസിസിപ്പിയേക്കാൾ നീളമുണ്ടെന്നതാണ് വിചിത്രം. സെന്റ് ലൂയി എന്ന സ്ഥലത്തുവച്ച് മിസൂറി നദി മിസിസിപ്പിയിൽ ലയിക്കുന്നു. മിസിസിപ്പി നദീവ്യവസ്ഥയുടെ ആകെ നീളം 5971 കി.മീറ്റർ. മറ്റൊരു പ്രത്യേകത മിസിസിപ്പി അമേരിക്കയിലെ 51 സംസ്ഥാനങ്ങളിൽ 31 ലും പൂർണമായോ ഭാഗികമായോ വെള്ളമെത്തിക്കുന്ന നേർക്കാഴ്ചയാണ്. അതായത്, വടക്കേ അമേരിക്കൻ ഭൂഖണ്ഡത്തിന്റെ എട്ടിലൊന്നു പ്രദേശത്ത് മിസിസിപ്പി നദീതടം വ്യാപിച്ചുകിടക്കുന്നു.

അമേരിക്കയുടെ ചരിത്രത്തിലും സംസ്കാരത്തിലുമെല്ലാം സ്വാധീനം നേടിയിട്ടുള്ള മിസിസിപ്പി നദി മിനിസോട്ടയിലെ ഇറ്റാസ്ക തടാകത്തിൽ ഉദ്ഭവിച്ച് തെക്കോട്ടൊഴുകി മെക്സിക്കൽ ഉൾക്കടലിൽ പതിക്കുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യംമുതലേ മിസിസിപ്പിയിലൂടെ ലോകത്തിലെതന്നെ ഏറ്റവും തിരക്കേറിയ ജലഗതാഗതമാർഗങ്ങളുണ്ടായിരുന്നു. മിസിസിപ്പിനദിയോട് കുട്ടിക്കാലംമുതൽ കൂട്ടുകൂടി വളർന്ന ലോകപ്രശസ്ത എഴുത്തുകാരനാണ് മാർക്ട്വയിൻ. മിസിസിപ്പിയുടെ ഇതിഹാസകാരൻ എന്നറിയപ്പെടുന്ന അദ്ദേഹത്തിന്റെ 'ദി അഡ്വഞ്ചേഴ്സ് ഓഫ് ടോം സോയർ' തുടങ്ങി ഖ്യാതി നേടിയ പല കൃതികളിലും ഈ നദി കഥാപാത്രമായി മാറുന്നുണ്ട്.

---

**നുറുങ്ങുകഥ** — **ബാബു ആലപ്പുഴ**

## കൊടുമുടി

ക്ലാസ്മുറി-

ടീച്ചർ സാമൂഹ്യപാഠം പഠിപ്പിക്കുകയാണ്.

"ഇന്ന് നമുക്ക് കൊടുമുടികളെപ്പറ്റി പഠിക്കാം...? ലോകത്തിലേക്കുംവച്ച് ഏറ്റവും ഉയരമുള്ള കൊടുമുടി ഏതാണെന്നറിയാമോ നിങ്ങൾക്ക്?"

"അറിയാം സാർ... എവറസ്റ്റ് കൊടുമുടി." ഒരു കുട്ടി എഴുന്നേറ്റുനിന്നു പറഞ്ഞു.

"ശരിയാണ്..."

പെട്ടെന്നാണ് മറ്റൊരു കുട്ടി എഴുന്നേറ്റത്!

"എവറസ്റ്റിനെക്കാൾ ഉയരമുള്ള കൊടുമുടിയുണ്ട് നമ്മുടെ നാട്ടിൽ..."

"എന്ത്? അങ്ങനെ ഒരു കൊടുമുടി ഉണ്ടോ? ഏതാണത്?" ടീച്ചർ ചോദിച്ചു.

കുട്ടിയുടെ മറുപടി: "വേയ്സ്റ്റ് കൊടുമുടി."

# കൊവിഡ് കാലത്ത് ഹൃദയം മറന്നാൽ



ഡോ. ജോർജ് തയ്യിൽ


**ഇ**ന്നും ഭൂമുഖത്ത് ഏറ്റവും കൂടുതൽ ആളുകൾ മരണത്തിനിരയാകുന്നത് കൊവിഡ്-19 രോഗബാധകൊണ്ടല്ല, ഹൃദ്രോഗത്തിന്റെ സങ്കീർണതകൾകൊണ്ടാണെന്നോർക്കണം. ഹൃദ്രോഗംമൂലം പ്രതിവർഷം 17.9 ദശലക്ഷം പേരാണ് മൃത്യുവിനിരയാകുന്നത്. ലോകത്ത് പ്രതിദിനം 6000 പേർ കൊവിഡ്-19 ബാധയെത്തുടർന്ന് മരണമടയുമ്പോൾ, ഹൃദ്രോഗം മൂലം 50,000 പേരാണ് മൃത്യുവിനിരയാകുന്നത്. ഇന്ത്യയിലെ കൊവിഡ് മരണസംഖ്യ പ്രതിദിനം ഏതാണ്ട് 950 ആണ്. എന്നാൽ, ഹൃദ്രോഗാനന്തരം 10959 പേർ മരണമടയുന്നു.

കൊവിഡ്-19 വൈറസ് ബാധയെത്തുടർന്ന് ലോകത്ത് മരിച്ച രോഗികളിൽ സിംഹഭാഗത്തിനും മറ്റനുബന്ധരോഗങ്ങളുണ്ടായിരുന്നുവെന്നാണ് തെളിഞ്ഞത്. മറ്റു രോഗങ്ങളില്ലാത്തവരിൽ കൊവിഡ്-19 ബാധയെത്തുടർന്ന് മരിക്കുവാനുള്ള സാധ്യത രണ്ടു ശതമാനത്തോളമാകുമ്പോൾ ഹൃദ്രോഗം-10.5 ശതമാനം, പ്രമേഹം-7.3 ശതമാനം, ശ്വാസകോശരോഗങ്ങൾ-6.3 ശതമാനം, അർബുദം-5.6 ശതമാനം എന്നിങ്ങനെയാണ്.

വുഹാനിലെ സീഫുഡ് ചന്തയിൽനിന്നു വാങ്ങിയ വവ്വാൽ, ഈനാംപേച്ചി തുടങ്ങിയ ജീവികളുടെ മാംസത്തിൽനിന്ന് മനുഷ്യശരീരത്തിലെത്തി വിചിത്രമായ ജനിതകമാറ്റങ്ങൾ സംഭവിച്ച് ശീഘ്രവ്യാപനശേഷി ആർജ്ജിച്ച് മരണഭീതി പരത്തുന്ന വൈറസ് 2021-22 വരെ നമ്മോടൊപ്പമുണ്ടാകുമെന്ന് അമേരിക്കയിലെ എപ്പിഡെമിയോളജി സൊസൈറ്റിയിലെ വിദഗ്ധർ പ്രസ്താവിക്കുന്നു. നിഗൂഢവും ദുർഗ്രഹവുമായ വൈറസ് വ്യാപനത്തെ പിടിച്ചുകെട്ടാൻ ലോകമെമ്പാടും നൂറിൽപ്പരം വാക്സിനുകൾ പരീക്ഷണനിരീക്ഷണങ്ങൾക്കു വിധേയമാക്കിക്കൊണ്ടിരിക്കുന്നു.

കൊവിഡ്-19 രണ്ടുവിധത്തിലാണ് ഹൃദ്രോഗതീവ്രതയുണ്ടാക്കുന്നത്. ഒന്ന്, നേരത്തേ ഹൃദയസംബന്ധമായ യാതൊരു രോഗവുമില്ലാത്തവരിൽ പുതുതായുണ്ടാക്കുന്ന ഹൃദയാഘാതം. രണ്ടാമത്തേത്, ഹൃദ്രോഗം നിർണ്ണയിച്ചവരിലും അതിനു സാധ്യതയുള്ളവരിലും രോഗാവസ്ഥ മൂർച്ഛിച്ചുണ്ടാകുന്ന ഹൃദയാഘാതം.

വൈറസ് ബാധയെത്തുടർന്ന് വുഹാൻ ആശുപത്രികളിലും ഇറ്റലിയിലെ ആശുപത്രികളിലും മരണമടഞ്ഞവരെ ആധാരമാക്കി നടത്തിയ ബൃഹത്തായ പഠനഫലം ലാൻസെറ്റ് ജേർണലിൽ പ്രസിദ്ധീകരിച്ചു. അക്കൂട്ടരിൽ 59 ശതമാനം പേരും മൃത്യുവിനിരയായത് 'മയോ കാർഡൈറ്റിസ്' എന്ന ഗുരുതരമായ ഹൃദ്രോഗത്തെത്തുടർന്നാണ്. ന്യൂമോണിയ സംബന്ധമായ രോഗലക്ഷണങ്ങളുമായി തീവ്രപരിചരണവിഭാഗത്തിൽ പ്രവേശിക്കപ്പെട്ടവരിൽ നടന്ന വിശദമായ പരിശോധനകൾ ഗുരുതരമായ ഹൃദയപരാജയമുള്ള രോഗികളെയാണ് കണ്ടെത്തിയത്. ഇക്കൂട്ടർക്ക് കൊറോണബാധയ്ക്കുമുമ്പ് യാതൊരു ഹൃദ്രോഗവുമില്ലായിരുന്നു. വൈറസ് ബാധയുണ്ടായപ്പോൾ ന്യൂമോണിയയ്ക്കു പുറമേ ഹൃദയപേശികളുടെ സമൂലമായ സങ്കോചനക്ഷയത്തിനു നിദാനമായ വീക്കമാണുണ്ടായത്. അങ്ങനെ ഹൃദയകോശങ്ങളിലെ ഉപാപചയപ്രവർത്തനങ്ങൾക്കു ഭംഗംവന്ന് ഹൃദയഅറകളുടെ പമ്പിങ് ശേഷി നഷ്ടപ്പെടുന്നു. ഇത് അതിസങ്കീർണമായ ഹൃദയപരാജയത്തിലേക്കു നയിക്കുന്നു. ഇങ്ങനെ സംഭവിക്കുന്നത് ഹാർട്ടറ്റാക്കല്ല എന്നു മനസ്സിലാക്കണം. ഹാർട്ടറ്റാക്കിന് ഹൃദയധമനികളിൽ ബ്ലോക്കുണ്ടാകണം. ഇത്തരം രോഗികളിൽ നടത്തിയ കൊറോണറി ആൻജിയോഗ്രാഫിയിൽ ധമ



നികളിൽ യാതൊരുവിധ ബ്ലോക്കും കണ്ടില്ല. എക്കോകാർഡിയോഗ്രാഫി പരിശോധനയിൽ ഹൃദയഅറകൾ വീർത്തു വികസിച്ചിരുന്നു. ഹൃദയകോശങ്ങളുടെ അപചയംമൂലം രക്തത്തിൽ കുമിഞ്ഞുകൂടുന്ന 'ട്രോപോണിൻ' എന്ന സൂചകത്തിന്റെ തോത് വർദ്ധിച്ചുകണ്ടു. കൃത്യസമയത്ത് ആശുപത്രിയിൽ എത്തിയവരിൽ മയോകാർഡൈറ്റിസിന്റെ സങ്കീർണ്ണതകൾ യഥാസമയത്ത് ചികിത്സിച്ചതിനാൽ രോഗതീവ്രത കുറഞ്ഞു. എന്നാൽ, ചിലർ മരണത്തിനു കീഴടങ്ങി. മയോകാർഡൈറ്റിസ് കൂടാതെ 'കാർഡിയോജെനിക് ഷോക്ക്', താളംതെറ്റിയ ഹൃദയമിടിപ്പ് (ഏട്രിയൽ ഫിബ്രിലേഷൻ, വെൻട്രിക്കുലർ റ്റാഹിക്കാർഡിയ), കാർഡിയോ മയോപ്പതി തുടങ്ങിയ ഗുരുതരാവസ്ഥകളും കൊവിഡ്-19 ന്റെ സങ്കീർണ്ണതകളായുണ്ടായി.

മേലുദ്ധരിച്ച രോഗാവസ്ഥകളെല്ലാം നേരത്തേ ഹൃദ്രോഗമില്ലാത്തവരിൽ ഉണ്ടായതാണ്. എന്നാൽ, ഹൃദ്രോഗമുണ്ടെന്നു നിർണയം ചെയ്യപ്പെട്ടവരിലും ഹൃദ്രോഗസാധ്യതയുള്ളവരിലും കൊവിഡ്-19 ന്റെ ആക്രമണം പുതുതായി ഹാർട്ടറ്റാക്ക് ഉണ്ടാകുന്നതിനു കാരണമായി. അതിനു രണ്ടു കാരണങ്ങളാണ് ഉള്ളത്. ഒന്ന്, ഹൃദയധമനികളിൽ ഗുരുതരമായ ജരിതാവസ്ഥയുള്ളവരിൽ കൊഴുപ്പുനിക്ഷേപം (പ്ലാക്ക്) ഉറപ്പില്ലാതെയായി. തന്മൂലം പ്ലാക്ക് വിണ്ടുകീറി അവിടെ രക്തക്കട്ടയുണ്ടായി ഹൃദയാഘാതത്തിനു കാരണമായി. രണ്ട്, വൈറസ് ബാധയോടനുബന്ധിച്ച് ഉണ്ടായ പനിയും ശ്വാസതടസ്സവും ശരീരത്തെ പൊതുവായി ബാധിച്ച വീക്കവുംമൂലം രക്തത്തിലുണ്ടായ പ്രാണവായുവിന്റെ അപര്യാപ്തതയെ പരിഹരിക്കുവാനായി ഹൃദയത്തിന്റെ പ്രവർത്തനം ത്വരിതഗതിയിലായി. ഈ അമിതഭാരം ഹൃദയത്തിന് ആഘാതമുണ്ടാക്കി. ഈയവസരത്തിൽ ഹൃദയകോശങ്ങൾ ചത്തൊടുങ്ങി ട്രോപോണിൻ രക്തത്തിൽ വർദ്ധിച്ചു. ഹാർട്ടറ്റാക്ക് ഉണ്ടായ ഈ രണ്ട് അവസ്ഥകളിലും വൈറസിന്റെ പ്രത്യാഘാതവും കൂടിയായപ്പോൾ രോഗികൾ കൂടുതലായി മരിച്ചു. പുതുതായി ഹൃദയാഘാതം ഉണ്ടായ എട്ടു ശതമാനംപേരിൽ മാരകമായ ഹൃദയസ്പന്ദന വൈകല്യങ്ങൾ പ്രകടമായി. പൊതുവേ പറഞ്ഞാൽ, ഹാർട്ടറ്റാക്കുണ്ടായ കൊവിഡ് രോഗികളിൽ മരണനിരക്ക് 10-12 ശതമാനമായി വർദ്ധിച്ചു.

കൊവിഡ്-19 വൈറസിനെ നിർവീര്യമാക്കാൻ പ്രാപ്തമായ ഒരു മരുന്ന് കണ്ടുപിടിച്ചിട്ടില്ലെന്നോർക്കണം. ലോകമാസകലം ശീഘ്രഗതിയിൽ നൂറിൽപ്പരം വാക്സിനുകളുടെ നിർമ്മാണയജ്ഞമാണു നടക്കുന്നത്. ഹൈഡ്രോക്സിക്ലോറോക്യൂൻ-ആസിത്രോമൈസിൻ സംയുക്തം, പാരസെറ്റാമോൾ, വിറ്റമിൻ സി, വിറ്റാമിൻ ഡി, സ്റ്റിറോയ്ഡ്, രക്തം നേർപ്പിക്കുന്ന മരുന്നുകൾ എല്ലാം പരീക്ഷിച്ചുകൊണ്ടിരിക്കുന്നു. ഏറ്റവും രസകരമായ കാര്യം, കൊവിഡ്-19 ബാധിച്ചവരിൽ 80 ശതമാനം പേരിലും കാര്യമായ യാതൊരു രോഗലക്ഷണങ്ങളുമുണ്ടാകുന്നില്ല എന്നതാണ്. അതുകൊണ്ടു തന്നെ ഇക്കൂട്ടർ ചികിത്സയൊന്നുമെടുക്കാതെ ചിട്ടയായ ജീവിതശൈലിയിലൂടെ മുന്നോട്ടുപോകുന്നു. 15 ശതമാനം പേരിൽ മിതമായ രോഗലക്ഷണങ്ങൾ കാണപ്പെടുന്നു. ഇക്കൂട്ടരെ ആശുപത്രിയിൽ പ്രവേശിപ്പിച്ച് ചികിത്സിക്കാം. ശേഷിച്ച അഞ്ചു ശതമാനം പേർക്കാണ് കലശലായ രോഗലക്ഷണങ്ങൾ ഉണ്ടാകുന്നത്. ന്യൂമോണിയയും ശ്വാസതടസ്സവും മറ്റനുബന്ധരോഗാവസ്ഥകളും വഷളാകുന്ന ഇക്കൂട്ടരെ തീവ്രപരിചരണവിഭാഗത്തിൽ ചികിത്സിക്കണം.

ഹൃദ്രോഗമുള്ളവർക്കും ഇല്ലാത്തവർക്കും കൊവിഡ്-19 ബാധിക്കാനുള്ള സാധ്യത ഒരുപോലെയാണെങ്കിലും, വന്നുപെട്ടാൽ സങ്കീർണ്ണതകൾ ഏറെയുണ്ടാകാനുള്ള സാധ്യത ഹൃദ്രോഗികൾക്കു കൂടുതലായതുകൊണ്ട് അവർ അനുവർത്തിക്കേണ്ട ചില മുൻകരുതലുകളുണ്ട്.

- ഹൃദ്രോഗത്തിന് ഡോക്ടർ നിർദ്ദേശിച്ച മരുന്നുകൾ യാതൊരു മുടക്കവുംകൂടാതെ സേവിക്കുക. ചിലപ്പോൾ അതേപേരുള്ള മരുന്നുകൾ കിട്ടിയില്ലെങ്കിലും ഉള്ളടക്കം കൃത്യമായാൽ മതി. പ്രത്യേകിച്ച് ഹാർട്ടറ്റാക്ക്-ആൻജിയോപ്ലാസ്റ്റി-ബൈപ്പാസ് സർജറി തുടങ്ങിയവ കഴിഞ്ഞവർ. സ്റ്റെന്റുകളും ഗ്രാഫ്റ്റുകളും അടയാതിരിക്കാനും രോഗതീവ്രത കുറയ്ക്കാനും രക്തം നേർപ്പിക്കുന്ന മരുന്നുകൾ കൃത്യമായി കഴിക്കണം.

കൂടാതെ സ്റ്റാറ്റിൻ മരുന്നുകൾ, ബീറ്റാ ബ്ലോക്കർ, ഹൃദയപരാജയത്തിനുള്ള ഔഷധങ്ങൾ എല്ലാം മുടങ്ങാതെ കഴിക്കുക.

- നെഞ്ചുവേദനയോ ശ്വാസംമുട്ടലോ മറ്റ് അസ്വാസ്ഥ്യങ്ങളോ ഉണ്ടായാൽ തീർച്ചയായും ചികിത്സകനെ കാണുക. പരിശോധനകൾ നടത്തി മരുന്നുകൾ വേണ്ടരീതിയിൽ വ്യതിയാനപ്പെടുത്തുക.
- കൃത്യമായ വ്യായാമമുറകളിലേർപ്പെടുക. നടത്തംതന്നെ ഏറ്റവും എളുപ്പവും മെച്ചവും. 30-45 മിനിട്ട് കൃത്യമായി ദിവസവും നടക്കുക.
- ഭക്ഷണത്തിനു പിശുക്കു വേണ്ട. ചൂടുള്ള സമീകൃതാഹാരം കഴിക്കുക. ധാരാളം ചൂടുവെള്ളം കുടിക്കുക. ശരീരഭാരം കൂടരുത്.
- ആവശ്യത്തിന് ഉറക്കം വേണം. ദിവസം 7-8 മണിക്കൂർ ഉറങ്ങണം. വായുസഞ്ചാരമുള്ള തുറസ്സായ മുറിയിൽ ഉറങ്ങുന്നതു നന്ന്.
- 'സ്റ്റീം ഇൻഹലേഷൻ' ദിവസവും പല പ്രാവശ്യം എടുക്കുക. പ്രത്യേകിച്ച് പുറത്തുപോയി വീട്ടിൽ വന്നാൽ ഉടൻ. ഇത് നാസാരന്ധ്രങ്ങളിലെ വൈറസിനെ നിർവീര്യമാക്കാൻ പര്യാപ്തമാകും.
- കുളിയും മറ്റും ചൂടുവെള്ളത്തിൽ മാത്രം. ഉപ്പുള്ള ചൂടുവെള്ളമോ മറ്റൗഷധങ്ങൾ ചേർത്ത ചൂടുവെള്ളമോ കവിളിലും തൊണ്ടയിലും നിർത്തി പല പ്രാവശ്യം 'ഗാർഗിൾ' ചെയ്യുക.
- മദ്യപാനവും പുകവലിയും കർശനമായി ഒഴിവാക്കുക.
- പ്രമേഹവും പ്രഷറും ഉള്ളവർ അവ നിയന്ത്രണവിധേയമാക്കുക.
- അമിതമായ ഭയവും പരിഭ്രാന്തിയും വെടിയുക. എല്ലാ രോഗങ്ങളെയുംപോലെ ഈ വൈറസ് വ്യാപനവും പിടിയിലാകും. അതുകൊണ്ട് അനാവശ്യമായി നൈരാശ്യത്തിലേക്കും വിഷാദരോഗത്തിലേക്കും കൂപ്പുകുത്തരുത്. അതും നിങ്ങളുടെ ശരീരത്തിന്റെ പ്രതിരോധശക്തിയെ താറുമാറാക്കും. ഇപ്പോൾ വേണ്ടത് തികഞ്ഞ ആത്മവിശ്വാസമുള്ള ഒരു മനസ്സും കെല്പുള്ള ഒരു ശരീരവുമാണ്. അതുകൊണ്ട് മനസ്സ് എപ്പോഴും ശാന്തമാകണം. നല്ലതു കേൾക്കുകയും പറയുകയും വേണം. നല്ല പുസ്തകങ്ങൾ വായിക്കുക, ഗാനങ്ങൾ കേൾക്കുക, നല്ല സിനിമകൾ കാണുക. അങ്ങനെ ഒരു പോസിറ്റീവ് മനസ്സിന്റെ ഉടസ്ഥരാകുക. സ്വാസ്ഥ്യമുള്ള ശരീരത്തിൽ രോഗങ്ങൾക്ക് സ്ഥാനമില്ല.

*(ലേഖകൻ എറണാകുളം ലൂർദ് ആശുപത്രിയിലെ ഹൃദ്രോഗവിദഗ്ധനാണ്.)*

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന്
പ്രാർത്ഥനാനിർഭരമായ ആശംസകൾ

12 TO 12
TWELVE TO TWELVE
RESTAURANT
BARBEQUE

അക്ഷരനഗരിയുടെ
നാവും മനസ്സും വയറും നിറച്ച
12 to 12 BBQ

12 TO 12 BBQ & GRILLS
RESTAURANT
BABY COMPLEX, NEW BYPASS ROAD, NEAR MARIAN MEDICAL CENTRE
ARUNAPURAM - 686574
FOR BOOKING / PARCEL - PH: 7902512121

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരപൂർവ്വം...



മണിമല ട്രേഡിംഗ് കമ്പനി
രാമപുരം, പാലാ, മരങ്ങാട്ടുപിള്ളി
Ph: 04822 - 260554 (Off) 263554
Mob: 9946479187, 9846476565

Vizag, Bharathi, Minar, Metcon, ISI, TMT കമ്പികൾ, ഡാൽമിയ, രാംകോ, ശങ്കർ, അൾട്രാ ടെക്, ചെട്ടിനാട്, മഹാരാഷ്ട്ര, പെന്ന, സിമന്റുകൾ, വിശാഖ A.C. ഷീറ്റുകൾ, G.I. ഷീറ്റുകൾ, മണൽ, മെറ്റൽ, പാറമണൽ, വാർക്ക കട്ടിള, ജനലുകൾ, ചുടുകട്ടകൾ, സിമന്റുകൾ, A.C. പൈപ്പുകൾ, സിമന്റുകട്ടകൾ മുതലായവ ഓർഡറനുസരിച്ച് മിതമായ നിരക്കിൽ ഉത്തരവാദിത്വത്തോടെ സൈറ്റിൽ എത്തിച്ചുകൊടുക്കുന്നു.

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ...
നാലു പതിറ്റാണ്ട് കാലത്തെ വിശ്വസ്ത സേവനപാരമ്പര്യം!

Foam Sety, Cushions, Divan Coat, Bed, Pillow, Curtain Work, Vinyl Flooring, Roller-Vertical-Vinitial-Zebra, P.V.C., Blinds, Wood, Synthetic-Decorative Photo Framing, Photo Lamination, Ready made curtains etc...
Branded Curtain, Blinds & Photo Frame

ജോൺസൺ ഫർണീഷിംഗ്
ആലനോലി ബിൽഡിംഗ്സ്, രാമപുരം
Mob: 9447803477
Prop: സോബി ആലനോലിക്കൽ

കർട്ടൻ, സെറ്റികൾ, കുഷ്യനുകൾ എന്നിവ വീടുകളിൽവന്ന് അളവ് എടുത്ത് തയ്ച്ച് ഫിറ്റ് ചെയ്തുകൊടുക്കുന്നു

വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ!



വാണിയപ്പുര ദന്താശുപത്രി
പള്ളിക്കവല, രാമപുരം, (കോട്ടയം ജില്ലാ ബാങ്കിനു മുകളിൽ) Ph: (Clinic): 04822-261477, Mob: 9496882477, Res:260477
Dr. Bobby Maveli B.D.S, M.D.S. (Orthodontist), ഡോ. ജസ്വിൻ ബേബി M.D.S. (Endodontist)
ഡോ. മനോജ് മാനുവൽ B.D.S. (Dental Surgeon), ഡോ. ലിൻഡ മനോജ് B.D.S. (Dental Surgeon), ഡോ. ലിയ ആൻ ജോസ് B.D.S. (Dental Surgeon)



ടേസ്റ്റിറ്റ്
മൈക്രോഫിൽറ്റർ ചെയ്ത
ശുദ്ധമായ നാടൻ വെളിച്ചെണ്ണ
ISO 9001-2008
Certified Company
കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം
KTS PRODUCTS
www.tastitcoconutoil.com
E-mail: kunneloilmils@yahoo.com
Customer Care No: 04822262835

Deepanalam Weekly

RNI No : 16998/68
Vol. 53 No. 23 Date of Publication 8 October 2020
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2018-2020
License No.KL/CR/KTM/WPP-04/2018-2020
Licensed to post without pre-payment



# രാമപുരം ഫൊറോനാപ്പള്ളിയിൽ
# വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാൾ



## 2020 ഒക്ടോബർ 16 വെള്ളിയാഴ്ച

**2020 ഒക്ടോബർ 7 ബുധൻ**

9.00 a.m. വി. കുർബാന, സന്ദേശം, ലദീഞ്ഞ്
വെരി റവ. ഫാ. അഗസ്റ്റിൻ അരഞ്ഞാണിപുത്തൻപുര

4.00 p.m. വി. കുർബാന, സന്ദേശം, ലദീഞ്ഞ്
രാമപുരം ഇടവകാംഗങ്ങളായ ബഹു. വൈദികർ

**2020 ഒക്ടോബർ 8 വ്യാഴം**

9.00 a.m. വി. കുർബാന, സന്ദേശം, ലദീഞ്ഞ്
മോൺ. ജോസഫ് മലേപ്പറമ്പിൽ

4.00 p.m. വി. കുർബാന, സന്ദേശം, ലദീഞ്ഞ്
വെരി റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ

**2020 ഒക്ടോബർ 9 വെള്ളി**

9.00 a.m. വി. കുർബാന, സന്ദേശം, ലദീഞ്ഞ്
റവ. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ

4.00 p.m. വി. കുർബാന, സന്ദേശം, ലദീഞ്ഞ്
വെരി റവ. ഫാ. മാത്യു തയ്യിൽ സി.എം.ഐ.

**2020 ഒക്ടോബർ 10 ശനി**

9.00 a.m. വി. കുർബാന (സുറിയാനി)
സന്ദേശം, നൊവേന, ലദീഞ്ഞ്
റവ. ഫാ. ഫ്രാൻസീസ് ഇടത്തിനാൽ

4.00 p.m. വി. കുർബാന, സന്ദേശം, ലദീഞ്ഞ്
മോൺ. ജോസഫ് തടത്തിൽ

**2020 ഒക്ടോബർ 11 ഞായർ**

8.00 a.m. വി. കുർബാന, സന്ദേശം, ലദീഞ്ഞ്
വെരി റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ

4.00 p.m. വി. കുർബാന, സന്ദേശം, ലദീഞ്ഞ്
വെരി റവ. ഡോ. ജോസഫ് മുത്തനാട്ട്

**2020 ഒക്ടോബർ 12 തിങ്കൾ**

9.00 a.m. വി. കുർബാന, സന്ദേശം, ലദീഞ്ഞ്
മോൺ. അബ്രാഹം കൊല്ലിത്താനത്തുമലയിൽ

4.00 p.m. കൊടിയേറ്റ്
വെരി റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ
വി. കുർബാന, സന്ദേശം, ലദീഞ്ഞ്
റവ. ഡോ. ജോസഫ് കുഴിഞ്ഞാലിൽ

**2020 ഒക്ടോബർ 13 ചൊവ്വ**

9.00 a.m. വി. കുർബാന, സന്ദേശം, ലദീഞ്ഞ്
റവ. ഡോ. അഗസ്റ്റിൻ കൂട്ടിയാനിയിൽ

4.00 p.m. വി. കുർബാന, സന്ദേശം, ലദീഞ്ഞ്
(രാമപുരം ഫൊറോനയിലെ ബഹു. വൈദികർ)

**2020 ഒക്ടോബർ 14 ബുധൻ**

9.00 a.m. വി. കുർബാന, സന്ദേശം, ലദീഞ്ഞ്
വെരി റവ. ഫാ. ജോസ് വള്ളോംപുരയിടം

4.00 p.m. വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ രൂപപ്രതിഷ്ഠ
വി. കുർബാന, സന്ദേശം, ലദീഞ്ഞ്
(പാലാ രൂപതയിലെ നവവൈദികർ)

**2020 ഒക്ടോബർ 15 വ്യാഴം**

9.00 a.m. വി. കുർബാന, സന്ദേശം, ലദീഞ്ഞ്
മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്

4.00 pm വി. കുർബാന, സന്ദേശം, ലദീഞ്ഞ്
മാർ ജേക്കബ് മുരിക്കൻ (സഹായമെത്രാൻ, പാലാ രൂപത)

**2020 ഒക്ടോബർ 16 വെള്ളി**

5.15 a.m. വി. കുർബാന, സന്ദേശം
റവ. ഫാ. ജോർജ് പറമ്പിത്തടത്തിൽ

6.30 a.m. വി. കുർബാന, സന്ദേശം
വെരി റവ. ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ

8.00 a.m. വി. കുർബാന, സന്ദേശം
റവ. ഡോ. ജോർജ് ഞാറക്കുന്നേൽ

10.00 a.m. റാസകുർബാന
മാർ ജോസഫ് കല്ലറങ്ങാട്ട് (മെത്രാൻ, പാലാ രൂപത)

02.00 p.m. ഡിസിഎംഎസ് സ്വീകരണം

02.30 pm വി. കുർബാന
റവ. ഫാ. ജോസഫ് വടക്കേക്കൂറ്റ്

03.30 pm വി. കുർബാന
റവ. ഫാ. ജോസഫ് ആലഞ്ചേരിൽ

04.30 pm വി. കുർബാന
റവ. ഫാ. മാണി കൊഴുപ്പൻകുറ്റി

07.30 pm കലാസന്ധ്യ

### പ്രത്യേക അറിയിപ്പുകൾ

1. സംസ്ഥാനസർക്കാരിന്റെയും രൂപതാധികാരികളുടെയും നിയമങ്ങൾ അനുസരിച്ചായിരിക്കും തിരുനാൾ നടത്തുന്നത്. തിരുക്കർമ്മങ്ങൾ രാമപുരം പള്ളിയുടെ യുട്യൂബ് ചാനലിൽ ലൈവായി സംപ്രേഷണം ചെയ്യുന്നതാണ്. (15,16 തീയതികളിലെ തിരുക്കർമ്മങ്ങൾ പാലാ രൂപത യുട്യൂബ് ചാനലിലും ലഭ്യമാണ്.)
2. ഒക്ടോബർ 14-ാം തീയതി വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുസ്വരൂപപ്രതിഷ്ഠ വിശ്വാസികൾക്കു നിർദ്ദേശിച്ചിട്ടുള്ള അകലം പാലിച്ചുകൊണ്ട് ഓരോരുത്തരായി വന്ന് പ്രാർത്ഥിച്ചുപോകണം.
3. പ്രസുദേന്തിമാരായി ചേരുന്നതിനും നൊവേന, കുർബാന സമർപ്പിക്കുന്നതിനും സൗകര്യമുണ്ടായിരിക്കുന്നതാണ്. നേർച്ച സാധനങ്ങൾ കൈക്കാരന്മാരുടെ ഓഫീസിൽ ഏല്പിക്കുക.
4. വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ മാദ്ധ്യസ്ഥ്യംവഴി അനുഗ്രഹങ്ങൾ ലഭിച്ചിട്ടുള്ളവർ വിവരം വിശദമായി എഴുതി ഓഫീസിൽ അറിയിക്കുക.
5. വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ ചിത്രത്തോടുകൂടിയ 2021 ലെ കലണ്ടർ ഓഫിസിൽനിന്നു വാങ്ങാവുന്നതാണ്.

**പള്ളിക്കാര്യത്തിൽനിന്ന് :** റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ (വികാരി), റവ. ഡോ. സെബാസ്റ്റ്യൻ നടുത്തടം (വൈസ് പോസ്റ്റുലേറ്റർ), റവ. ഫാ. ഫ്രാൻസീസ് ഇടത്തിനാൽ, റവ. ഫാ. മാണി കൊഴുപ്പൻകുറ്റി (അസി. വികാരിമാർ), റവ. ഫാ. ജോസഫ് ആലഞ്ചേരി (വൈസ് പ്രിൻസിപ്പൽ-മാർ ആഗസ്തീനോസ് കോളജ്) റവ. ഫാ. ജോർജ് പറമ്പിത്തടത്തിൽ (വാർഡൻ സെന്റ് പോൾസ് ഹോസ്റ്റൽ)

തിരുനാളിനൊരുക്കമായുള്ള തിരുക്കർമ്മങ്ങൾ ഒക്ടോബർ 7-ാം തീയതി ബുധനാഴ്ച ആരംഭിക്കുന്നു. എല്ലാ ദിവസവും രാവിലെ 9 നും ഉച്ചകഴിഞ്ഞ് 4 നും വി. കുർബാന, സന്ദേശം, നൊവേന.


# MAR AUGUSTHINOSE COLLEGE RAMAPURAM

RAMAPURAM BAZAR P.O. Kottayam Dist. - 686576 Ph: 04822 261440, 8281257911

*Estd: 1995 : Affiliated to M.G. University, Kottayam*




## programmes

1. BBA (2 Batches)
2. BCA (2 Batches)
3. B.Sc. Electronics
4. B.Sc. Biotechnology
5. B.Com Model-I (Co-operation 2 Batches)
6. B.Com Model -I (Finance & Taxation)
7. B.A. English Literature & Communication Studies (Model - III, Double Main)
8. M.Sc Computer Science
9. M.Sc Electronics
10. M.Sc. Biotechnology
11. MSW (Medical & Psychiatry&Community Development)
12. MHRM
13. M.Com Finance
14. M.A. English

80 University Ranks in 25 years | 317 Campus placements in 2020

Separate Hostel facilities for Men & Women

website: www.mac.edu.in Email: principalmacrpm@gmail.com


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.com